KERALA PRESS ACADEMY

കേരള പ്രസ് അക്കാദമി

# ദളിത് ജീവിതം മാധ്യമങ്ങളിൽ

**പി. കെ. വേലായുധൻ**




www.malankaralibrary.com

www.malankaralibrary.com

# ദളിത് ജീവിതം മാധ്യമങ്ങളിൽ

പി.കെ. വേലായുധൻ

കേരള പ്രസ് അക്കാദമി

www.malankaralibrary.com

Malayalam Title:

**Dalit Jeevitham Madhyamangalil**

**By P.K.Velayudhan**

© Kerala Press Academy. Some rights reserved.

The e-book edition of this work is licensed by Kerala Press Academy under CC BY 4.0. The work is to be attributed to P.K.Velayudhan

No part of this publication may be reproduced or transmitted, on paper or any non-electronic form, without the prior written permission of the copyright-owner.

P.K.Velayudhan asserts the moral right to be identified as the author of this work.

Published by
**Kerala Press Academy**
Kakkanadu, Kochi-30

Cover Design:Saji Clarion

Published in July 2014

E-book edition not for sale.

www.malankaralibrary.com

## എന്തുകൊണ്ട് ഈ പുസ്തകം?

കേരള പ്രസ് അക്കാദമി ഏർപ്പെടുത്തിയ മാധ്യമ സ്കോളർഷിപ്പിനായി ഈ വിഷയം തെരഞ്ഞെടുത്തപ്പോൾ പലരും എന്നോട് ചോദിച്ച ചോദ്യമാണിത്. മറുപടിയായി ഞാൻ അവർക്ക് ഈ പുസ്തകം വച്ചു നീട്ടുന്നു. മുൻവിധികളില്ലാതെ വായിച്ചാൽ ഈ പുസ്തകത്തിന്റെ സാംഗത്യം തീർച്ചയായും പിടികിട്ടും; ആർക്കും.

മാധ്യമ പഠന സ്ഥാപനങ്ങളിലെവിടെയും പട്ടിക വിഭാഗ വിദ്യാർത്ഥികൾ പഠന കാര്യങ്ങളിൽ പിന്നോക്കം പോകുന്നില്ലെന്നിരിക്കെ, മാധ്യമ സ്ഥാപനങ്ങളിൽ അവർക്ക് അയിത്തം കൽപ്പിക്കപ്പെടുന്നു എന്ന സത്യം ഞാൻ പറഞ്ഞപ്പോൾ പലരും അതിനെ നഖശിഖാന്തം എതിർക്കുകയായിരുന്നുവെന്ന് ആവർത്തിക്കുന്നതിൽ എനിക്ക് അശേഷം ഖേദമില്ല. മാധ്യമ സ്ഥാപനങ്ങളിലെ ട്രെയിനി ജേർണലിസ്റ്റുകളായി പട്ടിക വിഭാഗ ഉദ്യോഗാർത്ഥികൾക്ക് പ്രവേശനം ലഭിക്കാത്തത് എന്തുകൊണ്ടെന്ന ചോദ്യത്തിന് ഉത്തരമില്ലാതിരുന്നിട്ടും എന്റെ അഭിപ്രായത്തോട് രോഷത്തോടെയുംഅസഹിഷ്ണുതയോടെയും പ്രതികരിക്കുന്നവ രോട് എനിക്ക് കൂടുതലൊന്നും പറയാനില്ല. അവരെക്കൂടി ഉദ്ദേശിച്ചിട്ടാണ് മുമ്പു പറഞ്ഞത്, മുൻവിധികളില്ലാതെ ഈ പുസ്തകം വായിക്കാൻ സന്മനസ്സു കാട്ടണമെന്ന്.

കേരള പ്രസ് അക്കാദമി ജേർണലിസം ബിരുദാനന്തര ബിരുദ ഡിപ്ലോമ കോഴ്സിലേക്ക് നടത്തിയ അഭിരുചി പരീക്ഷയിൽ ആദ്യത്തെ അഞ്ച് റാങ്കുകളിൽ ഒരാളായാണ് എനിക്ക് പ്രവേശനം കിട്ടിയത്. റാങ്ക് ലിസ്റ്റിൽ അഞ്ചാമനായിരുന്നെങ്കിലും പട്ടികജാതി സംവരണത്തിന്റെ പരിവേഷത്തിലായിരുന്നു എന്റെ പഠന കാലം മുഴുവൻ.

പ്രസ് അക്കാദമിയിലെ അധ്യാപകരിൽ ആരുംതന്നെ എന്നെ

www.malankaralibrary.com

ഓർക്കുമായിരിക്കില്ല. കാരണം, ശ്രദ്ധേയനാവാതിരിക്കാൻ വേണ്ട അനവധി യോഗ്യതകൾ ജന്മനാ എനിക്ക് കിട്ടിയിട്ടുണ്ടായിരുന്നു. ഒരധ്യാപകന്റേയും കണ്ണിലുണ്ണിയാവാതിരുന്നിട്ടും എന്റെ എഴുത്തിൽ പ്രത്യേകത കണ്ടുപിടിച്ചു; അന്നത്തെ കോഴ്സ് ഡയറക്ടർ എൻ. എൻ. സത്യവ്രതൻ സാർ. കിട്ടുന്ന അവസരങ്ങളിലൊക്കെ എന്റെ എഴുത്ത് നല്ലതാണെന്ന് മാത്രം പറഞ്ഞ് (എനിക്ക് അത് ഏറെ സന്തോഷകരമായിരുന്നു.) അദ്ദേഹം എന്നെ പ്രോത്സാഹിപ്പിച്ചു.

മംഗളം ദിനപത്രത്തിലാണ് ഞാൻ ഇന്റേൺഷിപ്പ് ചെയ്തത്. നാലഞ്ച് മാസത്തോളം ഒരു പൈസയും പ്രതിഫലമില്ലാതെ മംഗളത്തിനുവേണ്ടി വാർത്തകൾ ശേഖരിച്ചു. ദരിദ്ര കുടുംബത്തിലെ വിഷമതകൾ സത്യൻസാർ അറിഞ്ഞപ്പോഴാണ് 2001ൽ സത്യൻസാറിന്റെ ശുപാർശയോടെ എസ്. എൻ. ഡി. പി. യോഗം മുഖപത്രമായ യോഗനാദം വാരികയിൽ എനിക്ക് ജോലികിട്ടിയത്. 2004 വരെ അവിടെ കൂടി. വി. ആർ. വിജയറാം സാർ സ്നേഹപൂർവ്വം ധാരാളം അവസരങ്ങൾ തന്നു. പരിമിതമായ വേതനം ഒന്നു മെച്ചപ്പെടുത്താൻ പല അപേക്ഷകൾ നൽകി. മറ്റു മാധ്യമ സ്ഥാപനങ്ങളിൽ നിരന്തരം ശ്രമിച്ചുനോക്കി. നിരാശയായിരുന്നു ഫലം.

2004ൽ ഹിന്ദു ദിനപത്രത്തിൽ വന്ന 'ഡൽഹി പ്രസ് പബ്ലിക്കേഷനിൽ ഒഴിവുകൾ' എന്ന പരസ്യം കണ്ട് അപേക്ഷ അയച്ചു. മലയാള പത്രങ്ങളുടെ വിവേചന സ്വഭാവം കാണിക്കാത്തതുകൊണ്ടാവാം ഡൽഹി പ്രസ് ഗ്രൂപ്പിന്റെ ഗൃഹശോഭ, ചംപക് മലയാളം വിഭാഗത്തിൽ എനിക്ക് നിയമനം കിട്ടി.

അപ്പോഴും ദിനപത്രങ്ങളിൽ ഒരവസരത്തിനുവേണ്ടിയുള്ള എന്റെ ശ്രമങ്ങൾ അവസാനിച്ചിട്ടില്ലായിരുന്നു. 2010ൽ, ഞാൻ ജേർണലിസം ഡിപ്ലോമ നേടി 10 വർഷം കഴിഞ്ഞ്, മെട്രോ വാർത്ത ദിനപത്രത്തിൽ എനിക്കൊരവസരം കിട്ടി. നിർഭാഗ്യവശാൽ 10 വർഷത്തെ മാഗസിൻ എക്സ്പീരിയൻസിന് യാതൊരു ഗുണവുമുണ്ടായില്ല. അന്ന് 36 വയസ്സുള്ള ഞാൻ മെട്രോ വാർത്തയിൽ ട്രെയിനിയായി 25 വയസിൽ താഴെയുള്ളവരുടെ ജൂനിയറായി ജോലിതുടങ്ങി. പത്രത്തിലെ ജോലി എന്നെ സംബന്ധിച്ചിടത്തോളം പുതിയ ജോലിതന്നെയായിരുന്നു. കാര്യങ്ങൾ പഠിച്ചെടുക്കാൻ ധാരാളം സമയമെടുത്തു.

www.malankaralibrary.com

പത്രമോഫീസുകളിലെ സബ്എഡിറ്റർമാർക്ക് അവർ ഭാവിക്കുന്ന അത്രയും കൊമ്പിന്റെ ആവശ്യമില്ലെന്ന് ഞാൻ തിരിച്ചറിഞ്ഞു തുടങ്ങിയപ്പോഴേക്കും എനിക്ക് കേരള സർക്കാർ പബ്ലിക് റിലേഷൻസ് വകുപ്പിൽ നിയമനാജ്ഞ ലഭിച്ചു.

പതിനൊന്നു വർഷത്തെ എന്റെ മാധ്യമാനുഭവങ്ങൾ തന്നെയാണ് ഈ പുസ്തകത്തിന്റെ പ്രേരണ. മാധ്യമ ജോലി സ്വപ്നം കണ്ടിട്ടും അതു ലഭിക്കാതെ പോയ എന്റെ മുൻഗാമികൾക്കും ഇക്കാര്യങ്ങൾ പറയാൻ തോന്നിയിട്ടുണ്ടായിരിക്കണം.

കുറഞ്ഞ പക്ഷം, പത്രപ്രവർത്തനം പഠിക്കാനെത്തുന്ന പട്ടിക വിഭാഗ വിദ്യാർത്ഥികൾക്കെങ്കിലും, പട്ടിക വിഭാഗങ്ങളെ സംബന്ധിച്ച വർത്തമാനങ്ങൾ ഒഴിവാക്കാതിരിക്കാനും വെള്ളം ചേർക്കാതിരിക്കാനും ഈ പുസ്തകം പ്രേരണയാകുമെന്നാണ് എന്റെ വിശ്വാസം; ആഗ്രഹവും. ഈ പുസ്തകത്തിന്റെ രചനക്കുവേണ്ട മാർഗനിർദേശങ്ങൾ നൽകിയ എന്റെ ഗുരുതുല്യനായ ശ്രീ. വി. ആർ. വിജയറാം സാറിനോടുള്ള എന്റെ ആദരവും നന്ദിയും ഇവിടെ പ്രകാശിപ്പിക്കുന്നു.

**പി. കെ. വേലായുധൻ**

www.malankaralibrary.com



**പി. കെ. വേലായുധൻ**

1973 – ൽ ജനനം.  തൃക്കാക്കര ഭാരതമാതാ, എറണാകുളം മഹാരാജാസ്, കേരള പ്രസ് അക്കാദമി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ഭാഷാ പോഷിണി സാഹിത്യ പുരസ്കാരം, ക്ഷേത്രപ്രവേശന വിളംബര സ്മാരക പുരസ്കാരം, അംബേദ്കർ നാഷണൽ ഫെലോഷിപ് എന്നിവ ലഭിച്ചിട്ടുണ്ട്. ഇപ്പോൾ കേരളസർക്കാർ പബ്ലിക് റിലേഷൻസ് വകുപ്പിൽ ജോലിചെയ്യുന്നു.

www.malankaralibrary.com

## ഉള്ളടക്കം


- പത്രപ്രവർത്തനരംഗത്ത് ദളിതരുണ്ടോ? 11
- കാന്താര ചന്ദ്രികയുടെ സൗഭാഗ്യം 18
- ആദിവാസി മേഖലകളും വികസന മാതൃകകളും 25
- സർക്കാർ നിയമനങ്ങളും സംവരണ പ്രശ്നങ്ങളും 31
- സംവരണം; ഭരണഘടനാ വ്യവസ്ഥകൾ 34
- സംവരണ വിരുദ്ധ വിചാരങ്ങൾ 38
- കേരളത്തിലെ ദളിത് വിഭാഗക്കാർ ജീവിതവും സംസ്കാരവും 41
- വർക്കല കൊലപാതകവും ഡി. എച്ച്. ആർ. എമ്മും 45
- ജാതി സെൻസസിനെ പേടിക്കുന്നതെന്തിന്? 49
- കെ.ജി. ബാലകൃഷ്ണനും കെ. ലക്ഷ്മണയും 53
- പട്ടികവിഭാഗ വിരുദ്ധ പ്രസ്താവങ്ങൾ 58
- രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ട് 61
- ദളിത് പ്രസിദ്ധീകരണങ്ങൾ 63
- ദൃശ്യ-ശ്രവ്യ മാധ്യമങ്ങളും ദളിത് സമൂഹവും 72
- ആദിവാസിക്കഥ പറയാൻ ആദിവാസി കഥാകാരൻ 79
- സാമൂഹികാവസ്ഥ 82
- സർക്കാർ ആനുകൂല്യങ്ങൾ 86
- സംഗ്രഹം 91
- സഹായക ഗ്രന്ഥങ്ങൾ 93


www.malankaralibrary.com

www.malankaralibrary.com

# പ്രസാധകക്കുറിപ്പ്

കേരള പ്രസ് അക്കാദമി സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ നടപ്പാക്കിയ ഗവേഷണ പദ്ധതിയുടെ ഫലമാണ് ഈ പ്രബന്ധം. 2008-09 വർഷത്തെ സംസ്ഥാന ബജറ്റിലാണ് സർക്കാർ ഗവേഷണ പദ്ധതിക്ക് തുക വകയിരുത്തിയത്. പത്രപ്രവർത്തകരിൽ നിന്ന് അപേക്ഷ സ്വീകരിക്കാനും അർഹരായവരെ തിരഞ്ഞെടുക്കാനും സമർപ്പിച്ച പഠനനിഗമനങ്ങൾ കുറ്റമറ്റതാക്കാനും സമയമെടുത്തു. 2012 ഡിസംബറിൽ പഠനം പൂർത്തിയാക്കി പ്രബന്ധം സമർപ്പിച്ചതാണ് ശ്രീ.പി.കെ.വേലായുധൻ. 2013 ജനുവരിയിൽ ക്ഷണിക്കപ്പെട്ട സദസ്സിന് മുമ്പാകെ അവതരിപ്പിച്ച് അംഗീകാരം നേടി. ''ദളിത് ജീവിതം മാധ്യമങ്ങളിൽ'' എന്നതാണ് ശ്രീ.പി.കെ.വേലായുധന്റെ പഠനവിഷയം.

ഭരണഘടനാപരമായ സംവരണം അനുവദിക്കപ്പെട്ട മേഖലകളിൽത ന്നെ നിയമാനുസൃതമായ പ്രാതിനിധ്യം ദലിതർക്കോ പിന്നോക്ക ക്കാർക്കോ ലഭിച്ചിട്ടില്ല ഇതുവരെ. ജനസംഖ്യയുടെ പാതിയിലേറെ വ രുന്ന വനിതകൾക്ക് അതിന് ആനുപാതികമായ പ്രാതിനിധ്യം ലഭിച്ചി ട്ടില്ലെന്നിരിക്കെ അത്തരം നിർബന്ധങ്ങളില്ലാത്ത മാധ്യമം പോലുള്ള മേഖലകളിൽ എങ്ങനെയാണ് നീതി ലഭിക്കുക ? പ്രയാസമാണ്. ലോ കമെങ്ങും ഏറിയും കുറഞ്ഞും ഈ പ്രശ്നമുണ്ട്. അമേരിക്കയിൽ കറു ത്ത വിഭാഗക്കാർക്ക് ഇന്നും ന്യൂസ് റൂമുകളിൽ അർഹമായ പ്രാതി നിധ്യം ലഭിച്ചിട്ടില്ല. അവിടെയാകട്ടെ അതിനുള്ള ശ്രമങ്ങൾ മാധ്യമ ഉ ടമസ്ഥരും പൊതുസ്ഥാപനങ്ങളും എഡിറ്റർമാരുടെ സംഘടനകളും നടത്തിവരുന്നുണ്ട്. എന്നിട്ടും പൂർണവിജയം കണ്ടിട്ടില്ല.

www.malankaralibrary.com

ഏറെ കടമ്പകൾ കടന്നേ നമ്മുടെ നാട്ടിൽ ഈ നില മാറ്റിയെടുക്കാനാവൂ. തലമുറകളായി അധികാരം കയ്യാളിയ ജാതിമേധാവിത്വശക്തികൾ ദലിതരെ ബോധപൂർവം മാധ്യമങ്ങളിൽ നിന്ന് അകറ്റി നിർത്തുന്നുണ്ടാവാം. വിദ്യാഭ്യാസപരവും തൊഴിൽപരവുമായ മറ്റനേകം കാരണങ്ങളുമുണ്ടാകാം. എന്തായാലും ശ്രീ വേലായുധൻ ആദ്യമായി കേരളത്തിലെ ഈ പ്രശ്നത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്നിരിക്കുന്നു. പ്രശ്നപരിഹാരത്തിലേക്ക് നയിക്കുന്നതിനുള്ള ബോധവൽക്കരണത്തിൽ ചെറുതല്ലാത്ത സംഭാവന നൽകാൻ ഈ സംരംഭത്തിന് സാധ്യമാവുമെന്ന് ഉറപ്പാണ്.

അക്കാദമിയുടെ ഇ ബുക്ക് പ്രസാധന സംരംഭത്തിലെ ആദ്യപുസ്തകങ്ങളിലൊന്നാണ് ഇത്. ഈ പുസ്തകം ഉയർത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടാലും മാധ്യമചരിത്രത്തിലെ സുപ്രധാനഘട്ടത്തെ അടയാളപ്പെടുത്തുന്ന ഒരു രേഖ എന്ന നിലയിൽ ഈ കൃതിക്ക് ശാശ്വതമായ മൂല്യമുണ്ട്. വായനക്കാരുടെ പരിഗണനയ്ക്കും വിചിന്തനത്തിനും ഞാൻ ഇത് സമർപ്പിക്കുന്നു.

**എൻ.പി.രാജേന്ദ്രൻ**
ചെയർമാൻ, കേരള പ്രസ് അക്കാദമി

കൊച്ചി
15 ഏപ്രിൽ 2014

www.malankaralibrary.com

# പത്രപ്രവർത്തനരംഗത്ത് ദളിതരുണ്ടോ?

പരിഷ്കൃത തൊഴിൽ മേഖലകൾ ഏതെടുത്താലും അവിടെയെല്ലാം ദളിത് വിഭാഗക്കാരുടെ എണ്ണം ആനുപാതികമായി കുറവാണ് എന്ന കാര്യം എല്ലാവർക്കുമറിയാം. ഭരണഘടനാനുസൃതമായി സംവരണ ചട്ടങ്ങൾ പാലിക്കുന്ന സർക്കാർ സ്ഥാപനങ്ങളിലെ തൊഴിൽ നിയമന ങ്ങളിൽ പോലും ദളിത് വിഭാഗക്കാർക്ക് മതിയായ പ്രാതിനിധ്യം ഇനിയും കിട്ടുന്നില്ല. അവസരങ്ങൾ ലഭിക്കപ്പെടാത്തതിന്റെ കാരണ മായി ഇത്രയും നാൾ ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നത് യോഗ്യതയുടെ അഭാവമായിരുന്നു. ചില പ്രത്യേക തസ്തികകളുടെ കാര്യം വരുമ്പോൾ വേണ്ടത്ര വിദ്യാഭ്യാസമില്ല, വിദ്യാഭ്യാസമുള്ളവർക്കാണെങ്കിൽ കാര്യ പ്രാപ്തിയില്ല എന്നൊക്കെയാണ് നിയമനാധികാരികളുടെ നിലപാട്. ഈയവസ്ഥയിൽ സർക്കാർ നിയമനങ്ങളിൽ നിന്ന് വളരെ ദൂരെയാ ണ് പട്ടികജാതി-വർഗ ദളിത് ഉദ്യോഗാർത്ഥികളുടെ സ്ഥാനം.

ഈ ആക്ഷേപങ്ങളെല്ലാം കേട്ട് ഉദ്യോഗതലത്തിലെത്തിയാലും ഒടു ങ്ങുന്നില്ല വർണ്ണവെറിയുടെ പെരുങ്കളിയാട്ടം. ആത്മനൊമ്പരങ്ങൾ അട ക്കിപ്പിടിച്ച് ഉദ്യോഗകാലം പൂർത്തിയാക്കിയ ദളിത് വിഭാഗ ഉദ്യോഗ സ്ഥരിൽ പലരും സവർണരായ സഹപ്രവർത്തകരിൽ നിന്ന് നേരിട്ട വംശീയാധിക്ഷേപങ്ങളുടെ കഥകൾ പിന്നീട് പറഞ്ഞിട്ടുണ്ട്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടോടെ വിദ്യാഭ്യാസത്തിലും സാമൂഹ്യ ജീവിതത്തിലും ഏതാണ്ട് എല്ലാ ദളിത് വിഭാഗക്കാർക്കും അവസരസ മത്വം കൈവന്നിരിക്കുന്നു. സയൻസും ടെക്നോളജിയും മുന്നോക്ക ക്കാർ പഠിക്കുന്നതുപോലെ ഇവർക്കും പഠിക്കാനാവുന്നു. ഒരു വീട്ടിൽ

www.malankaralibrary.com

ഒരു ബിരുദാനന്തര ബിരുദധാരിയെങ്കിലുമുള്ള അവസ്ഥയിലേക്ക് ദളിത് വിഭാഗങ്ങളിൽ വിദ്യാഭ്യാസവിപ്ലവം സംഭവിച്ചിരിക്കുന്നു. കൃത്യനിർവ ഹണത്തിൽ സവർണരോടൊപ്പം, പലപ്പോഴും അവരേക്കാൾ കാര്യ ക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്ന തരത്തിൽ അവർ പ്രഗത്ഭരായി രിക്കുന്നു. പല സാഹചര്യങ്ങളിലും സവർണരായ സഹപ്രവർത്തരെ നിഷ്പ്രഭരാക്കുന്ന കാര്യശേഷി പ്രകടമാക്കാൻ ഇവർക്കു സാധിക്കു ന്നുണ്ട്. മൂന്നാർ ഓപ്പറേഷനിലൂടെ മുൻ മുഖ്യമന്ത്രി വി.എസ്. അച്യു താനന്ദനു വിശ്വസ്തനായിത്തീർന്ന സുരേഷ്കുമാർ ഐ.എ.എസ്. തന്നെ മികച്ച ഒരുദാഹരണം.

പ്രവർത്തിക്കാൻ അവസരം ലഭിക്കുമ്പോഴല്ലേ ഏതൊരാൾക്കും അയാളുടെ പ്രതിഭ പ്രകടമാക്കാനാവൂ. ജന്മത്തിന്റെയും നിറത്തിന്റെയും പേരിൽ ആളുകളെ അകറ്റി നിർത്താതിരിക്കാൻ നിയമങ്ങൾ ധാരാളമുണ്ട്. പക്ഷേ, ജന്മഭാഗ്യങ്ങളൊന്നുമില്ലാത്തവരെ അതുള്ളവർ എന്തിനും ആക്ഷേപിക്കുന്നതാണ് ഇന്നും കാണുന്നത്.

ഉന്നതസമൂഹത്തിലെ കുട്ടികൾക്കു കിട്ടുന്ന മികച്ച വിദ്യാഭ്യാസവും സാമൂഹ്യജീവിതവുമല്ല ദളിത് വിഭാഗത്തിൽ നിന്നുള്ള കുട്ടികൾക്ക് ലഭി ക്കുന്നത്. സാധാരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് സാധാ രണ വിദ്യാഭ്യാസം നേടി ഉന്നത ജോലികൾക്ക് ശ്രമിക്കുമ്പോഴാണ് തങ്ങൾ എത്ര വിദ്യാഭ്യാസം നേടിയാലും ദളിതർ തന്നെ എന്ന കാര്യം ദളിതരെ വീണ്ടും വേട്ടയാടാൻ തുടങ്ങുന്നത്. അവസരസമത്വം നിഷേ ധിക്കപ്പെട്ട ഒരു സമൂഹത്തിലേക്കാണ് തന്റെ സ്വത്വത്തെ രക്ഷിച്ചെടു ക്കാനുള്ള അവരുടെ പടപ്പുറപ്പാട്. നല്ല വസ്ത്രവും നല്ല ഭക്ഷണവും നാളിതേവരെ കിട്ടിയിട്ടില്ലാത്തവർ അതിനുവേണ്ടി പോരാടാൻ തുട ങ്ങുമ്പോൾ കണ്ടുനിൽക്കുന്നവർക്ക് അവജ്ഞയാണ്. ഇത് സൃഷ്ടിക്കുന്ന അധമബോധത്തോടു പോരാടിയാണ് ഓരോ ദളിത് യുവാവും യുവ തിയും നല്ലൊരു ജീവിതം ആഗ്രഹിച്ചുകൊണ്ടേയിരിക്കുന്നത്.

ജനനത്തിന്റേതായ അധമബോധം ദളിതുകളുടെ മനസ്സിൽ രൂഢമൂ ലമാക്കുന്നത് ഉന്നതകുലജാതരായ മറ്റുള്ളവരാണ്. അധമബോധത്തിൽ നിന്ന് ആത്മബോധത്തിലേക്ക് കൈപിടിച്ചു കയറ്റാൻ അവർക്ക് ഒരേ യൊരു കൈത്താങ്ങേയുള്ളൂ; ഇന്ത്യയുടെ ഭരണഘടന.

അവസരസമത്വവും വ്യക്തിസ്വാതന്ത്ര്യവും ഇന്ത്യയിലെ ദളിതർക്കു നൽകിയത് ദളിതനായ ഭരണഘടനാശില്പിയല്ലാതെ മറ്റാരുമല്ല.

www.malankaralibrary.com

"ജന്മം കൊണ്ടല്ല, ജീവിതം കൊണ്ടാണ് സവർണ്ണനാവേണ്ടതെ"ന്ന് ഇന്ത്യയിലെ ജാതിക്കോമരങ്ങളോട് വെല്ലുവിളിച്ച അംബേദ്ക്കർ ഓരോ അണുവിലും മനുഷ്യനായി ജീവിക്കാനുള്ള അവകാശത്തിനു വേണ്ടിയാണ് ജീവിച്ചത്.

ഇന്ത്യൻ ഭരണഘടന എഴുതിയുണ്ടാക്കിയ വേളയിൽ ജാതി അടിസ്ഥാനത്തിലുള്ള പ്രത്യേകമായ പരിരക്ഷകൾക്കെതിരേ പലരും നിലയുറപ്പിച്ചു. അവർണന് അധികാരം നൽകിയ ഭരണഘടനാ ചട്ടങ്ങൾക്കു നേരേ പലരും നെറ്റിചുളിച്ചു. എല്ലാ എതിർപ്പുകളെയും അലിയിച്ചു കളഞ്ഞുകൊണ്ട് അടിസ്ഥാന ജനതയ്ക്ക് അവസരസമത്വം ഉറപ്പാക്കുന്ന തരത്തിൽ ഇന്ത്യയുടെ ഭരണഘടന യാഥാർത്ഥ്യമാക്കി, മഹാനായ അംബേദ്ക്കർ.

ഇങ്ങനെ ഭരണഘടനാനുസൃതമായി അവസരങ്ങൾ വീതംവയ്ക്കുമ്പോൾ പോലും ദളിതർക്ക് അവസരങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഇപ്പോഴുമുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിപ്പോവുകയും ആ സ്ഥാനത്ത് സ്വകാര്യ സംരംഭങ്ങൾ വളരുകയും ചെയ്യുന്നതോടെ ദളിത്സമൂഹം പ്രതിസന്ധിയിലാവുകയാണ്. ഉദ്യോഗനിയമനങ്ങളിൽ സംവരണം പാലിക്കണമെന്ന ഭരണഘടനാ വ്യവസ്ഥ സ്വകാര്യ സംരംഭകരുടെ കാര്യത്തിൽ പ്രസക്തമല്ലാതാവുന്നു. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഫാക്ടറികൾ, മറ്റു സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലൊന്നും ദളിത് വിഭാഗ ഉദ്യോഗസ്ഥർ ഇല്ലാത്തത് അവർക്ക് അവിടെ തൊഴിൽ നിഷേധിക്കുന്നതുകൊണ്ടുമാത്രമാണ്.

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കാര്യമെടുക്കാം. കേരളത്തിൽ എത്രയോ എയ്ഡഡ് സ്കൂളുകളുണ്ട്. സർക്കാർ സ്കൂളുകൾ വിരലിലെണ്ണാവുന്നത്രയായി ചുരുങ്ങിയതോടെ, സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്വകാര്യ എയ്ഡഡ് സ്കൂളുകൾ ഇരട്ടിയായി. ഓരോ സ്കൂളിലും അമ്പതിനു മുകളിൽ അദ്ധ്യാപക- അനദ്ധ്യാപക തസ്തികകൾ നിലവിലുണ്ട്. അവിടെ എവിടെയെങ്കിലും ദളിത് അദ്ധ്യാപകരുണ്ടോ?

1957 സെപ്തംബർ 2-ാം തിയതി കേരള നിയമസഭ പാസാക്കിയ വിദ്യാഭ്യാസ ബില്ലിലെ 8(3) ഉപവകുപ്പും 9 മുതൽ 13 വരെയുള്ള വകുപ്പുകളും ഭരണഘടനാനുസൃതമാണെന്ന് ചീഫ് ജസ്റ്റിസ് എസ്. ആർ. ദാസ് അധ്യക്ഷനായ ഭരണഘടനാ ബഞ്ച് കണ്ടെത്തിയിരുന്നു.

www.malankaralibrary.com

എന്നിട്ടും പ്രസ്തുത വകുപ്പുകൾ നടപ്പിലാക്കാൻ അന്നത്തെ മന്ത്രിസഭ തയ്യാറായില്ല. 1960 - ൽ അധികാരത്തിൽ വന്ന പട്ടം താണുപിള്ള ഗവൺമെന്റ് വിദ്യാഭ്യാസ ബില്ലിലെ 11-ാം വകുപ്പ് ഒരു ഓർഡിനൻസ് വഴി (നമ്പർ 2/1960) സസ്പെൻഡു ചെയ്തുകൊണ്ട് അധ്യാപക-അനധ്യാപക നിയമനങ്ങൾ നടത്താനുള്ള അധികാരം മാനേജ്മെന്റിന് നൽകി. 11-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് യാതൊരു കാരണവും നീതീകരണവുമില്ലെന്ന് കേരളാ ഹൈക്കോടതി റിട്ട് അപ്പീലിൽ (WA 278/95) അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്.

എയ്ഡഡ് സ്ക്കൂളുകളിലെ 1,070,47 അധ്യാപകരിൽ 298 പേർ മാത്രമാണ് പട്ടിക ജാതിക്കാർ. പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ 58. എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന 524 ഹയർ സെക്കൻഡറി സ്ക്കൂളുകളിലും 124 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിലും ജോലി നോക്കുന്ന പതിനായിരത്തിലേറെ അധ്യാപകരിൽ ദളിത് വിഭാഗക്കാരുടെ പ്രാതിനിധ്യം ശൂന്യമാണെന്നതാണ് സത്യം.

നിലവിൽ വിദ്യാഭ്യാസത്തിൽ ബിരുദം (ബി.എഡ്.) നേടിയ ദളിത് യുവാക്കൾ അദ്ധ്യാപകരാവാൻ കഴിയാതെ ലാസ്റ്റ് ഗ്രേഡ് സർവന്റും എൽ.ഡി. ക്ലർക്കുമായി ജീവിതം തള്ളിനീക്കുകയാണ്. സ്വകാര്യ സ്കൂളുകളിൽ ഓരോ ദളിത് അദ്ധ്യാപകനെ നിയമിച്ചാൽ പോലും ബി.എഡ്. ബിരുദധാരികളിൽ പലർക്കും അദ്ധ്യാപക ജോലി ചെയ്യാം. പക്ഷേ, കേരളത്തിൽ സ്കൂൾ മാനേജുമെന്റുകൾ അതിനു തയ്യാറല്ല.

ഇതിനേക്കാൾ ദയനീയമായ സാഹചര്യമാണ് മാധ്യമ രംഗത്തുള്ളത്. കേരളത്തിൽ പത്രപ്രവർത്തനം പഠിപ്പിക്കുന്ന എത്രയോ സ്ഥാപനങ്ങളുണ്ട്! സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന കേരള പ്രസ് അക്കാദമിയിൽ ജേർണലിസം കോഴ്സിൽ പത്തുശതമാനം സീറ്റുകൾ പട്ടികജാതി-വർഗ വിഭാഗത്തിനായി സംവരണം ചെയ്യപ്പെട്ടവയാണ്. അതായത്, കേരള പ്രസ് അക്കാദമിയിൽ നിന്നുമാത്രം, ഒരു വർഷം അഞ്ചു ദളിത് വിഭാഗക്കാർ പത്രപ്രവർത്തനം പഠിച്ചിറങ്ങുന്നു. 'ഇവരൊക്കെ എവിടെപ്പോയി' എന്നു മൂക്കത്തു വിരൽ വച്ച് ചോദിക്കും വിധത്തിലാണ് പത്രങ്ങളിലെ ദളിത് പ്രാതിനിധ്യത്തിന്റെ അവസ്ഥ. പാൽപ്പൊടിയുടെ പരസ്യത്തിൽ പറയുന്നതുപോലെ പൊടി പോലുമില്ല കണ്ടുപിടിക്കാൻ, ദളിത് പത്രപ്രവർത്തകരെ!

www.malankaralibrary.com

കൊച്ചിയിൽ 17 മലയാള ദിനപത്രങ്ങളുണ്ട്. ഓരോന്നിലും ഒരാൾ എന്ന കണക്കിന് ദളിത് വിഭാഗക്കാർക്ക് തൊഴിൽ ലഭിച്ചാൽ കൊച്ചിയിൽ മാത്രം 17 ദളിത് ജേർണലിസ്റ്റുകളുണ്ടായേനെ!

അക്കാഡമിക് യോഗ്യതകളും മതിയായ പ്രതിഭയുമുണ്ടായിട്ടും പത്രസ്ഥാപനങ്ങളുടെ ഏഴയലത്തേക്ക് അടുക്കാൻ ദളിതരായ പത്രപ്രവർത്തകർക്ക് സാധിക്കുന്നില്ല. മലയാളത്തിലെ മുഖ്യധാരാ പത്രങ്ങളിലൊന്നും ദളിത് ജേർണലിസ്റ്റുകൾക്കുവേണ്ടി വാതിൽ തുറക്കപ്പെടുന്നില്ല. തികഞ്ഞ വർണവിവേചനം മാധ്യമരംഗത്തുണ്ട് എന്നല്ലാതെ മറ്റെന്താണ് ഇതിൽ നിന്നെല്ലാം മനസ്സിലാക്കേണ്ടത്?

## മലയാള ദിനപത്രങ്ങളും ദളിത് ജേർണലിസ്റ്റുകളും (കൊച്ചിയിൽ)

| | *പത്രങ്ങളുടെ പേര്* | *ആകെ* | *ദളിത്* |
|---|---|---|---|
| 1 | മലയാള മനോരമ | 40 | – |
| 2. | മാതൃഭൂമി | 30 | – |
| 3. | ദേശാഭിമാനി | 20 | – |
| 4. | മാധ്യമം | 25 | – |
| 5. | മംഗളം | 20 | – |
| 6. | വർത്തമാനം | 10 | – |
| 7. | തേജസ് | 10 | – |
| 8. | ജന്മഭൂമി | 15 | – |
| 9. | സായാഹ്നകൈരളി | 05 | – |
| 10. | ദീപിക | 15 | – |
| 11. | മെട്രോ വാർത്ത | 25 | 1 |
| 12. | കേരള കൗമുദി | 15 | – |
| 13. | വീക്ഷണം | 15 | – |
| 14. | ന്യൂഏജ് | 15 | – |
| 15 | ചന്ദ്രിക | 15 | – |
| 16. | സിറാജ് | 10 | – |
| 17. | ജനയുഗം | 10 | 1 |

ദി ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ് ദി ടൈംസ് ഓഫ് ഇന്ത്യ, ഡക്കാൻ ക്രോണിക്കിൾ എന്നീ ഇംഗ്ലീഷ് പത്രങ്ങളും ഇവിടെ നിന്നും പ്രസിദ്ധീകരിക്കുന്നുണ്ട്.


www.malankaralibrary.com



കെന്നത്ത് ജെ. കൂപ്പർ



കൻഷിറാം



ബി. എൻ. ഉണ്യാൽ

കൊച്ചിയിൽ മൊത്തം ഇരുപതോളം ദിനപത്രങ്ങളിലായിമുന്നൂറോളം പത്രപ്രവർത്തകരുള്ളപ്പോൾ ജനയുഗത്തിലും മെട്രൊ വാർത്തയിലും മാത്രമാണ് പേരിന് ഓരോ ദളിത് പ്രാതിനിധ്യമുള്ളത്.(2011 ഡിസംബറിലെ കണക്ക്)

'ദി വാഷിംഗ്ടൺ പോസ്റ്റ്' എന്ന അമേരിക്കൻ ദിനപത്രത്തിന്റെ ഡൽഹി ബ്യൂറോ ചീഫ് ആയിരുന്ന കെന്നത്ത് ജെ. കൂപ്പർ ആണ് ഇന്ത്യയിൽ എത്ര ദളിത് ജേർണലിസ്റ്റുകളുണ്ട് എന്ന ചോദ്യം ആദ്യമായി ഉന്നയിച്ചത്. ബി.എസ്.പി. നേതാവ് കൻഷിറാമിന്റെ അനുയായികളും ഡൽഹിയിലെ മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ ചില തർക്കങ്ങൾക്കും പിന്നീട് മാധ്യമപ്രവർത്തകരൊന്നടങ്കം കൻഷിറാമിനെതിരെ വാർത്തകൾ സൃഷ്ടിച്ച് ആഘോഷിച്ചതിനും സാക്ഷിയായിരുന്നു ഈ ആഫ്രോ -അമേരിക്കൻ പത്രപ്രവർത്തകൻ.

സവർണ മാധ്യമ ലോബി കൻഷിറാമിനെതിരേ ഒറ്റക്കെട്ടായി നിന്നത് കെന്നത്ത് കൂപ്പറിനെ അമ്പരപ്പിച്ചു എന്നുമാത്രമല്ല, മാധ്യമരംഗത്തെ ദളിത് അസാന്നിദ്ധ്യമാണ് ഈ അന്യായത്തിന് ശക്തി നൽകിയത് എന്ന് ചിന്തിപ്പിക്കുകയും ചെയ്തു. 'ദി വാഷിംഗ്ടൺ പോസ്റ്റ്'ൽ ഇങ്ങനെയാണ് അദ്ദേഹം എഴുതിയത്. "400 ഭാഷകളിലായി നാലായിരത്തിൽപരം പത്രങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്ന ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിൽ ജനസംഖ്യയു ടെ എഴുപതു ശതമാനത്തോളം വരുന്ന അധഃസ്ഥിത ജനങ്ങളുടെ ശബ്ദം പ്രതിനിധീകരിക്കുന്നില്ല".

കൻഷിറാമിനുവേണ്ടി സംസാരിക്കാൻ മാധ്യമമില്ലാതെ പോയത് എന്തുകൊണ്ട് എന്ന ചോദ്യമാണ്, ഇന്ത്യയിൽ എത്ര ദളിത് ജേർണലിസ്റ്റുകളുണ്ട് എന്ന ചോദ്യത്തിലേക്കും അദ്ദേഹത്തെ നയിച്ചത്. ഈ ചോദ്യ

www.malankaralibrary.com

ത്തിനോട് പ്രതികരിക്കാൻ ഇന്ത്യയിൽ ഒരേയൊരു പത്രപ്രവർത്തകനേ ഉണ്ടായിരുന്നുള്ളൂ; 'ദി പയനിയർ' എന്ന പത്രത്തിലെ 'ബി.എൻ. ഉണ്യാൽ.'

മുപ്പതു വർഷത്തെ പത്രപ്രവർത്തന ജീവിതത്തിനിടയിൽ ഒരൊറ്റ ദളിത് പത്രപ്രവർത്തകനെയും താൻ കണ്ടിട്ടില്ലെന്ന് ഉണ്യാൽ എഴുതി. മാത്രമല്ല, കെന്നത്ത് ജെ. കൂപ്പറിന്റെ ചോദ്യത്തിനുള്ള ഉത്തരം അന്വേഷിച്ച് അദ്ദേഹം പ്രസ് ഇൻഫർമേഷൻ ബ്യൂറോയെ സമീപിക്കുകയും ചെയ്തു. 1996ലെ പി.ഐ.ബി. അക്രഡിറ്റേഷൻ ഇൻഡക്സ് പരിശോധിച്ചപ്പോൾ കിട്ടിയ വിവരം, അക്രഡിറ്റേഷൻ ലഭിച്ച 686 പത്രപ്രവർത്തകരിൽ 454 ബ്രാഹ്മണർ, 70 പഞ്ചാബി ക്ഷത്രിയർ, 44 കായസ്തർ, 26 മുസ്ലീങ്ങൾ, 19 ക്രിസ്ത്യാനികൾ, 12 ജൈനർ, 9 ബംഗാളി വൈദ്യർ ശേഷിക്കുന്നവർ ബനിയകൾ എന്നിങ്ങനെയായിരുന്നു. ഈ നെടുങ്കൻ ലിസ്റ്റിൽ എവിടെയും ഒരു ദളിത് ജേർണലിസ്റ്റിനെ തനിക്കു കണ്ടെത്താനായില്ല എന്ന് ഉണ്യാൽ പയനിയർ പത്രത്തിൽ എഴുതിയിട്ടും ഇന്ത്യൻ മാധ്യമലോകം അത് കണ്ടതായി ഭാവിച്ചതേയില്ല.

www.malankaralibrary.com

# കാന്താര ചന്ദ്രികയുടെ സൗഭാഗ്യം


വിദേശ പത്രപ്രവർത്തകനായ റോബിൻ ജെഫ്രി ഇന്ത്യയിലെ പത്ര വ്യവസായത്തെക്കുറിച്ച് എഴുതിയ ഇന്ത്യൻ ന്യൂസ്പേപ്പർ റെവല്യൂഷൻ എന്ന പുസ്തകത്തിലെ ഒരധ്യായം ഇന്ത്യൻ മാധ്യമരംഗത്തെ ദളിത് അസാന്നിദ്ധ്യം സംബന്ധിച്ചായിരുന്നു. 2000-ൽ ഒന്നാം പതിപ്പായിറങ്ങിയ ആ പുസ്തകത്തിന് 2003ൽ രണ്ടാം പതിപ്പിറങ്ങി. ഇപ്പോൾ എവിടെ അന്വേഷിച്ചാലും 'ഔട്ട് ഒഫ് സ്റ്റോക്ക്' എന്നു മറുപടി കിട്ടുന്ന തരത്തിൽ ചൂടപ്പം പോലെ വിറ്റുപോയ ഒരു ആധികാരിക ഗ്രന്ഥമാണത്.

ആ പുസ്തകത്തിലെ 160 മുതൽ 170 വരെ പേജുകളിലാണ് ദളിത് പത്രപ്രവർത്തകരെക്കുറിച്ച് പ്രതിപാദിക്കുന്നത്. ഇന്ത്യയിലെവിടെയും പത്രമാധ്യമങ്ങളെ വളർത്തുന്നതും നിലനിർത്തുന്നതും മുതലാളിത്ത ശക്തികളാണെന്നും മുതലാളിത്ത താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ചിലരെയൊക്കെ മാധ്യമരംഗത്തു നിന്ന് മാറ്റിനിർത്തുകയാണെന്നും ചില സൂചനകളുണ്ട് പുസ്തകത്തിൽ. ഈ അദ്ധ്യായങ്ങളിലൂടെ കണ്ണോടിച്ചാൽ വായിക്കാവുന്ന രസകരമായ ചില പ്രസ്താവങ്ങളിലൊന്ന്, മലയാള മനോരമയുടെ ന്യൂസ് എഡിറ്റർ ജോസ് പനച്ചിപ്പുറവുമായി ഗ്രന്ഥകാരൻ നടത്തിയ സംഭാഷണത്തിലെ ചില വരികളാണ്.

ഗ്രന്ഥകാരൻ ചോദിക്കുന്നു: "മനോരമയിൽ ഉന്നത സ്ഥാനങ്ങളിലെവിടെയെങ്കിലും ഒരു ദളിതനുണ്ടോ?"

പനച്ചിയുടെ ഉത്തരം: "ഞങ്ങൾ അവരോട് വിവേചനം കാണിക്കുന്നില്ല. എങ്കിലും, പത്രത്തിന്റെ ഉന്നതപദവികളിലൊന്നിലും ദളിതർ ആരുമില്ല എന്നതാണ് സത്യം"

www.malankaralibrary.com



ഉന്നതപദവി പോകട്ടെ, പത്രം വിതരണം ചെയ്യാൻ പോലും ഒരു ദളിതന് അവസരം കൊടുക്കാത്ത പത്രമാണ് മനോരമ. പ്രൊഫഷണലിസത്തിന്റെ പേരിൽ ഹീനമായ വർണവിവേചനം തുടരുന്നു ഈ പത്രമുത്തശ്ശി.

ഡോ. കെ.ആർ. നാരായണൻ ഇന്ത്യയുടെ ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ മനോരമയിൽ ആ കുറിയ മനുഷ്യന്റെ ഒരുപാട് വർണ്ണചിത്രങ്ങൾ അച്ചടിക്കുകയുണ്ടായി. ജീവചരിത്രക്കുറിപ്പുകളും യഥേഷ്ടം എഴുതി. കെ.ആർ. നാരായണൻ എഴുതിയ 'കാന്താര ചന്ദ്രിക' എന്ന കവിത മലയാള മനോരമയാണ് പ്രസിദ്ധീകരിച്ചത് എന്നുവരെ അവർ ഊറ്റം കൊണ്ടു. നേരു പറയണമല്ലോ, ഡോ. കെ.ആർ. നാരായണന്റെ ഉപരാഷ്ട്രപതി സ്ഥാനലബ്ധിയെ ഏറ്റവും മനോഹരമായി ആഘോഷിച്ചത് മലയാള മനോരമ തന്നെ. കറുത്തവനെങ്കിലും വാർത്താമൂല്യമുള്ള കെ.ആർ. നാരായണൻ അങ്ങനെ മനോരമയുടെ സ്വന്തമായി.

കെ.ആർ. നാരായണൻ മരിച്ച ശേഷം ഇന്ത്യയിലെ ആദ്യ ദളിത് പ്രസിഡണ്ടിന്റെ സ്മാരക ദിനങ്ങളിൽ ഒന്നെങ്കിലും എഴുതി ആചരിക്കാൻ മനോരമ മെനക്കെട്ടിട്ടുണ്ടോ? എന്തിന്, രാജ്യം പോലും ആ മഹാത്മാവിന്റെ സ്മൃതിദിനങ്ങൾക്ക് അർഹിക്കുന്ന ആദരം നൽകിയിട്ടുണ്ടോ? ദളിത് നേതാക്കളുടെ സ്മാരകദിനങ്ങൾ മാധ്യമങ്ങളിലൂടെ ഓർമ്മപ്പെടുത്താൻ സർക്കാർ വകുപ്പുകൾ പോലും ശ്രദ്ധിക്കാറില്ലെന്നത് പുതിയ കാര്യമല്ല.

പട്ടികവിഭാഗത്തെ വെറും ഉപകരണങ്ങളായി മാത്രം കാണുന്ന നയം രാഷ്ട്രീയക്കാരെപ്പോലെ മാധ്യമങ്ങളും അനുവർത്തിക്കുകയാണ്. ആദിവാസി സമൂഹത്തിൽ നിന്ന് നിരക്ഷരയായൊരു സ്ത്രീ ലോകമറിയുന്ന പ്രക്ഷോഭകാരിയായി വളർന്നത് ഇവിടത്തെ മാധ്യമങ്ങളുടെ പിന്തുണ

www.malankaralibrary.com

കൊണ്ടല്ല. സി.കെ. ജാനു എന്ന കാടിന്റെ മകൾ കാടിനുവേണ്ടി സമരം ചെയ്തപ്പോൾ ആദ്യമാദ്യം അതിനെക്കുറിച്ച് നല്ലതുപറയാൻ മുഖ്യ ധാരാ പത്രങ്ങൾ മടിച്ചു എന്നതാണ് സത്യം. എന്നുമാത്രമല്ല, ആദിവാസികൾക്കിടയിൽ നിന്ന് സുശക്തയായ ഒരു നേതാവ്, ഒരു രാഷ്ട്രീയക്കാരുടെയും കൊടിക്കീഴിലല്ലാതെ രംഗത്തെത്തിയപ്പോൾ ചില രാഷ്ട്രീയക്കാർക്കും ജാനുവിന്റെ നേതൃത്വത്തെ അംഗീകരിക്കാനായില്ല. "ആദിവാസികളുടെ നേതാവല്ല ജാനു" എന്നായിരുന്നു അവരുടെ വാദം. അതുസ്ഥാപിക്കാൻ സ്വന്തം രാഷ്ട്രീയപാർട്ടിയുടെ കീഴ്ഘടകമായി 'ആദിവാസി ക്ഷേമസമിതി' സ്ഥാപിക്കുകയും ചെയ്തു അവർ.

സി.കെ. ജാനുവിന്റെ സമരങ്ങളെടുക്കൂ. സെക്രട്ടറിയറ്റിനു മുന്നിൽ ആദിവാസികളെ മുഴുവനെത്തിച്ച് അവിടെ കുടിൽകെട്ടി താമസം തുടങ്ങിയതാണ് ആദ്യം ചർച്ചയായ ജാനുവിന്റെ സമരം. സെക്രട്ടറിയറ്റിനു മുന്നിൽ താമസവും ഭക്ഷണം പാകം ചെയ്യലും വിസർജ്ജിക്കലുമൊക്കെയായി ആദിവാസികളുടെ പ്രതീകാത്മക സമരം രണ്ടുമാസം നീണ്ടപ്പോൾ നഗരവാസികൾക്ക് നാറിത്തുടങ്ങി. ആദിവാസികളോടു സ്നേഹം മൂത്തിട്ടല്ല, നഗരം കൂടുതൽ നാറാതിരിക്കാൻ വേണ്ടിയാണ് അന്നത്തെ മുഖ്യമന്ത്രി എ.കെ. ആന്റണി ആദിവാസിക്കുടിലിനു മുമ്പിലെത്തി കോൽക്കളി നടത്തിയത്. ആദിവാസികളുടെ യാതനകൾ കാണാനല്ല, മുഖ്യമന്ത്രിയുടെ ആട്ടം കാണാനായിരുന്നു പത്രക്കാർക്കും വായനക്കാർക്കും താല്പര്യം. ആദിവാസികളോടൊപ്പം നൃത്തം ചെയ്യുന്ന മുഖ്യമന്ത്രിയുടെ ചിത്രങ്ങളായിരുന്നു അന്നത്തെ എല്ലാ പത്രങ്ങളുടെയും മുൻപേജിൽ. വാർത്തയെഴുത്തിന്റെ രീതി അതാണ്. മുഖ്യമന്ത്രി സമരവേദിയിലെത്തി ഡാൻസ് ചെയ്തു എന്നതാണ് പത്രക്കാർക്ക് പ്രധാനം. ആദിവാസികൾക്കു പക്ഷേ, അവരുടെ ആവശ്യങ്ങളോടുള്ള ഭരണകൂടത്തിന്റെ പ്രതികരണമായിരുന്നു




www.malankaralibrary.com

പ്രധാനം. പറഞ്ഞല്ലോ, ആദിവാസികൾ കൃമികൾ, അവരെക്കുറിച്ച് അറിയാൻ ഏതു വായനക്കാരനാണ് താല്പര്യം?

സെക്രട്ടറിയേറ്റിനു മുന്നിൽ 48 ദിവസം നീണ്ട സമരം അവസാനിച്ചത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉണ്ടാക്കിയ ഉടമ്പടിയിലൂടെയാണല്ലോ. കരാറിന്റെ സമയപരിധി കടന്നിട്ടും ഭൂമി കിട്ടാതെ വന്നപ്പോഴാണ് സർക്കാർ വനഭൂമിയായ മുത്തങ്ങ 2003 ജനുവരി 4ന് ആദിവാസികൾ കയ്യേറിയത്.

മുത്തങ്ങ കയ്യേറുമെന്ന് ആദിവാസി ഗോത്രമഹാസഭ രേഖാമൂലം അറിയിച്ചിട്ടും സർക്കാരിന്റെ ഭാഗത്തുനിന്ന് പ്രതികരണമുണ്ടായില്ലെന്നും, കയ്യേറ്റം നടന്ന് ഒന്നരമാസത്തിനു ശേഷം സായുധ പൊലീസിനെ ഉപയോഗിച്ച് കയ്യേറ്റക്കാരെ അടിച്ചമർത്താൻ തീരുമാനിച്ചത് ആദിവാസികളോടുള്ള സർക്കാരിന്റെ അവജ്ഞ കൊണ്ടുമാണെന്നും ആദിവാസികൾ മാത്രമല്ല, അവരുടെ പ്രശ്നങ്ങൾ അറിയാവുന്നവരെല്ലാം വിശ്വസിക്കുന്നു.

മുത്തങ്ങയിലെ പൊലീസ് വെടിവയ്പ്പിലേക്കു നയിച്ച സാഹചര്യം എന്തായിരുന്നു? ഏതാണ്ട് ഒന്നര മാസത്തിലേറെക്കാലം ആദിവാസികൾ മുത്തങ്ങ കയ്യേറി കുടിൽ കെട്ടിത്താമസിച്ചു. വനഭൂമിയിൽ നിന്ന് ആദിവാസികളെ കുടിയിറക്കാനെത്തിയ പൊലീസ് സംഘത്തിൽപ്പെട്ട വിനോദ് എന്ന കോൺസ്റ്റബിളിനെ ആദിവാസികൾ ബന്ദിയാക്കി. വിനോദിനെ രക്ഷിക്കാൻ കൂടുതൽ പൊലീസ് സേന സ്ഥലത്തെത്തി. സംഘർഷം മൂത്തപ്പോൾ വിനോദ് കൊല്ലപ്പെടുകയും പൊലീസ് കുടിലുകൾ കത്തിച്ച് ആദിവാസികൾക്കു നേരേ നിറയൊഴിക്കുകയും ചെയ്തു.


പൊലീസും ഏറ്റുമുട്ടി: 2


വെടിവെപ്പ്; നാല് ആദിവാസികൾ

www.malankaralibrary.com


ത്തങ്ങയിൽ ഏറ്റുമുട്ടൽ; വെടിവെപ്പ


ദീപിക
ത്തങ്ങ യുദ്ധക്കളമായി, ആദിവാസിയു
ലീസുകാരനും കൊല്ലപ്പെട്ടു

ഒരു പൊലീസുകാരനും ഒരു ആദിവാസിയുമാണ് മുത്തങ്ങാ സംഭവത്തിൽ ആകെ കൊലചെയ്യപ്പെട്ടത്. അനേകം ആദിവാസികൾക്ക് ഗുരുതരമായ പരുക്കേൽക്കുകയും ചെയ്തു.പക്ഷേ, മുത്തങ്ങയിൽ ആദിവാസികളെ കൂട്ടത്തോടെ വെടിവച്ചുകൊന്ന് മൃതദേഹങ്ങൾ പഞ്ചസാരയിട്ടു കത്തിച്ചു എന്നുപോലും ചില പത്രങ്ങളെഴുതി.

യാഥാർത്ഥ്യങ്ങൾ മറച്ചുവയ്ക്കുന്നതും പൊലിപ്പിച്ചു കാണിക്കുന്നതും യഥാർത്ഥ പത്രപ്രവർത്തനമല്ലെന്നിരിക്കേ, മുത്തങ്ങയുടെ കാര്യത്തിൽ ചില മാധ്യമങ്ങൾ സെൻസേഷണലായ വാർത്തകൾ എഴുതിപ്പിടിപ്പിക്കുകയാണുണ്ടായത്. ഈ വിഷയത്തിൽ താരതമ്യേന താല്പര്യം കുറഞ്ഞ പത്രങ്ങൾ മാത്രമാണ് യഥാർത്ഥ വിവരങ്ങൾ എഴുതിയത്. 2003 ഫെബ്രുവരി 20 ലെ ദീപികയിലെ മുഖ്യവാർത്ത "മുത്തങ്ങാ വെടിവെപ്പ് ആദിവാസിയും പൊലീസുകാരനും മരിച്ചു" എന്നായിരുന്നു.

മാധ്യമം ദിനപത്രമാകട്ടെ "5 ആദിവാസികൾ മരിച്ചു; പൊലീസുകാരനെ വെട്ടിക്കൊന്നു" എന്നാണെഴുതിയത്. മാധ്യമത്തിന്റെ വിശദീകരണമിങ്ങനെ: "പൊലീസുകാരനെയും വനപാലകനെയും രക്ഷപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി പൊലീസ് നടത്തിയ വെടിവയ്പിൽ അഞ്ചിലേറെ ആദിവാസികൾ മരിച്ചെന്നാണ് ഔദ്യോഗിക വിശദീകരണം. മരിച്ചവരുടെ പേരുവിവരങ്ങൾ അറിവായിട്ടില്ല. മരിച്ചവരിൽ ഏറെയും വൃദ്ധരും സ്ത്രീകളുമാണ്...."

ദേശാഭിമാനി ദിനപ്പത്രം മുത്തങ്ങയിൽ കൊന്നത് നാലുപേരെ; ദളിത് താല്പര്യ സംരക്ഷണാർത്ഥം!

മാതൃഭൂമിയും മനോരമയും മരണസംഖ്യ കൃത്യമായി കൊടുത്തു; ഈ കൃത്യത മറ്റു പത്രങ്ങൾക്ക് ലഭിക്കാതിരുന്നതാണ് സംശയാസ്പദം.

www.malankaralibrary.com

മാതൃഭൂമിയും മനോരമയും ഇക്കാര്യത്തിൽ കൃത്യത പാലിച്ചു എങ്കിലും ഗോത്ര മഹാസഭ പീപ്പിൾസ് വാർ ഗ്രൂപ്പ് എന്ന തീവ്രവാദ സംഘടന യുടെ ഉപഘടകമാണെന്നു സ്ഥാപിക്കാൻ അൽപ്പം കൂടുതൽ താൽ പര്യമെടുത്തു എന്നു വേണം അനുമാനിക്കാൻ.

മാസങ്ങൾ നീണ്ട ആദിവാസി സമരത്തിന് പുല്ലുവില കൽപ്പിച്ചവർ ഒരു പോലീസുകാരൻ വെട്ടേറ്റു കൊല്ലപ്പെട്ടതോടെ ജാഗരൂകർ ആവു കയാണുണ്ടായത്. മരിച്ചത് പോലീസുകാരന് പകരം ഏതെങ്കിലുമൊരു ആദിവാസിയായിരുന്നെങ്കിലോ? വാർത്തകൾ പൊലിപ്പിക്കാൻ ഇത്രയും സ്ഥലം മനോരമയെപ്പോലുള്ള പത്രങ്ങൾ ചെലവഴി ക്കുമായിരുന്നോ?

മുത്തങ്ങാ സമരം വ്യക്തമായി റിപ്പോർട്ടു ചെയ്യാൻ പത്രമാധ്യമ ങ്ങൾക്കു സാധിച്ചില്ലെന്നു മാത്രമല്ല, കിട്ടിയ വാർത്തകൾ പോലും വള ച്ചൊടിച്ച് തങ്ങളുടെ താല്പര്യത്തിനനുസൃതമായി എഴുതിപ്പിടിപ്പിക്കു കയാണ് അവർ ചെയ്തത്.

സി.കെ. ജാനുവിന്റെ നേതൃത്വത്തോടും മാധ്യമങ്ങൾക്ക് ഏതാണ്ട് ഇതേ സമീപനമായിരുന്നു. ജാനുവിന്റെ സമരങ്ങളെ സ്ഥാനത്തും അസ്ഥാനത്തും പുകഴ്ത്തിയ ഇവർതന്നെയാണ് മുത്തങ്ങാ സമരത്തിനു ശേഷം “ജാനു ആദിവാസികളെ വഴിതെറ്റിച്ചു” എന്നും “അക്രമസമര ത്തിനിറക്കി” എന്നും എഴുതിയത്. ഒരിക്കൽ ജാനുവിനെ പാടിപ്പുക ഴ്ത്തിയ അതേ മാധ്യമങ്ങൾ തന്നെ ജാനുവിനെ പുലഭ്യം പറയുന്ന കാഴ്ചയും നാം കണ്ടു. ഒരു ദളിത് സമുദായപ്രവർത്തക എന്ന മട്ടി ലുള്ള മിനിമം പരിഗണന മതിയായിരുന്നു ഭൂമിക്കു വേണ്ടിയുള്ള ജാനു വിന്റെ സമരങ്ങൾ കെട്ടടങ്ങാതെ ഇന്നും നിലനിൽക്കാൻ. പക്ഷേ, അധി കാരികളോടൊപ്പം ചേർന്ന് മാധ്യമങ്ങളും ജാനുവിന്റെ നാവടപ്പിക്കുക യായിരുന്നു.

സാമൂഹിക നവോത്ഥാനത്തിനു വേണ്ടിയാണ് മലയാള പത്രങ്ങളിൽ പലതും രൂപമെടുത്തതും നിലനിന്നതും. എന്നാൽ പത്രമാധ്യമങ്ങളുടെ പക്ഷപാതിത്വം മൂലം സാമൂഹ്യനീതിയും നവോത്ഥാനവും തമസ്കരി ക്കപ്പെടുകയാണ് നിലവിൽ. പത്രം വെറുമൊരു വാണിജ്യ ഉത്പന്നമാ വുകയും അതിന്റെ ലക്ഷ്യം ലാഭമുണ്ടാക്കൽ മാത്രമാവുകയും ചെയ്യു മ്പോൾ സാമൂഹ്യനീതിക്കു വേണ്ടിയുള്ള സാധാരണക്കാരന്റെ രോദനം ചെവിക്കൊള്ളാൻ പത്രങ്ങൾക്കാവാതെ വരുന്നു. ഈ സ്ഥിതിവിശേഷം

www.malankaralibrary.com

ദളിത് സമുദായങ്ങളുടെ പ്രതീക്ഷകളെ അസ്തമിപ്പിക്കുകയാണ്.

വാർത്തകളെല്ലാം പണത്തെയും പണക്കാരെയും കുറിച്ചാകുമ്പോൾ പണമില്ലാത്തവൻ പിന്നെയും പാർശ്വവത്കരിക്കപ്പെടുന്നു. അവന്റെ കണ്ണുനീർ പണക്കാർക്ക് രസിക്കാൻ മാത്രമുള്ള വാർത്തയാകുന്നു. ദുരിതമനുഭവിക്കുന്നവരുടെ ദുരവസ്ഥ പരിഹരിക്കാൻ പ്രേരിപ്പിക്കുന്ന വാർത്തകൾക്കു പകരം അവരെ അവഹേളിക്കുന്ന തരത്തിലായിപ്പോകുന്നു, പല ഹ്യൂമൻ ഇന്ററസ്റ്റ് സ്റ്റോറികളും!

www.malankaralibrary.com

# ആദിവാസി മേഖലകളും വികസന മാതൃകകളും

കേരളത്തിലെ ആകെ പട്ടികവർഗ്ഗ ജനസംഖ്യ മൂന്നര ലക്ഷത്തോളം വരും. വയനാടും ഇടുക്കിയും പാലക്കാടുമാണ് ഏറ്റവുമധികം പട്ടിക വർഗ്ഗ ജനസംഖ്യയുള്ള ജില്ലകൾ. ഇതിൽത്തന്നെ, പാലക്കാട്ടെ അട്ട പ്പാടി എന്ന സ്ഥലത്തെക്കുറിച്ച് കേട്ടിട്ടില്ലാത്തവർ കേരളത്തിൽ എന്ന ല്ല, ഇന്ത്യയിൽ പോലും ആരുമുണ്ടാവില്ല. അട്ടപ്പാടി എന്നത് ആളു കളെ അപമാനിക്കാൻ ഉപയോഗിക്കുന്ന ഒരു പ്രയോഗമായിട്ടുണ്ട് ഇന്നത്തെ കേരള സമൂഹത്തിൽ. “ഇവനേത് അട്ടപ്പാടിക്കാരനാ...” എന്ന ചോദ്യത്തിനർത്ഥം “ഇവനെന്തു സംസ്കാര ശൂന്യനാണ്” എന്നല്ലേ....

ഒരു പ്രദേശവും അവിടെ അധിവസിക്കുന്ന ജനവിഭാഗവും സംസ്കാര സമ്പന്നരായ ആളുകളുടെ കണ്ണിൽ സംസ്കാര ശൂന്യത യുടെ പ്രതീകമാകുന്നു! അട്ടപ്പാടി എന്നു പറഞ്ഞാൽ അപമാനിക്ക പ്പെടേണ്ട ഒരു ഭൂപ്രദേശമായിരിക്കുന്നു!!

അട്ടപ്പാടിയിലെ ആദിവാസികളെ സംസ്കാരസമ്പന്നരാക്കാനും അവ രുടെ ജീവിതം കൂടുതൽ പ്രകാശഭരിതമാക്കാനും വേണ്ടി അ ഹാഡ്സ് എന്നൊരു ഏജൻസി പ്രവർത്തന നിരതമായതോടെയാണ് അട്ടപ്പാടി കൂടുതലായി വാർത്തകളിൽ നിറഞ്ഞത്.

ആദിവാസികൾക്ക് മെച്ചപ്പെട്ട ജീവിതസൗകര്യമൊരുക്കുക എന്ന തായിരുന്നു അഹാഡ്സിന്റെ പ്രഖ്യാപിത ലക്ഷ്യം. കാടും കാട്ടുവിഭവ ങ്ങളും മാത്രമായിരുന്നു അതുവരെ ആദിവാസികളുടെ ജീവനോപാ

www.malankaralibrary.com



ധി. അഹാഡ്സ് വന്നതോടെ ആദിവാസികളുടെ പ്രാകൃതജീവിതം അടിമുടി മാറ്റിമറിക്കപ്പെട്ടു. അട്ടപ്പാടിയിലെ കുന്നും മലകളുമെല്ലാം കൃഷിഭൂമിയായി. ലോകബാങ്കിന്റെ സഹായത്തോടെ കന്നുകാലി വളർത്തലിലും കൃഷിയിലും ആദിവാസികൾക്ക് തൊഴിൽ ലഭിച്ചു. ഫലമോ, കാടിന്റെ മേലുള്ള ആദിവാസിയുടെ അവകാശം നഷ്ടപ്പെട്ടു. അശാസ്ത്രീയമായ കാർഷികവത്കരണവും കന്നുകാലിവളർത്തലും അട്ടപ്പാടിയുടെ പരിസ്ഥിതിയെയും തകിടം മറിച്ചു. വിദേശയിനം കന്നുകാലികളെ കൂട്ടമായി വളർത്താൻ തുടങ്ങിയതോടെ അട്ടപ്പാടി മേഖലയിലെ പുൽപ്രദേശങ്ങളെല്ലാം മൊട്ടക്കുന്നുകളായിമാറി.

1947-ൽ മദ്രാസ് റവന്യൂബോർഡ് നടത്തിയ സർവെ അനുസരിച്ച് അട്ടപ്പാടിയിലെ ജനസംഖ്യ 10000 ആയിരുന്നു. ഇതിൽ ഇരുന്നൂറോളം മാത്രമാണ് ആദിവാസികളല്ലാത്തവരായിട്ടുണ്ടായിരുന്നത്.

കേരളം രൂപം കൊണ്ട ശേഷം സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്ന് പ്രത്യേകിച്ച്, കോട്ടയം ജില്ലയിൽ നിന്ന് കുടിയേറ്റക്കാരുടെ ഒരു പ്രവാഹം തന്നെയുണ്ടായി.

1951ലെ സെൻസസ് പ്രകാരം അട്ടപ്പാടിയിലെ ജനസംഖ്യ 11,300 ആയിരുന്നു. ഇതിൽ 10,200 പേരും ആദിവാസികളായിരുന്നു. എന്നാൽ 1991ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യ 62,033 ആയി. അതിൽ ആദിവാസികൾ 24,228 മാത്രമാണ്. ആദിവാസികൾ മാത്രം ജീവിച്ചിരുന്ന അട്ടപ്പാടിയിൽ അവരിന്ന് ന്യൂനപക്ഷമായി. അവരുടെ ഭൂമി കുടിയേറ്റക്കാർ തട്ടിയെടുത്തു. അട്ടപ്പാടിയിലെ ആദിവാസികൾക്ക് പതിനായിരം ഏക്കറിലധികം ഭൂമി നഷ്ടപ്പെട്ടിട്ടുണ്ടെന്നാണ് ഔദ്യോഗിക കണക്ക്.

www.malankaralibrary.com



ആദിവാസി മേഖലകളിൽ ലഹരി വിൽപന വ്യാപകം

അട്ടപ്പാടിയിൽ ആദിവാസി കൈയ്യേറ്റ നിയന്ത്രണ നിയമം ലംഘിച്ച് കാറ്റാടിയന്ത്രങ്ങൾ സ്ഥാപിച്ച സുസ്ലോൺ കമ്പനി മൂന്ന് ആദിവാസി ഭൂമി ഇടപാടുകൾ നടത്തിയെന്ന വിജിലൻസ് കണ്ടെത്തലിന് സഹായകമായത് മാധ്യമങ്ങളുടെ ജാഗ്രത തന്നെയായിരുന്നു.

2008 ൽ സുസ്ലോൺ കമ്പനിയും വെസ്റ്റ് സ്റ്റാഴ്സ് കമ്പനിയും അട്ടപ്പാടിയിൽ നിയമം ലംഘിച്ച് ഭൂമി തട്ടിയെടുത്ത വാർത്ത പുറത്തു കൊണ്ടുവന്നത് ഗോത്രഭൂമി മാസികയാണ്. അതേത്തുടർന്ന് ഇന്ത്യൻ എക്സ്പ്രസ് ലേഖകൻ അട്ടപ്പാടി സന്ദർശിച്ച് ഒരു പരമ്പര എഴുതി. പിന്നീടാണ് മറ്റു പത്രങ്ങൾ ഈ വാർത്ത എഴുതാൻ നിർബന്ധി തരായത്! ആദിവാസിഭൂമിയിൽ നിർമ്മിച്ച കാറ്റാടി പാടങ്ങളുടെ ലാഭ ത്തിൽ ഒരു വിഹിതം ആദിവാസികൾക്ക് നൽകുമെന്ന് സർക്കാർ പറഞ്ഞതിലെ കാപട്യവും പത്രങ്ങളാരും കണ്ടില്ല.

ഏറ്റവുമവസാനം പുറത്തുവന്നത് അഹാഡ്സ് നടത്തിയ തട്ടിപ്പാണ്. അഹാഡ്സിന്റെ ഓഫിസ് പണിതിരിക്കുന്നത് ഒരു ആദിവാസിയുടെ സ്ഥലത്താണ്, ആ സ്ഥലത്തിന്റെ വിലയോ മറ്റെന്തെങ്കിലുമോ നഷ്ടപരി ഹാരമോ സ്ഥലമുടമയ്ക്ക് നൽകാൻ അഹാഡ്സ് തയ്യാറുമല്ല!

നൂറ്റാണ്ടുകളായി ആദിവാസികളുടെ സ്വന്തമായിരുന്ന ഏക്കറു കണ ക്കിന് വനഭൂമി സ്വന്തമാക്കാൻ കുടിയേറ്റക്കാർക്ക് ഒട്ടും ബുദ്ധിമുട്ടേണ്ടി വന്നില്ല. ഒരു കഷണം പുകയിലയ്ക്കും ഒരു കുപ്പി മദ്യത്തിനും വേണ്ടി ആദിവാസികൾ അവരുടെ കിടപ്പാടം വിറ്റുതുലച്ചു. കാട്ടുമൃഗങ്ങളെ

www.malankaralibrary.com

വേട്ടയാടാനും കാട്ടുവിഭവങ്ങൾ മാത്രം ഭക്ഷിക്കാനും ശീലിച്ചവർ കഞ്ചാവിനും കറുപ്പിനും അടിമകളായി. ആദിവാസിക്കുടികളിലെ കന്യകമാർ കുടിയേറ്റക്കാരുടെ മക്കളെ ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്തു. ആദിവാസി ഊരുകളിലെങ്ങും അവിവാഹിതരായ അമ്മമാരുടെ സങ്കടം സാധാരണ കാഴ്ചയായി.

ആദിവാസി ഊരുകളിലെ അവിവാഹിതരായ അമ്മമാരെക്കുറിച്ചുള്ള സചിത്ര ഫീച്ചറുകൾ പത്രങ്ങളും ആനുകാലികങ്ങളും പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു. പക്ഷേ, അത്രയൊക്കെ എഴുതിയിട്ടും ആദിവാസികളെ ചൂഷണം ചെയ്യുന്നവരെ ശിക്ഷിക്കാൻ നിയമസംവിധാനത്തിന് അതൊന്നും പ്രേരണയായില്ല.

## അരിവാൾ രോഗം (sickle cell decease)

ഇന്ത്യയിൽ ഏകദേശം പത്തുലക്ഷം ആളുകളിൽ ഈ ഭീകര രോഗം കാണപ്പെടുന്നു. അതിൽ 85 ശതമാനവും ആദിവാസി രോഗികളാണ്. കേരളത്തിൽ പാലക്കാട്, വയനാട്, കണ്ണൂർ ജില്ലകളിലെ ആദിവാസി ഊരുകളിൽ ഈ രോഗം കൂടുതലായി കണ്ടുവരുന്നു. രക്തകോശങ്ങൾ അരിവാൾ പോലെ വളഞ്ഞു പോകുന്നതിനാൽ സ്വാഭാവികമായ രക്തപ്രവാഹം തടസപ്പെടുകയും ശരീരത്തിൽ വ്രണമുണ്ടായി പുഴുവരിച്ച് മരണം വരെ നരകിക്കുന്ന അവസ്ഥ. പേരറിയാത്ത, ചികിൽസ കണ്ടുപിടിച്ചിട്ടില്ലാത്ത ഈ രോഗത്തിന് കീഴടങ്ങിയ ആദിവാസികൾ എത്രയെത്ര!

ലോകമെമ്പാടുമുള്ള ഗോത്രവിഭാഗങ്ങൾക്കിടയിൽ പലേടത്തും ഈ രോഗം കണ്ടുവരുന്നുണ്ടെന്ന് ഇതുസംബന്ധമായ പഠനങ്ങൾ വെളിപ്പെടുത്തുന്നു. രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവു കുറയുകയും ചുവന്ന കോശങ്ങൾ അപകടകരമായി നശിച്ചുതീരുകയും തുടർന്ന് രക്തക്കുഴലുകൾ പൊട്ടി വ്രണമുണ്ടാവുകയും ചെയ്യുന്നതാണ് ഈ രോഗത്തിന്റെ ലക്ഷണങ്ങൾ.

രോഗബാധിതർക്ക് ശുദ്ധരക്തം നൽകുകയും തുടർച്ചയായ വൈദ്യപരിചരണങ്ങൾ ലഭ്യമാക്കുകയും വഴി രോഗബാധയെ തുടർന്നുള്ള ദുരിതങ്ങൾ ലഘൂകരിക്കാം.

രോഗവാഹകരും രോഗികളും എന്നിങ്ങനെ സിക്കിൾസെൽ രോഗികളെ രണ്ടായി തിരിക്കാം. ഇതു തിരിച്ചറിയാൻ ഇലക്ട്രോ ഫോറെ

www.malankaralibrary.com

സിസി ടെസ്റ്റ്, സൊലുബിലിറ്റി ടെസ്റ്റ് എന്നീ രക്ത പരിശോധനകൾ നടത്തി ചികിത്സകൾ നിശ്ചയിക്കുകയാണ് പതിവ്.

പുതിയ തലമുറയ്ക്ക് രോഗം പകരാതിരിക്കാൻ ഇടയാകാത്ത വിധം, രോഗം ബാധിച്ച സ്ത്രീ-പുരുഷന്മാർ പരസ്പരം വിവാഹം കഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ജാതകപ്പൊരുത്തം നോക്കുന്നതിനേക്കാൾ പ്രധാനം രക്തപരിശോധന തന്നെ.

അട്ടപ്പാടിയിലെ ആദിവാസിക്കുടികളിൽ അജ്ഞാത രോഗവുമായി മല്ലിടുന്നവരെക്കുറിച്ച് ചില പത്രങ്ങളെങ്കിലും നന്നായി എഴുതിയിട്ടുണ്ട്. മനുഷ്യർ മൃഗസമാനമായി മരിക്കുന്ന സങ്കടകരമായ ആ വാർത്തകൾ പക്ഷേ, അധികൃതരുടെ കണ്ണുതുറപ്പിക്കാൻ കാരണമായിട്ടില്ല. ആദിവാസികളുടെ ജീവൻ പച്ചയ്ക്കു കാർന്നുതിന്നുന്ന ഈ വിചിത്ര രോഗത്തെക്കുറിച്ച് കൂടുതൽ പഠനങ്ങൾ നടത്തുന്നതിനു പരിഷ്കൃത സമൂഹത്തെ പ്രേരിപ്പിക്കുവാൻ വാർത്താമാധ്യമങ്ങളിൽ എഴുതപ്പെടുന്ന, ഇതുമായി ബന്ധപ്പെട്ട ഓരോ വാക്കിനും കഴിയും.

## പട്ടിണിയും ലഹരിയും

പട്ടിണി മരണങ്ങളും ഈ ജനതയ്ക്കിടയിൽ മാത്രമാണ് സംഭവിക്കുന്നത്. ആദിവാസി വിഭാഗങ്ങൾക്കിടയിൽ ഇരുപത്തിയഞ്ചു ശതമാനത്തിൽ താഴെയാണ് സാക്ഷരത. പുകയിലയും വാറ്റുചാരായവും കഞ്ചാവും ആദിവാസികൾ കണ്ടുപിടിച്ചതല്ല. ആദിവാസിയുടെ അപരിഷ്കൃതത്വത്തെ ചൂഷണം ചെയ്ത് ആദിവാസി മേഖലകൾ വെട്ടിപ്പിടിച്ചവരാണ് ആദിവാസികൾക്കിടയിൽ ലഹരി വസ്തുക്കൾക്ക് പ്രചാരമുണ്ടാക്കിയത്. പണ്ട് കാട്ടുതേൻ കുടിച്ചാണ് ആദിവാസികൾ മത്തടിച്ചിരുന്നതെങ്കിൽ ഇന്ന് തേൻവിറ്റ പണംകൊടുത്ത് വാങ്ങുന്ന വിലകുറഞ്ഞ വിദേശമദ്യമാണ് ആദിവാസികളെ ലഹരിയിൽത്തള്ളുന്നത്. ഈ വിഭാഗങ്ങൾക്കിടയിലേക്ക് വൻതോതിൽ ലഹരിവസ്തുക്കൾ കടത്തുന്നതോടെ ആദിവാസി പുരുഷന്മാരിൽ ഭൂരിഭാഗവും ലഹരിക്കടിമയാവുകയും കുടുംബജീവിതത്തിൽ നിന്ന് ഒറ്റപ്പെടുകയും ചെയ്യുന്നു.

പുരുഷന്മാർ അരാജക ജീവിതത്തിലേക്ക് കൂപ്പുകുത്തുകയും ആത്മഹത്യയിൽ അഭയം തേടുകയും ചെയ്യുന്നുവെന്ന വാർത്തകളാണ് ആദിവാസി മേഖലയിൽ നിന്ന് ഇപ്പോൾ കേൾക്കുന്നത്. സർക്കാരിന്റെ വികസന പദ്ധതികളൊന്നും ഈ മേഖലയ്ക്ക് ഗുണകരമാവുന്നില്ല.

www.malankaralibrary.com

ആദിവാസി ജനതയ്ക്കിടയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങളും മറ്റു ബോധവത്കരണ യത്നങ്ങളും നടക്കുന്നില്ല എന്നത് ഭരണസംവിധാനത്തിന്റെ പോരായ്മയാണ്. ഈ വിഭാഗങ്ങൾക്കിടയിലെ സുഖകരമല്ലാത്ത പ്രവണതകൾ കണ്ടില്ലെന്നു നടിക്കുന്നത് ഭരണാധികാരികൾക്കു ഭൂഷണമല്ല. മാധ്യമങ്ങൾ അവരുടെ കണ്ണുതുറപ്പിക്കുകയും വേണം.

www.malankaralibrary.com

# സർക്കാർ നിയമനങ്ങളും സംവരണ പ്രശ്നങ്ങളും

കേരള പബ്ലിക് സർവീസ് കമ്മിഷൻ കണക്കു പ്രകാരം 68 ജാതികളാണ് പട്ടികജാതി ലിസ്റ്റിലുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഭരണഘടന അനുവദിച്ചിട്ടുള്ള ഉദ്യോഗ സംവരണം 10 ശതമാനം. പട്ടികജാതിക്കാർക്ക് 8%, പട്ടിക വർഗ്ഗത്തിന് 2%, 1991ലെ കനേഷുമാരി കണക്കനുസരിച്ച് 28,86,522 പട്ടികജാതിക്കാരുണ്ട്. ആകെ കേരള ജനസംഖ്യയുടെ 10 ശതമാനം വരും ഇത്. പട്ടികവർഗ്ഗക്കാരാകട്ടെ, മൂന്നുലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരത്തി അറുപത്തിയേഴും. 8% സംവരണം 68 ജാതികൾക്കായി വീതിച്ചു നൽകുന്നതിന്റെ പൊല്ലാപ്പ് ഒന്നാലോചിച്ചു നോക്കൂ.

സർക്കാർ ജോലിക്കുള്ള ഒഴിവുകളിൽ 50 ശതമാനത്തിലേക്കാണ് വിവിധ വിഭാഗങ്ങൾക്ക് സംവരണം ഉള്ളതെന്ന് ആർക്കുമറിയാം. നൂറ് ഒഴിവുകളുള്ള ഒരു തസ്തികയിലേക്ക് നിയമനം ലഭിക്കുന്ന എട്ടുപേർ പട്ടികജാതിക്കാരായിരിക്കണം എന്നാണ്. ബാക്കി വരുന്ന 92 പേരിൽ ഈഴവ/തീയ്യ/ബില്ലവ വിഭാഗത്തിന് 14, മുസ്ലീമിന് 12, ലത്തീൻ കത്തോലിക്ക/ആംഗ്ലോ ഇന്ത്യൻ 4, ഒ.ബി.സി 3, ധീവര 1, വിശ്വകർമ്മജർ 3, നാടാർ 2, പട്ടികവർഗ്ഗം 2, ക്രിസ്തുമതം സ്വീകരിച്ച പട്ടികജാതിക്കാർ 1 എന്നിങ്ങനെയാണ് വീതം വയ്പ് (ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള തസ്തികകൾക്ക്). ബാക്കിയുള്ള 50 ഒഴിവുകൾ മെറിറ്റടിസ്ഥാനത്തിൽ പോകുമ്പോൾ ഉദ്യോഗ നിയമനങ്ങളിൽ ആർക്കാണ് കൂടുതൽ നേട്ടം ലഭിക്കുക?

കേന്ദ്ര - സംസ്ഥാന സർക്കാർ ഉദ്യോഗങ്ങളിൽ ഇന്നും ആനുപാതിക പ്രാതിനിധ്യം ദളിത് വിഭാഗത്തിന് ലഭിക്കാത്തതിന്റെ കാരണം ഇതാണ്. ഒരു പട്ടികജാതിക്കാരൻ ഒന്നാം റാങ്കിൽ പരീക്ഷ പാസായാലും സംവരണാടിസ്ഥാനത്തിലേ അയാൾക്ക് നിയമനം സാദ്ധ്യമാവുകയുള്ളൂ.

സാമൂഹികമായും സാമ്പത്തികമായും ഏറ്റവും അവശത അനുഭവി

www.malankaralibrary.com

ക്കുന്ന പട്ടിക വിഭാഗങ്ങൾക്ക് വെറും എട്ടുശതമാനം മാത്രം സംവരണം ലഭിക്കുമ്പോൾ താരതമ്യേന ഉയർന്ന സാമൂഹിക സാമ്പത്തിക പദവിയിലുള്ള മറ്റു വിഭാഗങ്ങൾക്ക് 14ഉം 12ഉമൊക്കെ ശതമാനം സംവരണം കിട്ടുന്നു. പക്ഷേ, തൊഴിലിടത്തിൽചെല്ലുമ്പോൾ ഇവരെല്ലാം സവർണരും യോഗ്യരുമാവുകയും ദളിതർ മാത്രം സംവരണക്കാരായി മുദ്രകുത്തപ്പെടുകയും ചെയ്യുന്നു.

സംവരണ സംബന്ധമായ കണക്കുകളൊന്നും പത്രങ്ങൾ ഗൗരവപൂർവം പരിഗണിക്കുന്നില്ല. എന്നതിന് കാരണം ഒരു പക്ഷേ, പത്രപ്രവർത്തകരൊന്നും സംവരണത്തിന്റെ ആനുകൂല്യം കാത്തുനിൽക്കുന്നവരല്ല എന്നതാവാം. പക്ഷേ, തങ്ങളെ സംബന്ധിക്കാത്തതൊന്നും വാർത്തയല്ല എന്നല്ലേ അതർത്ഥമാക്കുന്നത്? സ്വന്തം താല്പര്യം വാർത്തയെഴുത്തിൽ പ്രതിഫലിപ്പിക്കുന്നത് പത്രപ്രവർത്തനത്തിന്റെ ന്യൂനതകളിലൊന്നാണെന്ന് പത്രപ്രവർത്തന വിദ്യാർത്ഥികൾക്കുപോലുമറിയാം. ആ സ്ഥിതിക്ക് സംവരണാനുകൂല്യം ലഭിക്കേണ്ട ആളുകളും പത്രവായനക്കാരുടെ ഗണത്തിലുണ്ടെന്ന് പത്രമാനേജുമെന്റുകളും പത്രത്തൊഴിലാളികളും  തിരിച്ചറിയേണ്ടിയിരിക്കുന്നു.

പബ്ലിക് സർവീസ് കമ്മിഷനിലെ നിയമനനടപടികൾ കുറ്റമറ്റതല്ലെന്ന് സുവ്യക്തമാക്കുന്ന വാർത്തകൾ എത്രയോ വന്നുകഴിഞ്ഞു. അഭിലാഷ് പിള്ളമാരും ജെ.പി. മാരും അരങ്ങുതകർത്താടിയ പി.എസ്.സി. തട്ടിപ്പുകളുടെ യഥാർത്ഥ സ്ഥിതി, പുറത്തുവന്നതിനേക്കാൾ എത്രയോ ഭീകരമായിരിക്കാം. റാങ്കുലിസ്റ്റ് വന്നതിനുശേഷമുള്ള നിയമന നടപടികളിൽ ഇത്രയൊക്കെ സംഭവിക്കുന്നുവെങ്കിൽ പരീക്ഷാപേപ്പറിന്റെ മൂല്യനിർണയം മുതൽ റാങ്ക്‌ലിസ്റ്റ് തയ്യാറാക്കൽ വരെയുള്ള ഘട്ടങ്ങളിൽ എന്തെല്ലാം നടന്നിരിക്കണം! ഇതൊക്കെ അന്വേഷിക്കാനും അർഹതപ്പെട്ടത് പിടിച്ചുവാങ്ങാനും ഇനിയും ത്രാണി നേടിയിട്ടില്ല പട്ടികവിഭാഗത്തിലെ ഉദ്യോഗാർത്ഥി സമൂഹം. പത്താംക്ലാസ് പൂർത്തിയാക്കിയ അന്നുമുതൽ നാല്പതു വയസ്സു തികയുന്ന ദിവസം വരെ പി.എസ്.സി. അപേക്ഷകൾ അയയ്ക്കുകയും പരീക്ഷ എഴുതി ജീവിതം തുലയ്ക്കുകയും ചെയ്യുന്ന അവർ നാല്പതു വയസ്സു കഴിയുന്നതോടെ ജോലി സ്വപ്നം ഉപേക്ഷിച്ച്, അപ്പനപ്പൂപ്പന്മാരെപ്പോലെ കൂലിപ്പണിക്കിറങ്ങുകയാണ്  പതിവ്.

സംവരണം ദളിതർക്കു മാത്രം ലഭിക്കുന്ന ഔദാര്യമല്ല എന്നെങ്കിലും എല്ലാവരും മനസിലാക്കണം. സംവരണത്തിന്റെ പേരിൽ എന്നും അപമാനിതരാവുന്നത് ദളിതർ മാത്രമാണെന്നും, പന്ത്രണ്ടും പതിനാലും ശതമാനം സംവരണം വാങ്ങുവന്നവരെയും കൂടി ഇടയ്ക്കൊക്കെ ഒന്നപമാനിച്ച് നിർവൃതി കൊള്ളാനും സവർണരായ ഭൂരിപക്ഷം ഉദ്യോഗസ്ഥ പ്രഭുക്കൾക്ക് മനസുണ്ടാവണം.

www.malankaralibrary.com

# പി.എസ്.സി. സംവരണം റൊട്ടേഷൻ ക്രമത്തിൽ

| ഇനം | ഈഴവ തീയ്യ ബില്ലവ | മുസ്ലീം | പട്ടിക ജാതി | ലാറ്റിൻ കാത്ത ലിക് ആംഗ്ലോ ഇന്ത്യൻ | മറ്റു പി ന്നോക്ക ഒ.ബി. സി | ധീവർ | വിശ്വ കർമ്മ | നാടാർ | പട്ടിക വർഗ്ഗം | ക്രിസ്തു മതം സ്വീക രിച്ച പട്ടിക ജാതി |
|---|---|---|---|---|---|---|---|---|---|---|
| ലാസ്റ്റ് ഗ്രേഡ് തസ്തിക | ആകെ11<br>2,14,28,34 42,54,58,74, 78, 82,98 | ആകെ10<br>6,16,26,36,36, 56,66,76,86 96 | ആകെ 8<br>4,12,24,32 52,64,72,84 | ആകെ 4<br>8,22,68,94 | ആകെ 6<br>10,30,40 | ആകെ 2<br>15,88 | ആകെ 2<br>20,100 | ആകെ 3<br>38,60,80 | ആകെ 2<br>44,92 | ആകെ 2<br>48,62 |
| ലാസ്റ്റ് ഗ്രേഡ് തസ്തിക | ആകെ14<br>2,14,18,28 34,42,54,58, 62,74,78,82 88,98 | ആകെ12<br>6,16,26,30, 36,46,56,66, 76,80,86,96 | ആകെ 8<br>4,12,24,32 52,64,72, | ആകെ 4<br>8,22,68,94 | ആകെ 3<br>10,40,90 | ആകെ 1<br>50 | ആകെ 3<br>20,70,100 | ആകെ 2<br>38,60 | ആകെ 2<br>44,92 | ആകെ 1<br>48 |

റാങ്ക് ലിസ്റ്റിലെ 1,3,5,7,9,11...........99 എന്നിങ്ങനെ ഒന്നുമുതൽ 99 വരെയുള്ള ഒറ്റ സംഖ്യകളിലുള്ള റാങ്കുകൾ മെറിറ്റ് അടിസ്ഥാനത്തിലും ബാക്കിയുള്ള ഇരട്ടസംഖ്യകൾ മുകളിൽ വിവരിച്ച രീതിയിലും റൊട്ടേഷൻ ക്രമത്തിൽ വീതിച്ചിരിക്കുന്നു.

www.malankaralibrary.com

## സംവരണം; ഭരണഘടനാ വ്യവസ്ഥകൾ

*(ഭാരത സർക്കാർ നിയമ മന്ത്രാലയം – ഭാരതത്തിന്റെ ഭരണഘടന (പരിഷ്കരിച്ച മൂന്നാം പതിപ്പ്) 2000 ജനുവരി 31 വരെ ഭേദഗതി ചെയ്ത പ്രകാരം – കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മിഷൻ തർജ്ജമ ചെയ്ത് കേന്ദ്ര നിയമ മന്ത്രാലയത്തിന്റെ ഔദ്യോഗിക ഭാഷാ വിഭാഗം അംഗീകരിച്ചത് പേജ് 6 – 7)*

ഇന്ത്യൻ ഭരണഘടനയിലെ 15, 16 വകുപ്പുകളിലാണ് സാമുദായിക സംവരണം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

**15–ാം വകുപ്പ്: "മതമോ വർഗ്ഗമോ ജാതിയോ ലിംഗമോ ജനന സ്ഥലമോ അടിസ്ഥാനമാക്കിയുള്ള വിവേചനത്തിന്റെ നിരോധനം".**

1. മതം, വർഗ്ഗം, ജാതി, ലിംഗം, ജനന സ്ഥലം അല്ലെങ്കിൽ, അവയിൽ ഏതെങ്കിലും മാത്രം കണക്കാക്കി രാഷ്ട്രം യാതൊരു പൗരനോടും വിവേചനം കാണിക്കാൻ പാടുള്ളതല്ല.

2. യാതൊരു പൗരനും മതം, വർഗം, ജാതി, ലിംഗം, ജനനസ്ഥല എന്നിവയോ അവയിൽ ഏതെങ്കിലുമോ കണക്കാക്കി,

   (ക) കടകൾ, പൊതു ഭോജനശാലകൾ, ഹോട്ടലുകൾ, പൊതു വിനോദ സ്ഥലങ്ങൾ എന്നിവയിലേക്കുള്ള പ്രവേശനം; അല്ലെങ്കിൽ

   (ഖ) പൂർണ്ണമായോ ഭാഗികമായോ രാഷ്ട്രത്തിന്റെ പണം

www.malankaralibrary.com

കൊണ്ട് സംരക്ഷിക്കുന്നവയോ പൊതുജനങ്ങളുടെ ഉപയോഗത്തിനായി സമർപ്പിച്ചിട്ടുള്ളവയോ ആയ കിണറുകൾ, കുളങ്ങൾ, സ്നാന ഘട്ടങ്ങൾ, നിരത്തുകൾ, പൊതു വിശ്രമ സ്ഥലങ്ങൾ എന്നിവയുടെ ഉപയോഗം സംബന്ധിച്ച് യാതൊരു അവശതക്കും ബാദ്ധ്യതക്കും നിയന്ത്രണത്തിനും ഉപാധിക്കും വിധേയരാകുന്നതല്ല.

3. ഈ അനുഛേദത്തിലെ യാതൊന്നും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി ഏതെങ്കിലും പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നതിൽനിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.

4. (1951 ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം ചേർത്തത്.) ഈ അനുഛേദത്തിലോ 29-ാം അനുഛേദത്തിലെ 2-ാം ഖണ്ഡത്തിലോ ഉള്ള യാതൊന്നും **സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഏതെങ്കിലും വിഭാഗങ്ങളിൽ പെട്ട പൗരൻമാരുടെ ഉന്നമനത്തിനു വേണ്ടിയോ പട്ടികജാതിക്കാർക്കും പട്ടിക ഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടിയോ ഏതെങ്കിലും പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നതിൽനിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.**

**15-ാം വകുപ്പ്: "പൊതു ജീവനം സംബന്ധിച്ച വിഷയങ്ങളിൽ അവസര സമത്വം".**

1. എല്ലാ പൗരൻമാർക്കും രാഷ്ട്രത്തിന്റെ കീഴിലുള്ള ജീവനത്തെയോ അഥവാ ഏതെങ്കിലും ഉദ്യോഗത്തിലുള്ള നിയമനത്തെയോ സംബന്ധിച്ച വിഷയങ്ങളിൽ അവസര സമത്വം ഉണ്ടായിരിക്കുന്നതാണ്.

2. രാഷ്ട്രത്തിന്റെ കീഴിലുള്ള ഏതെങ്കിലും ജീവനത്തെയോ ഉദ്യോഗത്തെയോ സംബന്ധിച്ച് മതം, വർഗ്ഗം, ജാതി,. ലിംഗം, വംശം, ജനനസ്ഥലം, വാസസ്ഥലം എന്നിവയോ അവയിലേതെങ്കിലുമോ മാത്രം അടിസ്ഥാനമാക്കി യാതൊരു പൗരനും അയോഗ്യനാവുകയോ വിവേചനത്തിന് വിധേയനാവുകയോ ചെയ്യുന്നതല്ല.

www.malankaralibrary.com

3. ഈ അനുച്ഛേദത്തിലെ യാതൊന്നും (1956 ലെ ഭരണഘടന (7-ാം ഭേദഗതി) ആക്ട് 29-ാം വകുപ്പും പട്ടികയും പ്രകാരം ചേർത്തത്) ഒരു സംസ്ഥാനത്തിന്റേയോ യൂണിയൻ പ്രദേശത്തിന്റേയോ, സർക്കാരിന്റെ അല്ലെങ്കിൽ അതിനകത്തുള്ള ഏതെങ്കിലും തദ്ദേശാധികാരസ്ഥാപനത്തിന്റെ അല്ലെങ്കിൽ മറ്റധികാര സ്ഥാപനത്തിന്റെ കീഴിലുള്ള ജീവനത്തിന്റെയോ ഒരുദ്യോഗത്തിലേക്കുള്ള നിയമനത്തിന്റെയോ തരത്തെയോ തരങ്ങളെയോ സംബന്ധിച്ച് അങ്ങനെയുള്ള ജീവനത്തിനോ, നിയമനത്തിനോ, മുമ്പ് ആ സംസ്ഥാനത്തോ യൂണിയൻ പ്രദേശത്തോ ഉള്ള താമസത്തിന്റെ ആവശ്യകതയെ നിർണയിക്കുന്ന ഏതെങ്കിലും നിയമം ഉണ്ടാക്കുന്നതിൽനിന്ന് പാർലമെന്റിനെ തടയുന്നതല്ല.

4. **ഈ അനുച്ഛേദത്തിലെ യാതൊന്നും രാഷ്ട്രത്തിന്റെ അഭിപ്രായത്തിൽ രാഷ്ട്രത്തിന്റെ കീഴിലുള്ള സർവ്വീസ്സുകളിൽ മതിയായിടത്തോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത ഏതെങ്കിലും പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട പൗരൻമാർക്ക് നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യുന്നതിന് ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിൽനിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.**

4 (ക) (1995ലെ ഭരണഘടന (77-ാം ഭേദഗതി) ആക്ട് 2-ാം വകുപ്പു പ്രകാരം ചേർത്തത്.) ഈ അനുച്ഛേദത്തിലെ യാതൊന്നും രാഷ്ട്രത്തിന്റെ അഭിപ്രായത്തിൽ രാഷ്ട്രത്തിന്റെ കീഴിലുള്ള സർവ്വീസുകളിലെ ഏതെങ്കിലും തരത്തിലോ തരങ്ങളിലോ ഉള്ള തസ്തികകളിൽ **മതിയായിടത്തോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പട്ടിക ജാതികൾക്കോ പട്ടിക ഗോത്ര വർഗ്ഗങ്ങൾക്കോ ഉദ്യോഗ കയറ്റത്തിന്റെ സംഗതിയിൽ സംവരണത്തിനുവേണ്ടി ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിൽനിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.**

5. ഈ അനുച്ഛേദത്തിലെ യാതൊന്നും തന്നെ മതപരമോ മത

www.malankaralibrary.com

വിഭാഗപരമോ ആയ ഏതെങ്കിലും സ്ഥാപനത്തിന്റെ കാര്യ ങ്ങളെ സംബന്ധിക്കുന്ന ഒരുദ്യോഗം വഹിക്കുന്ന ആളോ അതിന്റെ ഭരണസമിതിയിലെ ഏതെങ്കിലും അംഗമോ പ്ര ത്യേക മതത്തിൽ വിശ്വസിക്കുയോ ഒരു പ്രത്യേക മതവി ഭാഗത്തിൽ ഉൾപ്പെടുകയോ ചെയ്യുന്ന ആൾ ആയിരിക്കണ മെന്ന് വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമം നടപ്പാ ക്കുന്നതിനെ ബാധിക്കുന്നതല്ല.

മേൽ വിവരിച്ച വകുപ്പുകളുടെ അടിസ്ഥാനത്തിലാണ് പാർല മെന്റിലും സംസ്ഥാന - നിയമ നിർമ്മാണ സഭകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജനാധിപത്യ നിയമപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര വർഗ്ഗങ്ങൾക്കും സ്ത്രീ കൾക്കും സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്. ഇതേ വകുപ്പുകളുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ സർവ്വീസിലും സംസ്ഥാന സർക്കാർ സർവ്വീസിലും വിദ്യാഭ്യാസ പ്രവേശന ത്തിനും ഉദ്യോഗ നിയമനങ്ങളിലും പട്ടിക ജാതി - വർഗ്ഗ വിഭാഗങ്ങൾക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും സംവരണം നൽകുന്നതിന് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ വ്യത്യസ്ത കാലങ്ങളിൽ നിയമ നിർമ്മാണം നടത്തിയിട്ടുള്ളത്.

www.malankaralibrary.com

# സംവരണ വിരുദ്ധ വിചാരങ്ങൾ

ദളിത് വിഭാഗങ്ങൾക്ക് ലഭിക്കുന്ന സംവരണത്തെക്കുറിച്ച് ഇതരവിഭാഗങ്ങളിൽ നിന്ന് മുറുമുറുപ്പുകൾ സാധാരണയാണ് ഇപ്പോഴും. ജാതിയുടെ അടിസ്ഥാനത്തിൽ അസ്പൃശ്യരായവരെ മുഖ്യധാരയിലേക്കുയർത്താൻ ഭരണഘടന നൽകിയ പ്രത്യേക ആനുകൂല്യമായ സംവരണത്തോട് മറ്റുള്ളവർക്കുണ്ടായ പ്രതിഷേധമാണ് ആ മുറുമുറുപ്പുകളിൽ തെളിഞ്ഞു കണ്ടത്.

സംവരണം എന്ന ആശയത്തെ ആദ്യമെതിർത്തത് മഹാത്മാഗാന്ധിയാണെന്നും അദ്ദേഹത്തിന് മറ്റു സവർണ്ണർ പിന്തുണ പ്രഖ്യാപിച്ചുവെന്നും നമുക്കറിയാം. എന്നാൽ സംവരണത്തിന്റെ സംരക്ഷണയില്ലാതെ അധഃസ്ഥിത ജനത മുഖ്യധാരയിലേക്ക് എത്തില്ല എന്ന് അംബേദ്ക്കർക്ക് ഉറപ്പായിരുന്നു. ഭരണഘടനയുടെ അനുച്ഛേദം 16 (4) പ്രകാരം സംസ്ഥാനസർവീസിൽ 10 ശതമാനവും കേന്ദ്ര സർവീസിൽ 22.5 ശതമാനവുമാണ് പട്ടികജാതി/വർഗ്ഗക്കാർക്ക് മാറ്റിവച്ചിരിക്കുന്നത്. എന്നാൽ കാലം പിന്നിട്ടപ്പോൾ ആവശ്യപ്പെട്ടവർക്കെല്ലാം സംവരണം കിട്ടിത്തുടങ്ങി. അധഃസ്ഥിത വർഗത്തിനുള്ള സംവരണത്തേക്കാൾ കൂടുതൽ സംവരണം മറ്റുള്ളവർക്കായി.

വസ്തുത ഇതായിട്ടും സംവരണമെന്നത് പട്ടികജാതി-വർഗങ്ങൾക്കു മാത്രം സർക്കാർ നൽകുന്ന ഔദാര്യമാണെന്നാണ് പൊതുസമൂഹത്തിന്റെ കാഴ്ചപ്പാട്.

www.malankaralibrary.com

## സംവരണം വിവിധ വിഭാഗങ്ങൾക്ക്

(ലാസ്റ്റ് ഗ്രേഡിതര തസ്തികകൾ ശതമാനത്തിൽ)

| SC | ST | Ezhava | Muslim | OBC | LC |
|---|---|---|---|---|---|
| 8 | 2 | 14 | 12 | 3 | 4 |
| Dheevara | Viswa | Nadar | Dalith Christian | | |
| 1 | 3 | 2 | 1 | | |

1971ലെ കണക്കനുസരിച്ച് കേരളത്തിലെ പട്ടികജാതി ജനസംഖ്യ മൊത്തം ജനസംഖ്യയുടെ എട്ടരശതമാനത്തിൽ കുറവായിരുന്നു. അതനുസരിച്ചാണ് പട്ടികജാതി സംവരണം 8 ശതമാനമാക്കിയത്. പട്ടികജാതിയിൽ ഏറ്റവും അംഗബലമുള്ള സമുദായമാണ് പുലയർ. മലബാറിലെ പുലയരെ തെറ്റായി പട്ടികവർഗ്ഗ ലിസ്റ്റിലാണ് ചേർത്തിരുന്നത്. 1976ൽ ഈ തെറ്റു തിരുത്തിയപ്പോൾ പട്ടികജാതി ജനസംഖ്യ പത്തു ശതമാനമായി ഉയർന്നു. ഇത് കണക്കിലെടുത്ത് കേരളത്തിലെ സംവരണ ക്വാട്ട എട്ടുശതമാനത്തിൽ നിന്നും പത്തുശതമാനമാക്കി കേന്ദ്ര സർക്കാർ ഉയർത്തി. കേരളത്തിലെ കേന്ദ്ര ഓഫീസുകളിൽ ഇത് നടപ്പിലായി. സംസ്ഥാന സർവീസിലും പത്തുശതമാനം സംവരണം വേണമെന്ന കേന്ദ്രനിർദ്ദേശം പാലിക്കാൻ ഇതുവരെയും സംസ്ഥാന സർക്കാരിനായിട്ടില്ല. പട്ടികജാതിക്ക് 2% കൂട്ടിയാൽ മറ്റു സംവരണ സമുദായങ്ങളുടേതിൽ നിന്നും രണ്ടുശതമാനം കുറയ്ക്കേണ്ടി വരും. സർക്കാരിനു തലവേദനയാവാൻ ഇതുമതിയല്ലോ...

ഇത്രയും ഗുരുതരമായ അവസ്ഥ നിലവിലുള്ളപ്പോഴാണ് പട്ടികജാതി ലിസ്റ്റിൽ പുതിയ സമുദായങ്ങളെ ഉൾപ്പെടുത്തണമെന്ന് പലരും വാദിക്കുന്നത്. പുതുതായി ശുപാർശ ചെയ്യപ്പെട്ട സമുദായങ്ങളെല്ലാം ലിസ്റ്റിൽ ഉൾപ്പെട്ടാൽ പട്ടികജാതി ജനസംഖ്യ 20 ശതമാനമാവും. നിലവിൽ ഒ.ബി.സി. സംവരണം അനുഭവിക്കുന്നവരാണ് പട്ടികജാതി ലിസ്റ്റിൽ കടന്നുകൂടാൻ ആഗ്രഹിക്കുന്നത്. ഇവർ പട്ടികജാതിക്കാരാവുമ്പോൾ ഒ.ബി.സി.യുടെ സംവരണ ശതമാനം കുറയ്ക്കാൻ സമ്മതിക്കുമോ? പട്ടികജാതി ലിസ്റ്റ് വിപുലീകരണം എല്ലാ സമുദായങ്ങളെയും ബാധിക്കുമെന്നു പറയുന്നത് അതുകൊണ്ടാണ്.

www.malankaralibrary.com

പട്ടികയിലെ ജാതികളുടെ എണ്ണം എത്രയായാലും, ആ ജാതികളെല്ലാം ചേർന്ന ഒരൊറ്റ ജാതിയാണെന്ന് സുപ്രീംകോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിനാൽ പട്ടികജാതിക്കാർ തമ്മിൽ സബ്റൊട്ടേഷൻ സാധ്യവുമല്ല.

ലിസ്റ്റിൽ ഇപ്പോൾ ഉള്ളവരും പുതുതായി ഉൾപ്പെടുന്നവരും ഒരേ ജാതി എന്ന നിലയിൽ പട്ടികജാതി സംവരണത്തിന്റെ ഗുണഫലങ്ങൾക്കായുള്ള പൊതുമൽസര പരീക്ഷകളിൽ പങ്കെടുക്കേണ്ടി വരും.

ലിസ്റ്റിലെ നവാഗതർ, താരതമ്യേന മെച്ചപ്പെട്ട സാമൂഹ്യ-വിദ്യാഭ്യാസ നിലവാരത്തിലുള്ളവരായിരിക്കാനാണ് സാദ്ധ്യതയേറെ. പട്ടികജാതി ക്വാട്ടയിലുള്ള ഉദ്യോഗങ്ങളും മെഡിക്കൽ-എൻജിനീയറിംഗ്, ബിരുദാനന്തര പഠന സൗകര്യങ്ങളും അക്കൂട്ടർ കുത്തകയാക്കും. അതോടെ, പട്ടികജാതി സംവരണം സംബന്ധിച്ച് ഭരണഘടനയിൽ വ്യവസ്ഥ ചെയ്ത കാര്യങ്ങൾ യഥാർത്ഥ പട്ടികജാതിക്കാർക്ക് നഷ്ടമാവുകയും ചെയ്യും.

വസ്തുതകൾ ഇതായിരിക്കേയാണ് പട്ടികജാതി ലിസ്റ്റിൽ നിങ്ങളെയും ഉൾപ്പെടുത്താമെന്ന് ചില രാഷ്ട്രീയക്കാർ നാടുനീളെ വാഗ്ദാനം നൽകിക്കൊണ്ടിരിക്കുന്നത്.

www.malankaralibrary.com

# കേരളത്തിലെ ദളിത് വിഭാഗക്കാർ
# ജീവിതവും സംസ്കാരവും

എ.ഡി. 500 വരെ കേരളത്തിലെ ജനങ്ങളിൽ ഭൂരിപക്ഷത്തിനും പ്രത്യേക മതമൊന്നും ഉണ്ടായിരുന്നില്ലെന്ന് കേരളചരിത്ര പഠനങ്ങൾ വ്യക്തമാക്കുന്നു. ഒരു മതത്തിലും അധിഷ്ഠിതമല്ലാത്ത ദ്രാവിഡ ആചാരങ്ങളായിരുന്നു അന്നത്തെ കേരള ജനതയുടേത്. അഞ്ചാം നൂറ്റാണ്ടിനു ശേഷമാണ് ദ്രാവിഡർക്കു മേൽ ആര്യാധിനിവേശം തുടങ്ങുന്നത്. ആയുധത്തിന്റെ ശക്തി കൊണ്ടല്ല, സമാധാനത്തിന്റെ നയോപായങ്ങൾ കൊണ്ടാണ് ദ്രാവിഡജനതയ്ക്കുമേൽ അവർ ആധിപത്യം ഉറപ്പിച്ചത്.



www.malankaralibrary.com

9-ാം നൂറ്റാണ്ടോടെ ആര്യമതത്തിന്റെ സ്വാധീനശക്തി വർദ്ധിക്കുകയും ചാതുർവർണ്യത്തിൽ അധിഷ്ഠിതമായ ആര്യപ്രമാണങ്ങൾ പ്രചരിക്കുകയും ചെയ്തു. സംഘകാലത്തിന്റെ പൂർവഘട്ടങ്ങളിൽ ഉന്നത പദവിയിലായിരുന്ന അധ്വാനിക്കുന്ന വർഗങ്ങൾ ആര്യാധിനിവേശത്തോടെ കീഴാളരായി മാറുകയാണുണ്ടായത്. ചാതുർവർണ്യത്തിന്റെ മറവിലാണ് ആര്യന്മാർ ഈ അധിനിവേശം നടത്തിയത്. ശാരീരികാധ്വാനം ആവശ്യമുള്ള പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്നവർ സമൂഹത്തിന്റെ ഏറ്റവും താണ പടിയിലുള്ള ഹീനജാതിക്കാരായി മാറിയത് അങ്ങനെയാണ്.

തൊഴിലിന്റെ അടിസ്ഥാനത്തിൽ ആളുകളെ ജാതികളായി തിരിച്ചു എന്നു മാത്രമല്ല, ജാതിക്കുള്ളിൽത്തന്നെ ഉപജാതികളുമുണ്ടായി. ജന്മിയുടെ അധീനതയിൽ അയാളുടെ അടിമയായാണ് കീഴ്ജാതിക്കാർ ജീവിച്ചിരുന്നത്. മൃഗങ്ങൾക്കു കിട്ടുന്ന പരിഗണനപോലും ഈ സാധുക്കൾക്കു ലഭിച്ചിരുന്നില്ല. നല്ല ആഹാരമോ, നല്ല വസ്ത്രമോ, നല്ല പാർപ്പിടമോ അവർക്ക് അനുവദനീയമായിരുന്നില്ല. താഴ്ന്ന ജാതിക്കാർക്ക് പാത്രത്തിൽ കഞ്ഞി കൊടുക്കില്ല. നിലത്തുകുത്തിയ കുഴിയിൽ ഇലവച്ച് അതിലാണ് കഞ്ഞിയൊഴിച്ചു കൊടുക്കുക. സവർണരുടെ സഞ്ചാരവഴിയിൽ ഇവർ തീണ്ടാപ്പാടകലം സൂക്ഷിക്കണം. ഇതെല്ലാം പാലിച്ചില്ലെങ്കിൽ വധശിക്ഷയോ മൃഗീയ ശാരീരിക പീഡനമോ ഉറപ്പായിരുന്നു. ഉൾപ്രദേശങ്ങളിലോ കുന്നിൻമുകളിലോ ഒക്കെയാണ് താഴ്ന്ന ജാതിക്കാർ താവളമുറപ്പിച്ചത്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ വരെ കേരളത്തിൽ അധഃസ്ഥിത ജനവിഭാഗങ്ങളിലാരും വിദ്യാഭ്യാസം നേടുകയോ സംസ്കൃത ജീവിതം നയിക്കുകയോ ചെയ്തിട്ടില്ല. വിദേശശക്തികളുടെ വരവോടെ, പ്രത്യേകിച്ച് ബ്രിട്ടീഷുകാരുടെ വരവോടെയാണ് താഴ്ന്ന ജാതിക്കാരിൽ ചിലർക്കെങ്കിലും അക്ഷരത്തിന്റെ വെളിച്ചം ലഭിച്ചുതുടങ്ങിയത്. താഴ്ന്ന ജാതിക്കാർക്കിടയിലെ വിദ്യാഭ്യാസമുള്ള പലരും തങ്ങളുടെ കൂട്ടരുടെ ദുരവസ്ഥയിൽ ദുഃഖിക്കുന്നവരായിരുന്നു. അടിമത്തത്തിന്റെ മഹാന്ധകാരത്തിൽ നിന്ന് സ്വന്തം ജനതയെ മോചിപ്പിക്കണമെന്ന ആഗ്രഹം അവരിൽ പലർക്കുമുണ്ടായിരുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ അയിത്ത ജാതിക്കാർക്കിടയിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെ കാഹളനാദമുയർത്തിയത് എഴുത്തും വായനയും പഠിച്ച ഇവരുടെ കർമധീരതയായിരുന്നു.

www.malankaralibrary.com

## കേരളത്തിലെ പട്ടികജാതികൾ

കേരള പബ്ലിക് സർവീസ് കമ്മിഷൻ ഉദ്യോഗ നിയമനങ്ങൾക്കായി അംഗീകരിച്ച പട്ടികജാതി ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ആദി, ആന്ധ്ര, ആദി ദ്രാവിഡ, ആദി കർണാടക, ആജില, അരുന്ധതീയ, അയ്യനവർ, ബൈര, ബകുഡ, ബണ്ടി, ബതഡ, ബെല്ലാര, ഭരതർ, ബോയൻ, ചക്ലിയൻ, ചാമർ, മുച്ചി, ചണ്ഡാലർ, ചെറുമർ, ഡൊംബൻ, ഗവരൻ, ഗഡാഗലി, ഗൊഡ്ഡ, ഗോസംഗി, ഹസ്‌ല, ഹോലിയ, കടയൻ, കാക്കാലൻ, കല്ലടി, കണക്കൻ, പടന്ന, കരിമ്പാലൻ, കവരൻ, കൂമ്പ, കൂട്ടൻ, കൂടൻ, കുടുംബൻ, കുറവൻ, സിദ്ധനർ, മൈല, മലയൻ, മണ്ണാൻ, മാവിലാൻ, മോഗർ, മുണ്ഡാലർ, നാലക്കേയവർ, നാൽക്കടയർ, നായാടി, പടന്നൻ, പള്ളൻ, പള്ളുവൻ, പാമ്പാടർ, പാണൻ, പഞ്ചമൻ, പറയൻ, പറൈയൻ, സാംബവർ, പറവൻ, പതിയൻ, പെരുമണ്ണാൻ, പുലയൻ, ചേരമൻ, പുലയ, വേട്ടുവർ, പുത്തിരി, വണ്ണാൻ, രാണേയർ, സമേഗരൻ, സെമ്മാൻ, തണ്ടാൻ, തോട്ടി, വള്ളോൻ, വള്ളുവൻ, വണ്ണാൻ, വേലൻ, വേട്ടുവൻ, വേടൻ എന്നിങ്ങനെ എഴുപതോളം ജാതികളുണ്ട് ഈ ലിസ്റ്റിൽ. ഇതിൽ എൺപതു ശതമാനത്തിലേറെപ്പേരും ലക്ഷംവീടു കോളനികളിലും മറ്റ് അവികസിത ആവാസകേന്ദ്രങ്ങളിലും ജീവിക്കുന്നവരാണ്. പ്രാഥമിക വിദ്യാഭ്യാസമോ, കാലാനുസൃത ജീവിതാഭിവൃദ്ധിയോ ഇന്നും ഇവർക്ക് അന്യമാണെന്നത് അതിശയോക്തിയല്ല.

സംവരണത്തിന്റെ ആനുകൂല്യങ്ങളൊന്നും ഇവർക്കിടയിൽ വേണ്ട വിധത്തിൽ എത്തുന്നില്ല എന്ന് വ്യാപകമായി പരാതികൾ ഉയരുന്നുണ്ട്. അഭ്യസ്തവിദ്യരായ യുവാക്കളിൽ ഭൂരിഭാഗവും സർക്കാർ ജോലി ലഭിക്കാതെ കുലത്തൊഴിലിലേക്കും ഇതര കൂലിത്തൊഴിലിലേക്കും തിരിച്ചു പോകുന്നു എന്നത് വസ്തുതയാണ്.

പട്ടികജാതിക്കാർക്ക് എല്ലാ സംവരണവും നൽകുന്നു എന്ന പരിഷ്കൃത സമൂഹത്തിന്റെ നാവേറിന് മറുപടി പട്ടികജാതി സമൂഹത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ അതിദയനീയവും അപമാനിതവുമായ ജീവിതം തന്നെയാണ്.

പൊതുപരീക്ഷകളിൽ എത്രയേറെ കഠിനാദ്ധ്വാനം ചെയ്തു മൽസരിച്ചാലും പട്ടികവിഭാഗക്കാരിൽ പലരും പിന്തള്ളപ്പെട്ടുപോകുന്നു. സംവരണവിഭാഗങ്ങളിൽത്തന്നെ ഭേദപ്പെട്ട സാമൂഹ്യപശ്ചാത്തലത്തിലുള്ള

www.malankaralibrary.com

വർക്കാണ് പലപ്പോഴും സർക്കാർ ഉദ്യോഗങ്ങൾ ലഭിച്ചുകാണുന്നത് ഇങ്ങനെയായാൽ ജാതിവിവേചനം രൂക്ഷമാവുകയേയുള്ളൂ. സ്വകാര്യ സ്ഥാപനങ്ങൾ ഈ സമൂഹത്തിനു നേരെ വാതിലുകൾ കൊട്ടിയട യ്ക്കുന്നത് പുതുമയുള്ള കാര്യമല്ലെന്ന് പത്രസ്ഥാപനങ്ങളിലെ ദളിത് ജേർണലിസ്റ്റുകളെക്കുറിച്ച് പ്രതിപാദിച്ചപ്പോൾ സൂചിപ്പിച്ചതാണല്ലോ.

ദളിത് സമുദായത്തിലെ ഭൂരിഭാഗം പേരും ശാരീരികാദ്ധ്വാനം ആവശ്യം വരുന്ന കൂലിത്തൊഴിലുകളിൽ ഏർപ്പെട്ടവരാണ്. അവരിൽ പലരും മദ്യപാനത്തിന് അടിമപ്പെടുന്നു എന്നതും സ്വാഭാവികമാണ്. മദ്യപാനത്തിന് അടിപ്പെട്ട ഇവരുടെ കുടുംബജീവിതവും ശിഥിലമാകുന്നു. പലപ്പോഴും ഇത്തരം വീടുകളിൽ നിന്നുള്ള കുട്ടികൾ ഇടയ്ക്കു വച്ച് പഠനം നിർത്തുകയും തൊഴിൽ തേടി പോവുകയും ചെയ്യുന്നു. സാമൂഹികമായ ഒരു അച്ചടക്കമില്ലായ്മ ദളിത് സമുദായത്തിൽ പലേടത്തും കണ്ടുവന്നതിനു കാരണം മദ്യത്തിന്റെ സ്വാധീനമാണ്. കോളനി പ്രദേശങ്ങളെ ചുറ്റിപ്പറ്റി മദ്യ-മയക്കുമരുന്നു മാഫിയകൾ വളരുന്നുണ്ട് എന്നു ചില പത്രവാർത്തകൾ സൂചിപ്പിക്കുന്നു.

www.malankaralibrary.com

# വർക്കല കൊലപാതകവും ഡി. എച്ച്. ആർ. എമ്മും

മുത്തങ്ങയും ചെങ്ങറയും പോലെ പത്രങ്ങൾക്ക് ഏറെക്കാലത്തേക്ക് കിട്ടിയ വിശിഷ്ടവാർത്തയായിരുന്നു വർക്കലയിലെ ശിവപ്രസാദ് എന്ന യാളുടെ കൊലപാതകം. പുലർച്ചേ നടക്കാനിറങ്ങിയ, പ്രത്യേകിച്ച് ആരും ശത്രുക്കളില്ലാതിരുന്ന ശിവപ്രസാദ് എന്ന 61 കാരൻ അജ്ഞാ തരായ അക്രമികളുടെ വെട്ടേറ്റ് മരിച്ചു എന്ന വാർത്ത മാധ്യമങ്ങളിൽ നിറഞ്ഞുനിന്നത് 2009 സെപ്തംബർ മാസത്തിലായിരുന്നു.




ഈ കൊലപാതകവുമായി ബന്ധപ്പെട്ട് അറസ്റ്റിലായത് വർക്ക ലയിലെ പട്ടികജാതി കോളനി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ദളിത് ഹ്യൂമൻ റൈറ്റ്സ് മൂവ്മെന്റ് (ഡി.എച്ച്.ആർ.എം.) എന്ന സംഘ ടനയിലെ ചിലരാണ്.

ശിവപ്രസാദിനെ വധിച്ചത് ഡി.എച്ച്.ആർ.എം.കാരാണ് എന്ന തിന് ഒരു തെളിവും ഹാജരാക്കി യിട്ടില്ല, ഇതേവരെ ആരും.

ടൂറിസ്റ്റ് കേന്ദ്രമായ വർക്കലയിൽ മദ്യത്തിന്റെയും മയക്കുമരുന്നി ന്റെയും ഉപയോഗം വ്യാപകമാ ണെന്നും വർക്കല തൊടുവെ

www.malankaralibrary.com

കോളനിയിലെ പുരുഷന്മാരിൽ പലരും മദ്യത്തിനും മയക്കുമരുന്നിനും അടിമകളാണെന്നും അതിൽ നിന്ന് അവരെ പിന്തിരിപ്പിക്കുക എന്ന തായിരുന്നു ദളിത് ഹ്യൂമൻറൈറ്റ്സ് മൂവ്മെന്റ് എന്ന ഡി.എച്ച്.ആർ.എ മ്മിന്റെ ഉദ്ദേശ്യമെന്നും പ്രമുഖ മാധ്യമ പ്രവർത്തകൻ ബി.ആർ.പി. ഭാസ്കർ എഴുതുന്നു. (സമകാലിക മലയാളം വാരിക നവംബർ 20, 2009)

ശിവപ്രസാദിന്റെ മരണത്തിൽ തങ്ങൾക്ക് യാതൊരു പങ്കുമില്ലെന്ന് പറഞ്ഞിട്ടും തീവ്രവാദികളെന്നു മുദ്രകുത്തി ഡി.എച്ച്.ആർ.എമ്മിന്റെ പ്രവർത്തകരുടെ വീടുകൾ തകർക്കുകയും സ്ത്രീകളെ വെട്ടിപ്പരി ക്കേൽപ്പിക്കുകയും ചെയ്തു, അവിടത്തെ നാട്ടുകാർ.

ദളിത് കോളനിയിലെ പുരുഷന്മാർ പലരും ഒളിവിൽ പോയി. സ്ത്രീകൾ പോലീസിന്റെയും നാട്ടുകാരുടെയും പീഡനങ്ങൾക്കിരയാ യി. "പോലീസിന്റെ കണ്ണിൽ അവിടെ രണ്ടുതരം ആൾക്കാരാണ് ഒന്ന്, നാട്ടുകാർ, രണ്ട് ഡി.എച്ച്.എമ്മുകാർ. സുധി എന്ന ചെറുപ്പക്കാരന്റെ വീടുപൂട്ടി പോലീസ് താക്കോലും കൊണ്ടുപോയി. പ്രായമായ അമ്മയും ചെറുപ്പക്കാരിയായ പെങ്ങളും വരാന്തയിൽ കിടന്നുറങ്ങുന്നു. വീട്ടുമു റ്റത്ത് കഞ്ഞിവെക്കുന്നു. ഇത് എന്തുമാതിരി നിയമനിർവഹണമാ ണെന്നു മനസിലാകുന്നില്ല" – സംഭവസ്ഥലം സന്ദർശിച്ച മാധ്യമസം ഘത്തിന്റെ വാക്കുകൾ.

തൊടുവെ, വടശ്ശേരിക്കോണം, മുത്താന എന്നിവിടങ്ങളിലെ ദളിത് കോളനികളിലാണ് ഡി.എച്ച്.ആർ.എമ്മിന് പ്രവർത്തകരുള്ളത്. സ്ത്രീയും പുരുഷനും അംബേദ്കർ ചിത്രം പതിച്ച കറുപ്പു നിറത്തി ലുള്ള യൂണിഫോം ധരിക്കുന്നു. രാത്രികാലങ്ങളിൽ പഠനക്ലാസുകൾ എടുക്കുന്നു. ഡി.എച്ച്.ആർ.എം. പ്രവർത്തനം തുടങ്ങിയതോടെ കോള നിയിലെ പുരുഷന്മാർ ആരും മദ്യപിക്കുകയോ മയക്കുമരുന്ന് ഉപയോ ഗിക്കുകയോ ചെയ്തിട്ടില്ല. സവർണ്ണ ആചാരങ്ങൾ ഒഴിവാക്കി 'ദളി തനും ഇവിടെ ഒരിടമുണ്ട്' എന്ന ആത്മവിശ്വാസം കോളനിക്കാരിൽ പ്രതിഫലിപ്പിച്ചു, ഈ സംഘടന.

ഇതാണ് സ്ഥാപിത താല്പര്യക്കാരെ ചൊടിപ്പിച്ചത്. വർക്കലയിലെ കഞ്ചാവുവില്പനക്കാർക്ക് ദളിതരുടെ ചുവടുമാറ്റം ക്ഷീണം ചെയ്തി ട്ടുണ്ടാവണം. ദളിതരുടെ വീടുകൾ ആക്രമിച്ച നാട്ടുകാർ എന്നുപറയു ന്നത് ശിവസേനക്കാരാണെന്ന് സംഭവസ്ഥലം സന്ദർശിച്ച മാധ്യമ പഠ നസംഘത്തിന് ബോധ്യമായെന്നും പക്ഷേ ശിവസേനയുടെ

www.malankaralibrary.com

സാന്നിദ്ധ്യം മാധ്യമങ്ങൾ മറച്ചുവെച്ചുവെന്നും ബി.ആർ.പി. ഭാസ്കർ ആരോപിച്ചിരുന്നു.

"കേരളത്തിലെ ദളിതരിൽ പകുതിയിൽ അധികവും തെക്കൻ കേരളത്തിലെ നാലു ജില്ലകളിലായാണ് താമസിക്കുന്നത്. സാമൂഹികമായി ഏറ്റവും പിന്നോക്കം നിൽക്കുന്നവരും അവരാണ്. വർക്കലയിലെ ഭൂമാഫിയയാണ് കോളനിക്കാർക്കെതിരെ ആക്രമണങ്ങളുമായി ഇറങ്ങിയിരിക്കുന്നത്. അവർ കോളനി വിട്ടൊഴിഞ്ഞാൽ ഈ സ്ഥലം പിന്നെ ടൂറിസ്റ്റു കേന്ദ്രമാക്കാമല്ലോ"

ശിവപ്രസാദിന്റെ കൊലപാതകത്തിനു പിന്നിൽ ഈ പാവപ്പെട്ട ദളിതരാണെന്ന് മാഫിയകൾ ഉറപ്പിച്ചു പറഞ്ഞത് മാധ്യമങ്ങളും ആവർത്തിച്ചു. പോലീസും മാഫിയയും തമ്മിലുള്ള കൂട്ടുകെട്ട് ശക്തമായപ്പോൾ കോളനിയിലെ പാവപ്പെട്ട ദളിതരുടെ കാൽക്കീഴിലെ മണ്ണ് അപ്പാടെ ചോർന്നുപോയി. അവർ ആശ്രയത്തിനായി മുട്ടാത്ത വാതിലുകളില്ല. കോൺഗ്രസിലും മാർക്സിസ്റ്റുപാർട്ടിയിലും പ്രവർത്തിച്ചവർ ഈ കോളനിയിലുണ്ട്. പക്ഷേ, ഒരു പ്രശ്നം വന്നപ്പോൾ എം.എൽ.എ.യും എം.പിയുമെല്ലാം തങ്ങളെ വെറുപ്പോടെയാണ് വീക്ഷിച്ചതെന്ന് കോളനിവാസികൾ സംഘത്തോടു പറഞ്ഞു.



ജനാധിപത്യം വന്നാൽ

ജനപ്രതിനിധികളാരും സംഭവസ്ഥലം സന്ദർശിച്ചില്ല. ബി.ആർ.പി. ഭാസ്കറിന്റെ നേതൃത്വത്തിലുള്ള മാധ്യമപഠനസംഘം വന്നുപോയതിനു ശേഷമാണ് എസ്.സി/എസ്. ടി. കമ്മീഷൻ പോലും സ്ഥലം സന്ദർശിച്ചത്.

www.malankaralibrary.com

വർക്കലയിലെ ദളിത് കോളനികളിൽ ഡി.എച്ച്.ആർ. എമ്മിനെ എതിർ ക്കുന്ന ദളിതുകളുമുണ്ട്. അവർക്ക് മദ്യ-മയക്കുമരുന്ന് ലോബി യുമായി ബന്ധമുണ്ടാവാമെന്നാണ് മാധ്യമപഠനസംഘം വിലയിരുത്തിയ ത്. ഏതായാലും ദളിതർക്കിടയിൽ രണ്ടുചേരിയുണ്ടാക്കി തമ്മിലടി പ്പിച്ച് കാര്യം കാണുന്ന സവർണബുദ്ധി വർക്കലയിലും വിജയിച്ചിരി ക്കുന്നു എന്ന് വ്യക്തമായിരിക്കുകയാണ്.

നീതിനിർവഹണ വിഭാഗവും മാധ്യമങ്ങളും ഒരുപക്ഷം ചേർന്ന് നിന്ന പ്പോൾ ദുരിതത്തിലായത് സത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പക്ഷമാണ്. ഈ സത്യം വിളിച്ചുപറഞ്ഞതുകൊണ്ട് ബി.ആർ.പി. ഭാസ്കർ എൻ.ഐ.എ.യുടെ ചാരനാണെന്നും വിദേശപണം കൈപ്പ റ്റുന്ന രാജ്യദ്രോഹിയാണെന്നും കേരളം മുഴുവൻ പോസ്റ്ററുകൾ പ്രത്യ ക്ഷപ്പെട്ടിട്ടും മലയാളിയുടെ ചിന്തകളിൽ വ്യാകുലതയില്ല.

ദളിതുകൾ എന്നും സവർണന്റെ ബുദ്ധിയുടെ തണലിൽ നടക്കേണ്ടവരാണ് എന്നാണ് കേരളത്തിന്റെ മുഴുവൻ ചിന്ത. അതുകൊണ്ടാണ് തിരുവാക്കിന് എതിർവാക്കു പറയുവന്നവനെ ഡി.എച്ച്.ആർ. എം. എന്നും തീവ്രവാദിയെന്നും മുദ്രകുത്തി പീഡിപ്പിക്കാൻ സംഘടിത ശ്രമം നടക്കുന്നത്.


ബ്ലാക്ക്മാൻ ഭീതിപരത്തി അക്രമവും മോഷണവും; രണ്ടുപേർ പിടിയിൽ

2012 വർഷം അവസാനിക്കുന്ന മാസങ്ങളിൽ തിരുവനന്തപുരത്തുകർ ഭീതിയോടെ സംസാരിച്ചിരുന്ന ഒരു വാർത്താ വിഷയമാണ് 'ബ്ലാക്മാൻ'. രാത്രികാലങ്ങളിൽ കറുത്ത വസ്ത്രം ധരിച്ച് ആളുകളെ ഭീതിപ്പെടു ത്തുകയും ആക്രമിക്കുകയും ചെയ്തിരുന്ന ബ്ലാക്മാൻ ഡി. എച്ച്. ആർ. എം. കാരാണ് എന്നായിരുന്നു നാടാകെയുള്ള പ്രചാരണം.

2012 ഡിംസംബർ 30 ലെ പത്രങ്ങളിൽ ബ്ലാക്മാനും ഡി. എച്ച്. ആർ. എം. കാരും തമ്മിൽ ഒരു ബന്ധവും ഇല്ലെന്ന് സൂചിപ്പിക്കുന്ന തരത്തിൽ, പ്രതികളായ കാക്ക വിനോദും സറിജും പിടിയിലായ വാർത്ത പ്രസിദ്ധീകരിച്ചു.

www.malankaralibrary.com

# ജാതി സെൻസസിനെ പേടിക്കുന്നതെന്തിന്?

2010 മെയ് മാസത്തിലെ പത്രവാർത്തകൾക്ക് ലഹരി പകർന്നത് സെൻസസ് 2011 എന്ന വീര്യം കൂടിയ മദ്യമായിരുന്നു. ആ മദ്യത്തിലെ ചേരുവയോ, ജാതി എന്ന ഘടകവും.

ഇന്ത്യ സ്വാതന്ത്ര്യം നേടിയതിനു ശേഷമുള്ള ഒരു സെൻസസിലും ജാതി തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ല. സെൻസസിന്റെ അഖണ്ഡതയെ അത് ചോദ്യം ചെയ്തേക്കും എന്നാണ് ജാതി സെൻസസിനെ എതിർക്കുന്നവരുടെ പക്ഷം. 2011 മാർച്ച് അവസാനത്തോടെ സെൻസസിന്റെ പ്രാഥമിക വിവരങ്ങൾ പുറത്തുവിടും എന്നു തീരുമാനിക്കപ്പെട്ടിട്ടും ജാതിതിരിച്ചുള്ള സെൻസസ് വേണമെന്നും വേണ്ടെന്നും ആവശ്യപ്പെടുന്ന രണ്ടു വിഭാഗങ്ങളായി ചേരി തിരിഞ്ഞു നിൽക്കുകയാണ് ഇന്ത്യൻ ജനത.

1941 സെൻസസിൽ ജാതിക്കണക്ക് എടുക്കാതിരുന്നതിനു സർക്കാർ പറഞ്ഞ കാരണം അത് ചെലവ് കൂട്ടും എന്നാണ്. താല്പര്യമുള്ളവർ ചെലവ് വഹിച്ചാൽ വിവരം ശേഖരിക്കാമെന്നും സർക്കാർ പറഞ്ഞു. സംഘടനാശേഷിയും സാമ്പത്തിക ശേഷിയും കുറഞ്ഞ പിന്നോക്ക സമുദായങ്ങൾക്ക് അതിനുള്ള കഴിവില്ലെന്ന് അറിഞ്ഞുകൊണ്ടു തന്നെയാണ് സർക്കാർ ആ നിലപാട് സ്വീകരിച്ചത്. 1941ലെ സെൻസസ് കാലത്ത് തങ്ങളെ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന്റ ചെലവ് വഹിക്കാൻ തയ്യാറാണെന്നു പറഞ്ഞ് ബീഹാറിലെ മൈഥിലി ബ്രാഹ്മണരുടെ സംഘടന മുന്നോട്ടുവന്നു. 24,000 രൂപയ്ക്ക് സർക്കാർ അവർക്ക് ആവശ്യപ്പെട്ട വിവരം ശേഖരിച്ചു നൽകി.

www.malankaralibrary.com

സാമൂഹികമായ അവശതകൾ നിലനിൽക്കുന്നിടത്തോളം കാലം ജാതിചിന്തയുമുണ്ടാകും. ജാതിവിവേചനമാണല്ലോ അവശതയുടെ അടിസ്ഥാനം. അവശത അനുഭവിക്കുന്ന ജനങ്ങളുടെ കൃത്യമായ വിവരം ലഭിക്കുന്നത് പരിഹാര നടപടികൾ ഫലപ്രദമാക്കാൻ ഉതകുകയില്ലേ? അപ്പോൾ അവശത ഇല്ലാതാക്കുക വഴി ജാതി ചിന്തയും ഇല്ലാതാകുകയില്ലേ?

ജാതി ചിന്ത വേണ്ടെന്നു വാദിക്കുന്നവർ മുന്നോക്ക ജാതിക്കാരാണ് പട്ടികജാതി പിന്നോക്കക്കാരുടെ യഥാർത്ഥ വിവരങ്ങൾ വെളിപ്പെടുത്തുന്നത് സംവരണത്തിലും മറ്റും ഇനിയും ഏറ്റക്കുറച്ചിലുകളുണ്ടാക്കാൻ കാരണമാവും എന്നാണ് അവരുടെ ചിന്ത.

വസ്തുതകളിലൂടെ വിവേചനത്തെ നേരിടുന്നതാണ് ഏറ്റവും നല്ല മാർഗ്ഗമെന്നാണ് ജാതി സെൻസസിനെ അനുകൂലിക്കുന്നവരുടെ പക്ഷം. അതുകൊണ്ട് ഇന്ത്യയിലെ ജനസംഖ്യാ നിർണ്ണയം ജാതിതിരിച്ചു നടത്തിയാൽ കൃത്യമായ സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമപദ്ധതികൾ വിഭാവനം ചെയ്യാനാവും.



**ജാതിക്കണക്കെടുത്താൽ നീതി ലഭിക്കും**

www.malankaralibrary.com

ജാതി അടിസ്ഥാനത്തിലുള്ള രാഷ്ട്രീയ പ്രവർത്തനത്തെയാണ് സാമൂഹ്യബോധമുള്ളവർ എതിർക്കേണ്ടത്. പക്ഷെ, തിരഞ്ഞെടുപ്പുകൾ അടുക്കുമ്പോൾ എല്ലാ രാഷ്ട്രീയക്കാരും ജാതി നേതാക്കന്മാരുടെ പാദം വണങ്ങാൻ ക്യൂനിൽക്കുന്ന കാഴ്ച സർവസാധാരണമാവും. മണ്ഡലത്തിലെ ജാതി അനുകൂലഘടകങ്ങളെല്ലാം തങ്ങൾക്കു ഗുണകരമാക്കാൻ എന്തുചെയ്യാമോ അതെല്ലാം ചെയ്യാൻ രാഷ്ട്രീയകക്ഷികൾ തയ്യാറാവും. സ്ഥാനാർത്ഥി നിർണ്ണയം പോലും മണ്ഡലത്തിലെ ജാതി സ്വാധീനം പരിഗണിച്ചാവും.

ഇതിൽ ഇടതുവലതു കക്ഷിഭേദമില്ല. തെരഞ്ഞെടുപ്പിൽ ജയിക്കുക എന്നതാണു മുഖ്യം. അതിനായി പ്രത്യയശാസ്ത്രപ്രകാരം ജന്മശത്രുക്കളായിട്ടുള്ളവരുടെ പോലും പിന്തുണ തേടും ഇവർ. പകരം എണ്ണമറ്റ കറൻസി നോട്ടുകൾ കൈമാറിയാൽ മതി.

ജാതിസ്വാധീനം ഇത്രയും രൂക്ഷവും നിർണായകവുമായിട്ടുള്ള ഒരു സാമൂഹിക പശ്ചാലത്തിലാണ് ജാതിക്കണക്കുകൾ ശേഖരിക്കുന്നതിനെതിരേ പുരോഗമനവാദികൾ എന്നവകാശപ്പെടുന്നവർ സംഘടിക്കുന്നത്. ഏതാനും വർഷങ്ങൾക്കു മുമ്പ് ഉത്തരേന്ത്യയിൽ സവർണ വിദ്യാർഥികളുടെ നേതൃത്വത്തിൽ അരങ്ങേറിയ സംവരണവിരുദ്ധ സമരവും ഏതാണ്ട് ഇതേ നിലപാടിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു.

സ്വാതന്ത്ര്യാനന്തരം അഞ്ചുപതിറ്റാണ്ടുകൾ വേണ്ടിവന്നു ഇന്ത്യയുടെ പരമാധികാര സ്ഥാനത്ത് ഒരു ദളിതനും മുസ്ലീമിനും പ്രവേശനം ലഭിക്കാൻ. ദളിതനായ കെ.ആർ. നാരായണൻ ഇന്ത്യയുടെ പ്രസിഡണ്ടായതിൽ ചില സവർണ്ണഹിന്ദുക്കൾക്ക് വൈമുഖ്യമുണ്ടായിരുന്നു എന്നത് വ്യക്തമാണ്. പക്ഷേ, ഈ വൈമുഖ്യത്തെ ഭരണഘടനാപരമായി എതിർത്ത് ഒരു ദളിതൻ ഇന്ത്യയുടെ പ്രസിഡണ്ടായി എന്നത് ഒരു പ്രശ്നപരിഹാരമേയല്ല. ദളിതും മുസ്ലീമും പ്രസിഡണ്ടായിട്ടും, രാഷ്ട്രപതി ഭവനിലെ ഐ.എ.എസ്. തസ്തികകളിലൊന്നുപോലും ദളിതനു ലഭിച്ചിട്ടില്ല. സുപ്രീം കോടതിയിലെ എണ്ണമറ്റ സവർണ്ണ ജഡ്ജിമാർക്കിടയിൽ ഒരേയൊരു കെ.ജി. ബാലകൃഷ്ണൻ മാത്രമേ ദളിതനായിട്ടുണ്ടായുള്ളൂ. ഇങ്ങനെ അധികാര സ്ഥാനങ്ങളിലെല്ലാം ആധിപത്യമുറപ്പിച്ചവർ തങ്ങളുടെ ആധിപത്യം നഷ്ടപ്പെട്ടു പോകാതിരിക്കാൻ നടത്തിയ വിഫലശ്രമങ്ങളിലൊന്നാണ് ഡൽഹിയിലെ മെഡിക്കൽ

www.malankaralibrary.com

വിദ്യാർഥികളെ തെരുവിലിറക്കി നടത്തിയ സമരം. സംവരണം ഇനിയും തുടരണോ എന്നാണ് ഇവർ ചോദിക്കുന്നത്.

ദളിത് സമുദായത്തിന് ലഭിച്ച പത്തു ശതമാനം അവസരങ്ങൾ പൂർണ്ണമായും അവർക്ക് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ബാക്കിവരുന്ന തൊണ്ണൂറുശതമാനത്തിൽപരം അവസരങ്ങളും കയ്യടക്കിവച്ചവരുടെ പുതുതലമുറയാണ്  ഈ സമരം നടത്തിയത്.

ദളിത് സമൂഹം ആത്മാഭിമാനം നേടുന്നതും അധികാര സ്ഥാനങ്ങളിൽ അവരോധിക്കപ്പെടുന്നതും ഭയാശങ്കകളോടെ കാണുന്നവരാണിവർ. ജന്മത്തിന്റെ മഹത്വം പറഞ്ഞ് കീഴാളജനതയുടെ മനസ്സിൽ അധമബോധത്തിന്റെ അഗ്നി കോരിയിടാനുള്ള ഇവരുടെ ശ്രമങ്ങളെ മുഖ്യധാരാ മാധ്യമങ്ങൾ തുറന്നുകാട്ടാൻ ശ്രമിച്ചിട്ടില്ല.

വാർത്തകളുടെ പിന്നാമ്പുറങ്ങളിലേക്ക് വിശകലനങ്ങളും അപഗ്രഥനങ്ങളുമായി കടന്നുചെല്ലുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഭൂരിപക്ഷത്തിന്റെ മാത്രം പക്ഷം ചേരുകയാണ്, വസ്തുതയുടെ പക്ഷം ചേരുകയല്ല. ഇത് സാമൂഹ്യനീതി സംസ്ഥാപനത്തിന് വിഘാതമാവുന്നുവെന്ന് അവർ തിരിച്ചറിയുന്നുണ്ടാവുമോ?

ജാതി സെൻസസ് അട്ടിമറിക്കാനുള്ള ശ്രമങ്ങൾക്കു കൂട്ടുനിന്നവരിൽ ചില മാധ്യമശക്തികളുമുണ്ട് എന്ന് കീഴാള സമൂഹം വിശ്വസിക്കുന്നുവെന്നാണ് അന്വേഷണങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.

www.malankaralibrary.com

# കെ.ജി. ബാലകൃഷ്ണനും കെ. ലക്ഷ്മണയും

മുഖ്യധാരാ ജീവിതത്തിലേക്ക് പട്ടികവിഭാഗക്കാരുടെ പ്രവേശനം തടസ്സപ്പെടുത്തുന്ന അതിപ്രധാനമായ കാര്യങ്ങളാണ് അവരുടെ നിറവും ശാരീരിക പ്രത്യേകതകളും. വർണ്ണവിവേചനത്തിന്റെ ഈറ്റില്ലമായ അമേരിക്കയിൽ പോലും ഭരണ നിർവഹണ വ്യവസ്ഥിതിയിലും സർക്കാർ ഉദ്യോഗങ്ങളിലും അമ്പതു ശതമാനത്തിലേറെ നീഗ്രോ വംശജർക്ക് അവസരം നൽകുകയും സ്തുത്യർഹമായ സേവനത്തിന് വഴിയൊരുക്കപ്പെടുകയും ചെയ്യുമ്പോൾ വേദങ്ങളുടെയും പുരാണങ്ങളുടെയും നാടായ ഇന്ത്യയിൽ ഇപ്പോഴും വർണ്ണവിവേചനം കൊടികുത്തി വാഴുകയാണ്.

എത്രയൊക്കെ സമത്വം പ്രസംഗിക്കുമ്പോഴും, അധഃകൃത വിഭാഗങ്ങൾ സമൂഹത്തിന്റെ ഉന്നതശ്രേണിയിലെത്തിയാൽ ചിലർക്ക് സഹിക്കാതാവും.

തൊലിയുടെ ഇരുണ്ടനിറവും, ജീവിതത്തിന്റെ പിന്നോക്കാവസ്ഥയും പൈതൃകമായി കൈമാറ്റം ചെയ്യപ്പെട്ട അധമബോധവും എല്ലാ പട്ടികജാതിക്കാരിലും ഒരുതരം ആത്മവിശ്വാസമില്ലായ്മ ഉണ്ടാക്കുന്നുണ്ട്. അതിനെ മറികടക്കാനാണ് വിദ്യാഭ്യാസത്തിന്റെ ഭരണഘടനാപരമായ ചില പ്രത്യേക അവകാശങ്ങൾ അവർക്ക് നൽകിയിട്ടുള്ളത്.

മുന്നോക്കക്കാരോടൊപ്പം തലയുയർത്തി നിൽക്കാൻ അവർക്കു പ്രാപ്തി നൽകുന്നത് ഭരണഘടന നൽകുന്ന പിന്തുണയും പ്രത്യേക ആനുകൂല്യങ്ങളുമാണ്. ഇതറിഞ്ഞു കൊണ്ടുതന്നെയാണ് ജാതിയുടെ പേരിൽ പീഡിപ്പിച്ച് ഇവരുടെ ആത്മബോധം തളർത്തിക്കളയാൻ സാധി

www.malankaralibrary.com

സ്റ്റുകളായ ചില വെളുമ്പൻമാർ എപ്പോഴും മുതിരുന്നത്. മർമ്മത്തു കുത്തിയാൽ ആരും വീണുപോവുമല്ലോ....

എത്ര ഉന്നതസ്ഥാനത്തെത്തിയാലും മറ്റുള്ളവരുടെ പാവകളായി പ്രവർത്തിക്കാൻ പട്ടികജാതിക്കാർ വിധിക്കപ്പെടുന്നത് ഈ ആത്മവിശ്വാസമില്ലായ്മ കൊണ്ടാണ്. ഈ പ്രസ്താവത്തെ ഖണ്ഡിക്കുന്ന ചില വ്യക്തിപ്രഭാവങ്ങൾ ദളിത് സമുദായത്തിൽ നിന്നും ഉണ്ടായിട്ടുണ്ട് എന്നത് മറന്നുകൊണ്ടല്ല ഇങ്ങനെ എഴുതുന്നത്. മഹാനായ ഡോ. അംബേദ്ക്കറും അയ്യങ്കാളിയും രാഷ്ട്രപതി കെ.ആർ. നാരായണനുമെല്ലാം അത്തരം സവിശേഷ വ്യക്തിത്വങ്ങളാൽ അനുഗൃഹീതരായിരുന്നു. ഡോ. കെ.ആർ. നാരായണനെക്കുറിച്ച് ശത്രുക്കൾ പോലും നടത്തിയിട്ടില്ല, ഒരു മോശം പരാമർശവും. ആർക്കും അപലപിക്കാനാവാത്തവിധം ആത്മസത്തയെ ഉയർത്തിപ്പിടിച്ച ധീരന്മാരായിരുന്നു അവർ.

പക്ഷേ, മുൻ പരമോന്നത ന്യായാധിപനും ഇപ്പോൾ ദേശീയ മനുഷ്യാവകാശ ചെയർമാനുമായ കെ. ജി. ബാലകൃഷ്ണന്റെ കാര്യമോ? അടിമത്തം എന്ന ആത്മബോധത്തിനാൽ ഭരിക്കപ്പെടുന്നതുകൊണ്ടാണ് കെ.ജി. ബാലകൃഷ്ണൻ രാജ്യത്തെ മുഴുവൻ പട്ടികവിഭാഗങ്ങൾക്കും അപമാനമായത്.

മറ്റു ദളിതരെപ്പോലെ അഗ്നിക്കുമേലെ നടന്ന ബാല്യകൗമാരങ്ങളുടെ ഉടമ ആയിരുന്നില്ല, കെ. ജി. ബി. അദ്ദേഹത്തിന്റെ പിതാവ് വിദ്യാസമ്പന്നനും കോടതി ഉദ്യോഗസ്ഥനുമായിരുന്നു. അമ്മയ്ക്കാകട്ടെ, അന്നത്തെ നിലയിൽ മികച്ച വിദ്യാഭ്യാസമുണ്ടായിരുന്നു. സ്വാഭാവികമായും അവരുടെ മക്കൾ അവരേക്കാൾ മികച്ച വിദ്യാഭ്യാസവും ജീവിത പശ്ചാത്തലവും നേടുമല്ലോ. എന്തിനധികം പറയുന്നു, കെ.ജി. ബാലകൃഷ്ണന്റെ മകളും സഹോദരൻ കെ.ബി. ഭാസ്കരന്റെ മകനും ലണ്ടനിലാണ് നിയമത്തിൽ ഉപരിപഠനം നടത്തിയത്. ഇന്ത്യയിലെ എത്ര ദളിത് വിദ്യാർത്ഥികൾക്കു കിട്ടിയിട്ടുണ്ട് അത്തരം സൗഭാഗ്യങ്ങൾ?

കെ.ജി. ബാലകൃഷ്ണൻ പിന്നീട് വാർത്തകളിൽ നിറഞ്ഞത് മരുമകൻ പി.വി. ശ്രീനിജൻ എന്ന യൂത്ത്കോൺഗ്രസ് നേതാവുമായി ബന്ധപ്പെട്ടാണ്. ജൂനിയർ അഭിഭാഷകനായ ശ്രീനിജൻ വിവിധ സ്ഥലങ്ങളിലായി വിലമതിക്കാനാവാത്ത സമ്പാദ്യങ്ങൾ വാരിക്കൂട്ടിയിരിക്കുന്നു എന്നതാണ് ആരോപണം.

www.malankaralibrary.com

ശ്രീനിജൻ കേരളത്തിലെ കോൺഗ്രസ് രാഷ്ട്രീയത്തിൽ പിടിമുറുക്കുന്നുവെന്നു ഭയന്ന ചിലരാണ് ഈ ആരോപണമുന്നയിച്ചതെങ്കിലും ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് വ്യക്തമാക്കുന്ന തരത്തിലുള്ള വാർത്തകൾ വിവിധ പത്രങ്ങളിൽ നാം യഥേഷ്ടം കണ്ടു.

ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകർക്കു മാത്രം ലഭിച്ചിരുന്ന കേസുകൾ കുറേക്കാലമായി ശ്രീനിജനെത്തേടിയെത്തിയതും സംശയമുണർത്തി. ചീഫ് ജസ്റ്റിസിനെ സ്വാധീനിക്കുന്നതുകൊണ്ട് ശ്രീനിജന്റെ കേസുകളെല്ലാം ജയിക്കുന്നു; അതുകൊണ്ടാണ് ശ്രീനിജന്റെ ഓഫിസിൽ കേസുകളുടെ ചാകര എന്നാണ് അസൂയാലുക്കൾ(?) പറഞ്ഞു നടന്നത്.

ഏതായാലും കെ.ജി.ബിക്കെതിരേ അന്വേഷണം നടത്തണമെന്ന അഭിപ്രായത്തിലാണ് ബാർ കൗൺസിൽ. കേന്ദ്രസർക്കാരിന്റെ 2ജി സ്പെക്ട്രം ഇടപാടിലും ചീഫ് ജസ്റ്റിസായിരുന്ന കെ.ജി. ബാലകൃഷ്ണന്റെ ഇടപെടലുകളുണ്ടായെന്നും വിവിധ സ്ഥലങ്ങളിൽ നിന്നും ആരോപണമുയർന്നതോടെ ശത്രുക്കളെല്ലം ഒരുപക്ഷത്ത് തടിച്ചുകൂടിയിരിക്കുകയാണ്.

ദളിതനായ ഒരു ഉദ്യോഗസ്ഥനെതിരെ കൂട്ടായ ആക്രമണം നടത്തുകയാണ് സവർണപക്ഷമെന്നും കെ.ജി. ബാലകൃഷ്ണനെതിരെയുള്ള ആസൂത്രിത നീക്കങ്ങൾ അവസാനിപ്പിക്കണമെന്നും വിവിധ ദളിത് സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്. കെ.ജി. ബാലകൃഷ്ണനും കുടുംബവും ദളിത് ആയിരിക്കാം. പക്ഷെ, ദളിത് സമൂഹത്തിനുവേണ്ടി അവർ എന്തു ചെയ്തിട്ടുണ്ട്! ദളിതനായതു കൊണ്ടുമാത്രം ലഭിച്ച പദവികൾ ദളിതരുടെ ഉന്നമനത്തിനായി ഒട്ടും ഉപയോഗിക്കാത്ത ഒരാളാണ് ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ. അദ്ദേഹത്തിനുവേണ്ടി ദളിത് സംഘടനകൾ വാദിക്കുന്നതെന്തിന് എന്നുമാത്രം മനസ്സിലാവുന്നില്ല.

ലോക്സഭാംഗവും കേന്ദ്രമന്ത്രിയും ഉപരാഷ്ട്രപതിയും രാഷ്ട്രപതിയുമൊക്കെയായ കെ.ആർ. നാരായണനെതിരെ ഇതേവരെ ആരും ഒരു ആരോപണവും ഉയർത്തിയിട്ടില്ലല്ലോ. ഉന്നതസ്ഥാനം അലങ്കരിക്കുമ്പോഴും താൻ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാനായിരുന്നു അസാധാരണനായ ആ ചെറിയ മനുഷ്യന്റെ ബദ്ധശ്രദ്ധ. രാജ്യം ഭരിക്കുന്നവരുമായി, ഒരു ന്യായാധിപന് നിരക്കാത്ത രീതിയിൽ രഹസ്യധാരണയുണ്ടാക്കി എന്ന ആരോപണം

www.malankaralibrary.com

കെ.ജി. ബാലകൃഷ്ണനെതിരെ ഉയർന്നപ്പോൾ ലജ്ജിതരായത് ഇന്ത്യയിലെ ലക്ഷോപലക്ഷം ദളിതരാണ്.

കെ.ജി. ബാലകൃഷ്ണനു മുമ്പ് സുപ്രീംകോടതി ചീഫ് ജസ്റ്റിസായിട്ടുള്ള പത്തോളം പേർ പല അഴിമതികളിലും പങ്കുള്ളവരാണെന്ന് ഏതാനും ചില മാധ്യമങ്ങൾ പറയുകയുണ്ടായി. പക്ഷേ, അവരെയൊക്കെ വെറുതെവിട്ട് കെ.ജി. ബാലകൃഷ്ണനെത്തന്നെ ടാർഗറ്റ് ചെയ്യുകയാണ് മാധ്യമങ്ങളും, സവർണ്ണപക്ഷരും, "കക്കാൻ പഠിച്ചാൽ പോരാ നിൽക്കാനും പഠിക്കണം" എന്ന മട്ടിലുള്ള പരിഹാസപുഞ്ചിരി ഇപ്പോൾ ഏതാണ്ട് എല്ലാ ജാതിക്കുശുമ്പന്മാരുടെയും ചുണ്ടിലുണ്ട്.

കെ.ജി.ബി.യുടെ കാര്യത്തിൽ ജാതി തന്നെയാണ് അദ്ദേഹത്തിന്റെ ശത്രു. അംബേദ്ക്കറും കെ.ആർ. നാരായണനുമെല്ലാം സ്വന്തം സ്വത്വബോധത്തെ ആദരിച്ചത് ഇദ്ദേഹത്തിന് ഉൾക്കൊള്ളാനായിട്ടില്ല എന്നു വേണം കരുതാൻ.

മറ്റുകാര്യങ്ങളിലെന്നപോലെ അഴിമതിയുടെ കാര്യത്തിലും എന്നും പിന്നിലായിരുന്ന ദളിതർക്ക് ഇനി സമാധാനിക്കാം. ഇതാ കെ.ജി.ബി. ആ പിന്നോക്കാവസ്ഥയേയും തരണം ചെയ്തിരിക്കുന്നു. പക്ഷേ, ഹാ കഷ്ടം!, 'കറുമ്പന്മാർ അങ്ങനെ വല്യ ആളാവണ്ട' എന്നുതന്നെയാണ് 'ഇന്ത്യൻ വെള്ളക്കാരുടെ' മതമെന്ന് പത്രങ്ങളെല്ലാം ഒറ്റ ശബ്ദത്തിൽ പറയുന്നു.

കുറച്ചുനാൾ മുമ്പാണ് രാജൻ കേസിലെ പ്രതി കെ. ലക്ഷ്മണ ജീവപര്യന്തത്തിന് ശിക്ഷിക്കപ്പെടുന്നത്. ലക്ഷ്മണ കുറ്റം ചെയ്തെങ്കിൽ, അത് ആർക്കുവേണ്ടി ആയിരുന്നു എന്ന് ആർക്കാണറിഞ്ഞു കൂടാത്തത്? എന്നിട്ടും ജയിലിൽ പോകാൻ ലക്ഷ്മണ ഒറ്റയ്ക്ക്. കുറ്റാരോപിതനായപ്പോൾ ലക്ഷ്മണ മാധ്യമങ്ങൾക്കു മുമ്പാകെ ഒരു പരാതി പറയുകയുണ്ടായി. "ദളിതനായ തന്നെ ശവം ചുമപ്പിക്കുകയാണെ"ന്ന്. ഡി.ജി.പി. ലക്ഷ്മണ ദളിതനാണെന്ന് പുറംലോകമറിയുന്നത് അന്നാദ്യമാണ്! ദളിതർക്കുപോലും തന്റെ സ്വത്വം പുറത്തുപറയാൻ മടിയാണെങ്കിൽ മറ്റുള്ളവർ അതംഗീകരിക്കുമോ?

സംവരണത്തിന്റെ പിൻബലത്തിൽ കിട്ടിയ അവസരങ്ങൾക്ക് (അത് പ്യൂൺ തസ്തികയാവട്ടെ, പരമോന്നത നീതിന്യായ പീഠമാകട്ടെ) മാന്യത കൈവരണമെങ്കിൽ കർത്തവ്യ നിർവഹണത്തിനു മാത്രമേ അതുപയോഗിക്കാവൂ. വ്യക്തിസേവയ്ക്കല്ല, രാഷ്ട്രസേവയ്ക്കാണ്

www.malankaralibrary.com

സർക്കാർ ഉദ്യോഗങ്ങൾ ഉപയോഗപ്പെടുത്തേണ്ടതെന്ന പ്രാഥമിക അവബോധം ആത്മാഭിമാനമുള്ളവരിലേ ഉണ്ടാകൂ.

കോൺസ്റ്റബിളായി നിയമനം കിട്ടുന്നവർ എത്രയും പെട്ടെന്ന് ഐ.ജി.യാവണമെന്ന് മോഹിക്കാൻ തുടങ്ങിയാൽ പഞ്ചായത്തുമെമ്പർമാരുടെ പോലും ചെരുപ്പു തുടച്ചു കൊടുക്കേണ്ടി വരും. ചിലപ്പോൾ അവരുടെ ചവിട്ടുകൊണ്ടു എന്നും വരാം. എത്ര ചവിട്ടുംതുപ്പും കൊള്ളാനും തനിക്കൊരു മാനക്കേടുമില്ല എന്നു കരുതുന്നവർ ഇന്ന് ഇന്ത്യയെ വിലപറയുന്നുവെന്നാണ് വാർത്തകൾ വ്യക്തമാക്കുന്നത്.

അഴിമതിക്കഥകൾ പുറത്തുവരുമ്പോൾ മിക്കപത്രങ്ങളും അത് അച്ചടിക്കണോ എന്നു രണ്ടുവട്ടം ആലോചിക്കും. മറ്റുപത്രങ്ങൾ അത് ആഘോഷിക്കുന്നു എന്നു തോന്നുമ്പോഴേ പുലിവാലാണെങ്കിലും പിടിച്ചേക്കാം എന്നു തീരുമാനത്തിലെത്തൂ അവർ. 2ജി അഴിമതിക്കഥകളുടെ പശ്ചാത്തലം അന്വേഷിക്കാൻ മെനക്കെടാത്തവർ പോലും കെ.ജി. ബാലകൃഷ്ണനെ വ്യക്തിഹത്യ ചെയ്യാൻ കൂടുതൽ മഷി ചെലവാക്കിയോ എന്ന് മാധ്യമങ്ങൾ പുനർവിചിന്തനം ചെയ്യുന്നത് അഭികാമ്യമായിരിക്കും.

www.malankaralibrary.com

# പട്ടികവിഭാഗ വിരുദ്ധ പ്രസ്താവങ്ങൾ

'സാമൂഹ്യനീതി നിഷേധിക്കപ്പെടുന്നു' എന്നാണ് പട്ടികവിഭാഗങ്ങളിൽ നിന്ന് ആവർത്തിച്ചുയരുന്ന മുറവിളി. എങ്ങനെയാണ് ഇവർക്ക് സാമൂഹ്യനീതി നിഷേധിക്കപ്പെടുന്നത് എന്ന് അധികമൊന്നും അന്വേഷിച്ച് മെനക്കെടേണ്ടതില്ല. ഒരാൾ താണജാതിയിൽ പിറക്കുന്നത് അയാളുടെ കുറ്റമല്ലല്ലോ. ജീവിക്കാനുള്ള അയാളുടെ അവകാശം നിഷേധിക്കപ്പെടുന്നിടത്താണ് സാമൂഹ്യനീതിയുടെ പ്രശ്നം ഉയർന്നുവരുന്നത്.

ജാതിയുടെ പേരിൽ ആരെങ്കിലും ആരെയെങ്കിലും അപകീർത്തിപ്പെടുത്തുന്നതും പീഡിപ്പിക്കുന്നതും ക്രിമിനൽ കുറ്റമാണെന്നിരിക്കെ അധികാര സ്ഥാനത്തുള്ളവർ പോലും ചിപ്പോൾ സ്വയംമറന്ന് താണ ജാതിക്കാരെ അപമാനിക്കാറുണ്ട്. ഇത്തരം സന്ദർഭങ്ങൾക്ക് ഒട്ടേറെ ഉദാഹരണങ്ങൾ അനായാസം എടുത്തുകാട്ടാനാവുമെന്നത്, അന്ധമായ ജാതിഹുങ്ക് കൈവിടാത്തവർ ഇപ്പോഴും കേരള സമൂഹത്തിൽ കുറവല്ല എന്നാണ് വ്യക്തമാക്കുന്നത്.

കേരള നിയമസഭയിൽ പലവട്ടം മന്ത്രിയും എം.എൽ.എ.യുമായിരുന്ന എം.എ. കുട്ടപ്പൻ മുഖ്യമന്ത്രി ഇ.കെ. നായനാർക്കെതിരെ കോടതിയെ സമീപിച്ചത് ഇത്തരമൊരു സന്ദർഭത്തിലാണ്. നിയമസഭയിലെത്തിയാൽ ചിലർ, (അവർ പ്രതിപക്ഷത്താണെങ്കിൽ പ്രത്യേകിച്ചും) എന്തെല്ലാം കാട്ടിക്കൂട്ടുന്നുവെന്ന് നമ്മളെല്ലാം ചാനലുകളിൽ കണ്ടിട്ടുള്ളതാണ്.

www.malankaralibrary.com

തലശ്ശേരിയിൽ സ്വന്തം തെരഞ്ഞെടുപ്പു കമ്മിറ്റി യോഗത്തിൽ ചെയ്ത പ്രസംഗത്തിൽ ഇ.കെ. നായനാർ പറഞ്ഞ (മറ്റേ സാധനമില്ലേ, എം.എ. കുട്ടപ്പൻ... ആ ഹരിജൻ എം.എൽ.എ.... ഓൻ മേശപ്പുറത്തു കയറി നിന്ന് നൃത്തംചെയ്യുകയായിരുന്നു" എന്ന വാക്കുകളാണ് കോടതിയെ സമീപിക്കാൻ എം.എ. കുട്ടപ്പനെ പ്രേരിപ്പിച്ചത്.

എം.എ. കുട്ടപ്പൻ എം.എൽ.എ.യെ "ഹരിജൻ എം.എൽ.എ." എന്ന് എടുത്തുപറയേണ്ട ഒരാവശ്യവും മുഖ്യമന്ത്രി എന്ന നിലയിൽ നായനാർക്ക് ഇല്ലായിരുന്നു. ഹരിജൻ എം.എൽ.എ ആയതുകൊണ്ട് കുട്ടപ്പന് നിയമസഭയിൽ മിണ്ടാൻ പാടില്ലേ?

എം.എ. കുട്ടപ്പൻ ഉന്നയിച്ച പ്രശ്നം 'ഹരിജൻ' എന്ന പ്രയോഗത്തെ ചൊല്ലിയായിരുന്നു. പട്ടികജാതി-വർഗ്ഗത്തിൽപ്പെട്ട വ്യക്തിയെ 'ഹരിജൻ' എന്നു വിളിക്കുന്നതും പരാമർശിക്കുന്നതും കുറ്റകരമാണെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉത്തരവിറക്കിയിട്ടുണ്ട്.


'ഞങ്ങളെ ഇനിയും പീഡിപ്പിക്കരുത്'

1982 ഫെബ്രുവരി ഒന്നിലെ കേന്ദ്ര ക്ഷേമ മന്ത്രാലയത്തിന്റെ ഉത്തരവനുസരിച്ച് ഹരിജൻ-ഗിരിജൻ പ്രയോഗങ്ങൾക്കുപകരം ഇംഗ്ലീഷിൽ ഷെഡ്യൂൾഡ്കാസ്റ്റ്/ട്രൈബ് എന്നും മറ്റു ഭാഷകളിൽ ഈ സംജ്ഞകളുടെ തത്തുല്യവും യുക്തവുമായ വിവർത്തനവും മാത്രമേ ഉപയോഗിക്കാവൂ എന്നായിരുന്നു കേന്ദ്ര ഉത്തരവ്.

ഹരിജൻവിളി കുറ്റകരമാവാൻ ഇത്രയും മതി. ഗാന്ധിജിയാണ് അധഃസ്ഥിത ജനതയെ ഹരിജൻ എന്ന് വിളിച്ചതെന്ന് ചിലർ വാദിക്കുന്നുണ്ടെങ്കിലും ഡോ. അംബേദ്ക്കർ ആ പദം ഉപയോഗിക്കരുത് എന്ന വാദക്കാരനായിരുന്നു.

www.malankaralibrary.com

'ഹരി'യുടെ (ഈശ്വരന്റെ) മക്കൾഎന്ന് അധഃസ്ഥിത ജനതയെ വിളിക്കുമ്പോൾ മറ്റുള്ളവരെ 'പിശാചിന്റെ മക്കൾ' എന്നാണോ വിളിക്കേണ്ടതെന്ന് ഗാന്ധിജിയോട് അംബേദ്ക്കർ ആരാഞ്ഞിട്ടുണ്ട്.

മന്ത്രിയും എം.എൽ.എ.യും ആയ എം.എ. കുട്ടപ്പന്റെ പേരുകേട്ടാൽ തിരിച്ചറിയാത്ത മലയാളികൾ ആരുണ്ട്? പിന്നെന്തിനാണ് നായനാരുടെ വക ഒരു ഹരിജൻ കുട്ടപ്പൻ? എന്തൊക്കെ ന്യായീകരണങ്ങൾ പറഞ്ഞാലും തൊലി വെളുത്തവരുടെയൊക്കെ ഉള്ളിന്റെയുള്ളിൽ ചീഞ്ഞുകിടക്കുന്ന ഹുങ്കാണ് ഇങ്ങനെയൊക്കെ പുറത്തുചാടുന്നത്.

നായനാർക്ക് വിദ്യാഭ്യാസം കുറവാണെന്നും അദ്ദേഹത്തിന്റെ ശൈലി ഹാസ്യാത്മകമാണെന്നുമായിരുന്നു നായനാരെ അനുകൂലിച്ചവരുടെ അഭിപ്രായം. ആ പക്ഷത്ത് കേരളത്തിലെ ഭൂരിപക്ഷം സവർണരും ഉണ്ടായിരുന്നു എന്നത് മറ്റൊരു നഗ്നസത്യം!

ഇതാ, നൊമ്പരപ്പെടുത്തുന്ന മറ്റൊരു അനുഭവം. 1996 ഒക്ടോബർ 18ലെ മനോരമയിൽ കത്തിന്റെ രൂപത്തിലാണ് ഈ അനുഭവം പ്രസിദ്ധീകരിച്ചത്.

ആലപ്പുഴ ആര്യാട് സ്വദേശി എൻ.ടി. പ്രഭാകരന്റേതാണ് കത്ത്. അദ്ദേഹം എഴുതുന്നു. "ഞാൻ കേന്ദ്രസർവീസിൽ ഗസറ്റഡ് തസ്തികയിലായിരുന്നപ്പോൾ പ്രഗത്ഭനും ആദരണീയനുമായ ഡിപ്പാർട്ടുമെന്റ് മേധാവി മിക്കപ്പോഴും എന്നെ വിളിച്ച് "നിങ്ങൾ കൂടുതൽ മിടുക്കനാകണ്ട" എന്നു പറഞ്ഞ് ആക്ഷേപിക്കുമായിരുന്നു.

ഞാൻ അദ്ദേഹത്തെ "Good morning" എന്ന് അഭിവാദ്യം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ മറുപടി "You should not be too smart" എന്നായിരിക്കും. രാവിലെ കണ്ടാലുടനെ "എന്താ അംബേദ്ക്കർ" എന്നു പറഞ്ഞ് പരിഹസിച്ചിട്ടുള്ള അനേകം സംഭവങ്ങൾ മറക്കാൻ പറ്റുന്നില്ല...."

ഗസറ്റഡ് റാങ്കിൽ സർവീസിൽ നിന്നും പിരിഞ്ഞ ഒരു കേന്ദ്ര ഗവൺമെന്റ് ജീവനക്കാരന്റെ സങ്കടമാണിത്. ഇതുപോലെ ജാതിക്കണ്ണുകൊണ്ടു മാത്രം കാര്യങ്ങളെ നോക്കിക്കാണുന്ന എത്രയോ മേലധികാരികൾ നമ്മുടെ നാട്ടിലുണ്ട്! ചില കീഴുദ്യോഗസ്ഥർക്കും കറുത്ത മേലുദ്യോഗസ്ഥനെ കാണുമ്പോഴേ ഹാലിളകും. അധ:സ്ഥിതന്റെ കീഴിൽ ജോലി ചെയ്യുന്നത് അവരുടെ കുടുംബമഹത്വത്തിന് ക്ഷീണമല്ലേ!

www.malankaralibrary.com

# രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ട്

ഇന്ത്യയിലെ പട്ടികജാതി/വർഗ്ഗ സമൂഹം ഒന്നാകെ ഒറ്റക്കെട്ടായി എതിർത്തു എന്നതാണ് രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ടിന്റെ വാർത്താപ്രാധാന്യം. സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ് ആയിരുന്ന രംഗനാഥമിശ്ര അദ്ധ്യക്ഷത വഹിച്ച 'മത-ഭാഷ-ന്യൂനപക്ഷ കമ്മീഷൻ' 2007 മെയ് 22-ാം തീയതിയാണ് പാർലമെന്റിൽ റിപ്പോർട്ട് അവതരിപ്പിച്ചത്.

മുസ്ലീങ്ങൾക്ക് വിദ്യാഭ്യാസത്തിലും തൊഴിലിലും 15% സംവരണത്തിനു പുറമേ മുസ്ലീം, ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്ത ദളിതുകളെക്കൂടി പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും ശുപാർശ ചെയ്യുന്നതായിരുന്നു ഈ റിപ്പോർട്ട്.

മത-ന്യൂനപക്ഷങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് രംഗനാഥമിശ്ര കമ്മീഷൻ മുന്നോട്ടു വയ്ക്കുന്നതെങ്കിലും അത് തത്ത്വത്തിൽ പട്ടികജാതി വിഭാഗങ്ങളുടെ പ്രതിഷേധം ക്ഷണിച്ചു വരുത്തുന്നതായിരുന്നു.

കേരളത്തിലെ പട്ടികജാതി സംഘടനകളെല്ലാം രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ടിനെ എതിർക്കുന്ന പ്രസ്താവനകൾ പുറപ്പെടുവിച്ചു കൊണ്ടേയിരിക്കുകയാണ്, ഇപ്പോഴും. പത്രങ്ങളെല്ലാം അവ പ്രസിദ്ധീകരിക്കുന്നുമുണ്ട്. പക്ഷേ, കുടം കമിഴ്ത്തിവെച്ച് വെള്ളം ഒഴിക്കുന്നതുപോലെ നിഷ്ഫലമായിപ്പോവുകയാണ് ഈ വാർത്തകളെല്ലാം.

www.malankaralibrary.com

രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ടിലെ പട്ടികവിഭാഗ വിരുദ്ധ ഉദ്ധരണികൾക്ക് മാധ്യമ പക്ഷത്തു നിന്ന് മികച്ച പിന്തുണയാണ് ലഭിച്ചിരിക്കുന്നത്. മാതൃഭൂമി ദിനപത്രത്തിൽ രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചുള്ള പരമ്പരയിൽ പി.കെ. മണികണ്ഠൻ എഴുതുന്നു: "എല്ലാ വിഭാഗങ്ങൾക്കും സാമൂഹിക നീതിയും തുല്യതയും ഉറപ്പുവരുത്താൻ ജാതിയോ വർഗ്ഗമോ മതമോ അടിസ്ഥാനമാക്കിയ സംവരണം നിശ്ചയിക്കരുതെന്ന് കമ്മീഷൻ അടിവരയിട്ട് പറയുന്നു. ജാതിയോ മതമോ അല്ല, സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥയാണ് സംവരണ നിശ്ചയത്തിന്റെ അളവുകോൽ"- എത്ര അസംബന്ധമാണിത്! ജാതിയും മതവും നോക്കിയല്ലാതെ എങ്ങനെ ന്യൂനപക്ഷ സംവരണം നടപ്പാകും? ന്യൂനപക്ഷങ്ങളുടെ കാര്യത്തിൽ ജാതിയും മതവുമാവാം. പട്ടികജാതി വിഭാഗങ്ങളുടെ കാര്യത്തിൽ മാത്രം ജാതിസംവരണം അസംബന്ധമാണ് എന്നാണോ മണികണ്ഠന്റെയും മാതൃഭൂമിയുടെയും മനസ്സിലിരുപ്പ്?



# പിന്നാക്കാവസ്ഥ: ഏകീകൃത സമീപനം വേണം

പി.കെ. മണികണ്ഠൻ

രംഗനാഥ കമ്മീഷൻ റിപ്പോർട്ട് 2

www.malankaralibrary.com

# ദളിത് പ്രസിദ്ധീകരണങ്ങൾ

ദളിത് ചിന്തകൾ പങ്കുവയ്ക്കപ്പെടുന്നില്ല എന്നതു തന്നെയാണ് മുഖ്യ ധാരാ മാധ്യമങ്ങളിലെ ദളിത് അസാന്നിദ്ധ്യം ഉയർത്തുന്ന മുഖ്യപ്രശ്നം. ഇക്കാര്യത്തിൽ രാജ്യമൊട്ടാകെയുള്ള പത്രമാധ്യമങ്ങൾക്കെല്ലാം ഒരേ നിലപാടാണ് എന്നു വ്യക്തമായതോടെ എഴുത്തും വായനയുമറിയുന്ന ദളിതുകൾ തങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനു മാർഗ്ഗമെന്ത് എന്നു ചിന്തിക്കാൻ തുടങ്ങി.

1920-ൽ ഡോ. ബി.ആർ. അംബേദ്ക്കർ ആരംഭിച്ച 'ബഹിഷ്കൃത്ഭാരത്' ആണ് ഇന്ത്യയിലെ ആദ്യ ദളിത് പ്രസിദ്ധീകരണം. പിന്നീട് 'മൂക്നായക്' എന്നൊരു പത്രവും അദ്ദേഹം ആരംഭിച്ചു. ഈ രണ്ടു പത്രങ്ങളും അക്കാലത്തെ അധ:സ്ഥിത ജനതയുടെ അന്തസ്സും ആദരണീയതയും കാത്തുസൂക്ഷിക്കുന്നതായിരുന്നു.


അംബേദ്ക്കർ ജ്വലിപ്പിച്ച ജ്വാല ഹൃദയത്തിൽ ഏറ്റുവാങ്ങിയ പിൻഗാമികളിൽ പലരും ദളിത് പ്രശ്നങ്ങൾ ബഹുജന സമക്ഷം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുകയുണ്ടായി. എന്നാൽ ഒരു പ്രസിദ്ധീകരണം നടത്തിക്കൊണ്ടു പോകുമ്പോൾ അഭിമുഖീകരിക്കേണ്ട പ്രശ്നങ്ങൾ പലതാണല്ലോ. സാമ്പത്തികമാണ് അവയിൽ പ്രധാനം. മതിയായ സാമ്പത്തിക ഭദ്രതയില്ലാത്തതിനാൽ പലതും ഏതാനും നാളുകൾക്കുശേഷം പ്രവർത്തനം നിലയ്ക്കുകയാണുണ്ടായത്.

www.malankaralibrary.com

## സാധുജനപരിപാലിനി

കേരളത്തിൽ അയ്യങ്കാളി നയിച്ച വില്ലുവണ്ടിയാത്ര മഹത്തായ പല വിപ്ലവങ്ങളുടെയും നാന്ദിയായിരുന്നു. അക്ഷരം പഠിച്ച കുട്ടികൾ തന്റെ സമുദായത്തിലുണ്ടാവണം എന്നായിരുന്നു ആ മനുഷ്യസ്നേഹിയുടെ ജന്മാഭിലാഷം. അയ്യങ്കാളി സ്ഥാപിച്ച സാധുജന പരിപാലന സംഘത്തിന്റെ മുഖപത്രമായ സാധു ജന പരിപാലിനി അധഃകൃത ജനതയ്ക്കിടയിൽ ആശയങ്ങളുടെ അഗ്നി പകർന്നു.

പൊതു സമൂഹമാകെ ദളിത് സമൂഹത്തെ അവജ്ഞയോടെ നോക്കിക്കണ്ടിരുന്ന കാലത്താണ് അധഃകൃത വിഭാഗത്തിനായി ഒരു പ്രസിദ്ധീകരണം എന്ന ധീരമായ കാൽവെയ്പ്പ് അയ്യങ്കാളി നടത്തിയത്. അന്ന് അയ്യങ്കാളി കാണിച്ച താത്പര്യം അദ്ദേഹത്തിന്റെ പിൻമുറക്കാർ തുടർന്നിരുന്നുവെങ്കിൽ ഇന്ന് ദീപി കയും കേരള കൗമുദിയും പോലെ അ ധഃകൃതർക്കും ഒരു പത്രമുണ്ടാകുമായി രുന്നു. സാധുജന പരിപാലിനിക്കു ശേഷം പാമ്പാടി ജോൺ ജോസ ഫിന്റെ ചേരമർ ദൂത് പ്രത്യക്ഷ രക്ഷാ ദൈവ സഭയുടെ ആദിയർ ദീപം എ ന്നിവ പ്രസിദ്ധീകരണം തുടങ്ങി.




1981ൽ ബാംഗ്ലൂരിൽ നിന്ന് പ്രസിദ്ധീകരണം തുടങ്ങിയ ദളിത് വോയ്സ് എന്ന ഇംഗ്ലീഷ് മാസിക ഇപ്പോഴും തുടർച്ചയായി പ്രസിദ്ധീകരിച്ചു വരുന്നു. പ്രസിദ്ധീകരണത്തിന്റെ 30-ാം വാർഷികം ആഘോഷിക്കാൻ തയ്യാറെടുക്കുകയാണ് ദളിത്വോയ്സ് രാജ്യമാകമാനമുള്ള ദളിത് സമൂഹത്തിന്റെ വിശേഷങ്ങൾ പങ്കുവയ്ക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് ഉറപ്പുപറയുന്നു. ഈ പ്രസിദ്ധീകരണത്തിന്റെ താളുകൾ.

1990കളിൽ ദേശവ്യാപകമായി 150 മില്യൺ ദളിതരുണ്ടായിട്ടും ദിനപത്രങ്ങളിലെ റിപ്പോർട്ടർമാരായോ സബ്എഡിറ്റർമാരായോ ഒരാൾക്കുപോലും പ്രവർത്തിക്കാനായില്ല.

www.malankaralibrary.com


NATIONAL VOICE

നാഷണൽ വോയ്സ്


ആഴ്ചപത്രം • എല്ലാ ഞായറാഴ്ചയും

ആലപ്പുഴ ജില്ലയിൽ ആദിവാസി ഭൂവിതരണം അട്ടിമറിക്കപ്പെടുന്നു


പിതൃഭൂമി

ഡോ. അംബേദ്കറും കേരളത്തിലെ പത്രങ്ങളും

ഇന്ത്യൻ ന്യൂസ് പേപ്പർ റവല്യൂഷൻ എന്ന പുസ്തകത്തിൽ റോബിൻ ജഫ്രി എഴുതുന്നു: "ഏതാണ്ട് 10 കൊല്ലത്തെ പഠനത്തിനിടയിൽ ഞാൻ കണ്ട ഏറ്റവും സീനിയറായ ദളിത് പത്രപ്രവർത്തകൻ ഒരിക്കലും ഒരു മുഖ്യധാരാ പത്രത്തിന്റെ ജീവനക്കാരനായിരുന്നിട്ടില്ല. തമിഴനായ ഡി. എസ്. രവീന്ദ്രദോസ് ആയിരുന്നു ആ പത്രപ്രവർത്തകൻ. കമ്യൂണിസ്റ്റ് പാർട്ടിയുടെ രണ്ട് പ്രസിദ്ധീകരണങ്ങളിലൂടെയാണ് രവീന്ദ്രദോസ് ജേർണലിസം രംഗത്തേക്ക് വരുന്നത്. ആർട്സിലും നിയമത്തിലും അദ്ധ്യാപനത്തിലും ബിരുദമുണ്ടായിട്ടും അധ്യാപകവൃത്തിയോ അഭിഭാഷകവൃത്തിയോ തെരഞ്ഞെടുക്കാതെ പത്രപ്രവർത്തനമാണ് അദ്ദേഹം തൊഴിലായി തെരഞ്ഞെടുത്തത്. 800 അംഗങ്ങളുള്ള തമിഴ്നാട് പത്രപ്രവർത്തക യൂണിയന്റെ പ്രസിഡണ്ടായി 1997ൽ തെരഞ്ഞെടുക്കപ്പെട്ടുവെങ്കിലും അദ്ദേഹം ഒരു ദളിതനാണെന്ന് ആർക്കും അറിഞ്ഞുകൂടായിരുന്നു."


ദേശീയശബ്ദം

അഭ്യസ്തവിദ്യരായ ദളിതരിൽ ചിലർ പത്രപ്രവർത്തനം തൊഴിലായി തെരഞ്ഞെടുത്തു തുടങ്ങിയ കാലമായിരുന്നു അത്. പക്ഷേ, ജാതിപീഡനത്തിന് ഇരയായി പലർക്കും രംഗം വിടേണ്ടി വന്നു. അതുകൊണ്ടാകണം, ജാതി വെളിപ്പെടുത്തേണ്ട സാഹചര്യങ്ങൾ വന്നിട്ടും രവീന്ദ്രദോസ് അത് മറച്ചുവെച്ചത്.

www.malankaralibrary.com

ഡോ. ബി.ആർ. അംബേദ്കർ ഒരിക്കൽ പത്രങ്ങളെക്കുറിച്ച് ഇങ്ങനെ എഴുതി: "ഒരു പത്രം കയ്യിലുണ്ടെങ്കിൽ ആർക്കും ധാരാളം മഹാന്മാരെ ഉണ്ടാക്കിയെടുക്കാം" പ്രൊഫ. വി.കെ. നാരായണൻ 'മീഡിയ ആന്റ് ദളിത്' എന്ന ലേഖനത്തിൽ അംബേദ്കറുടെ അഭിപ്രായത്തോട് വിയോജിക്കുന്നു: "ദളിതരുടെ കയ്യിൽ പേരിനൊരു പത്രമുണ്ടായാൽ പോരാ, ജനസമ്മതിയുള്ള പത്രമുണ്ടെങ്കിലേ, ദളിതർക്കിടയിൽ നിന്ന് മഹാന്മാരെ സൃഷ്ടിക്കാൻ കഴിയൂ".

ഈ രണ്ട് എഴുത്തുകളിലും തെളിയുന്നത് മുഖ്യധാരാ മാധ്യമങ്ങളിൽ ദളിതർ തമസ്കരിക്കപ്പെടുന്നതിലെ പ്രതിഷേധമാണ്. ഇത്തരം പ്രതിഷേധങ്ങൾ ഉള്ളിലുറപ്പിച്ചുകൊണ്ടാണ് മാധ്യമരംഗത്ത് തന്റേതായ ഇടമുണ്ടാക്കുക എന്ന തന്റേടത്തോടെ ഒരോ ദളിത് പ്രസിദ്ധീകരണങ്ങളും മുളച്ചു പൊന്തുന്നത്. പക്ഷേ, സുശക്തമായ ഒരു സംഘടിത സ്ഥാപനത്തിന്റെ പിന്തുണയില്ലാത്തതു കൊണ്ടാവാം, ഓരോന്നും മുളയിലേ തന്നെ കൊഴിഞ്ഞു പോവുകയാണ്.

### സൂചകം

പ്രത്യക്ഷ രക്ഷാദൈവസഭ (PRDS) ന്റെ മേൽനോട്ടത്തിൽ തിരുവല്ലയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന സൂചകം മാസിക ശ്രദ്ധേയമായ ലേഖനങ്ങളും സാഹിത്യസൃഷ്ടികളും കൊണ്ട് മുഖ്യധാരാ പ്രസിദ്ധീകരണങ്ങളോട് കിടപിടിച്ചിരുന്ന ഒരു പ്രസിദ്ധീകരണമാണ്. ആകർഷകമായ ലേ ഔട്ടും ഗൗരവ വായനയ്ക്കുതകുന്ന എഴുത്തും കൊണ്ട് ശ്രദ്ധേയമായിരുന്നു സൂചകം.

## ദളിത്‌വോയ്സ് (മലയാളം)

വൈപ്പിനിൽ നിന്ന് പ്രസിദ്ധീകരിച്ച ദളിത്‌വോയ്സ് എന്ന മലയാളം ദ്വൈവാരികയും അംബേദ്കറൈറ്റ് ചിന്തകൾ കൊണ്ടും പട്ടികസമൂഹത്തിന്റെ സമകാലിക വാർത്തകൾ കൊണ്ടും സമ്പന്നമായിരുന്നു. കേരളത്തിലെ എല്ലാ ദളിത് സംഘടനകളുമായി സഹകരിച്ച് പ്രവർത്തനം സജീവമാക്കാമായിരുന്ന ഒരു പ്രസിദ്ധീകരണമായിരുന്നു അത്. സുദീർഘമായ ചർച്ചകളോ ആലോചനകളോ ഇല്ലാതെ ഏതാനും പേർ ചേർന്നു തുടങ്ങിയ സംരംഭം എന്നതായിരിക്കാം അതിന്റെ പരാജയ ഹേതു. ഏതാണ്ട് മൂന്നു കൊല്ലത്തിനപ്പുറം പിടിച്ചു നിൽക്കാൻ ദളിത്‌വോയ്സിനു കഴിഞ്ഞില്ല

www.malankaralibrary.com


ദളിത് വോയ്സിന്റെ പ്രവർത്തനം നിലച്ചതിനു ശേഷം വൈപ്പിനിൽ നിന്നു തന്നെ പിതൃഭൂമി, ദേശീയശബ്ദം എന്നീ സ്വതന്ത്രരാഷ്ട്രീയ മാസികകൾ പ്രസിദ്ധീകരണമാരംഭിച്ചു. സൂചകത്തിന്റെയോ ദളിത് വോയ്സിന്റെയോ സമഗ്രത അവകാശപ്പെടാനില്ലായിരുന്നു പിതൃഭൂമിക്കും ദേശീയ ശബ്ദത്തിനും എന്നാലും, സംഘാടനത്തിന്റെ കാര്യത്തിൽ ഇവ രണ്ടും കുറേക്കൂടി മുന്നോട്ടു പോയി. പട്ടികജാതി-പട്ടികവർഗ്ഗ കേന്ദ്ര ജീവനക്കാരുടെ സംഘടനയായ എസ്.സി./എസ്.ടി എംപ്ലോയീസ് ഫോറത്തിന്റെ പിന്തുണയോടെയായിരുന്നു ഈ പ്രസിദ്ധീകരണങ്ങളുടെ പ്രവർത്തനം.

പിതൃഭൂമി, നാഷണൽ വോയ്സ്, ദേശീയശബ്ദം എന്നീ മൂന്നുപേരുകളിൽ ഇറങ്ങിയ മാസികകളും എഡിറ്റു ചെയ്ത് പ്രസിദ്ധീകരിച്ചത് എൻ.ആർ. സന്തോഷ് ആയിരുന്നു.

എസ്.സി/എസ്.ടി. എംപ്ലോയീസ് ഫെഡറേഷന്റെ സാമ്പത്തിക സഹായവും മറ്റ് ആശിർവാദങ്ങളും ഉണ്ടായിരുന്നിട്ടുകൂടി ആ പ്രസിദ്ധീകരണങ്ങൾ നിലച്ചുപോയത് ഈ രംഗത്തു ചുവടുറുപ്പിക്കാൻ ദളിതുകൾക്ക് സാധ്യമാവുകയില്ലേ എന്ന ആശങ്കയെ കൂടുതൽ പ്രബലമാക്കുന്നു.

## ഗോത്രഭൂമി

ബദൽ മാധ്യമമെന്ന നിലയിൽ ഏറ്റവുമധികം ശ്രദ്ധേയമായിട്ടുള്ള പ്രസിദ്ധീകരണമാണ് ഗോത്രഭൂമി. ആദിവാസി ഗോത്ര വിഭാഗങ്ങളുടെ ജീവിതാവസ്ഥ അനാവരണം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ 2002ലാണ് ഇത് പ്രസിദ്ധീകരണമാരംഭിക്കുന്നത്. എട്ടു പേജുള്ള ടാബ്ലോയ്ഡ് ആഴ്ചപ്പതിപ്പായിട്ടായിരുന്നു ആദ്യ പ്രസിദ്ധീകരണം. പക്ഷേ, ആഴ്ചപ്പതിപ്പ് എന്ന നിലയിൽ അധികകാലം തുടരാനായില്ല.




2004ൽ, മാറിയ മുഖഭാവങ്ങളോടെ

www.malankaralibrary.com

മാസികരൂപത്തിൽ പ്രസിദ്ധീകരണം പുനരാരംഭിച്ച ഗോത്രഭൂമി 2012ലും നിലയ്ക്കാതെ തുടരുന്നത് അഭ്യുദയ കാംക്ഷികളുടെ കയ്യച്ച സംഭാവനകൾ കൊണ്ടാണെന്ന് എഡിറ്റർ രാജേന്ദ്രപ്ര സാദ് പറയുന്നു.

ആദിവാസി മേഖലയിലെ പ്രശ്ന ങ്ങൾ അപ്പപ്പോൾ വായനക്കാരിലെത്തിക്കുന്ന ശ്രമകരമായ ദൗത്യം ഈ പ്രസിദ്ധീകരണം അനുഷ്ഠിക്കുന്നുണ്ട്. പത്രപ്രവർത്തനം ശാസ്ത്രീയമായി അഭ്യസിച്ചവരുടെ അഭാവം ഈ പത്ര ത്തിന്റെ നടത്തിപ്പിലും പ്രകടമാണ്.

അത് ദളിത് സമൂഹത്തിൽ ഈ രംഗത്തുള്ളവരുടെ അഭാവം കൊണ്ടാണെന്ന് അടിവരയിടുന്നുമുണ്ട് ഈ മാസിക.

പത്തു വർഷത്തെ പ്രവർത്തനചരിത്രം വെളിവാക്കുന്നത്, നിരവധി ദളിത് മനുഷ്യാവകാശ പ്രശ്നങ്ങളെ മുഖ്യധാരാ മാധ്യമങ്ങൾ തമസ്കരിക്കുന്നുണ്ട് എന്നാണെന്ന് എഡിറ്റർ. ഡൽഹിയിൽ ഒരു പെൺകുട്ടിയെ ഒരു സംഘം പേർ ബലാൽസംഗം ചെയ്തു കൊന്ന വാർത്ത ലോകം മുഴുവനും അറിയാൻ മണിക്കൂറുകളേ വേണ്ടിവന്നുള്ളു. എന്നാൽ കേരളത്തിലെ ആദിവാസി മേഖലകളിൽ എത്രയോ പെൺകുട്ടികൾ കാലങ്ങളായി കൂട്ട ബലാത്സംഗങ്ങൾക്കിരയാകുന്നു. ഈ വാർത്തകൾ ആരും അറിയാതെ പോകുന്നു എന്നു മാത്രമല്ല ഇരയാകുന്ന പെൺകുട്ടികൾക്ക് നീതി ലഭിക്കാൻ വേണ്ടി മാധ്യമങ്ങളോ മറ്റാരെങ്കിലുമോ ശബ്ദമുയർത്തുന്നതായും കേൾക്കുന്നില്ല.

ദളിത് - ആദിവാസി മേഖലകളെ ചൂഴ്ന്നുനിൽക്കുന്ന ഹീനമായ ഉച്ചനീചത്വം സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം ആറു പതിറ്റാണ്ട് പിന്നിട്ടിട്ടും കാര്യമായ മാറ്റമൊന്നുമില്ലാതെ തുടരുകയാണ്. ഇതേക്കുറിച്ച് എന്തെങ്കിലുമെഴുതാൻ മനസ്സുള്ളവർ സവർണ്ണപക്ഷത്തുണ്ടാവുമെന്ന് കരുതേണ്ടതില്ലല്ലോ. ബദൽ മാധ്യമങ്ങളുടെ ഉത്തരവാദിത്തമേറുന്നത് ഇവിടെയാണ്. ദളിത് പ്രശ്നങ്ങളെ സത്യസന്ധമായി ഉയർത്തിക്കാട്ടുന്ന ബദൽ മാധ്യമ പ്രവർത്തകരെ തീവ്രവാദികളെന്ന് മുദ്രകുത്തുന്നവർപോലുമുണ്ട് നമ്മുടെ മുഖ്യധാരാ മാധ്യമ സമൂഹത്തിൽ - ഗോത്രഭൂമി പത്രാധിപർ വിലയിരുത്തുന്നു.

www.malankaralibrary.com

## ആർക് മാസിക




കൊച്ചിയിലെ അംബേദ്കർ റിസർച്ച് കേന്ദ്രത്തിന്റെ (ARC) ആഭിമുഖ്യത്തിൽ 2003ൽ പ്രസിദ്ധീകരണമാരംഭിച്ച മാസികയാണ് ആർക്. അംബേദ്കറൈറ്റ് ചിന്തകൾ പങ്കുവയ്ക്കുവാൻ മാത്രമല്ല, ദളിത് സമൂഹത്തിന്റെ സമകാല സ്പന്ദനങ്ങൾ പ്രദർശിപ്പിക്കാനും ആർക് അതിന്റെ പേജുകൾ ഉപയോഗപ്പെടുത്തുന്നു.

തുടർച്ചയായി എട്ടുവർഷം പ്രസിദ്ധീകരിച്ചു കൊണ്ട് വൻകിട മാധ്യമ ശ്രേണിയിൽ ചെറിയ ഒരിടം നേടാൻ ആർക്കിന് കഴിഞ്ഞു എന്ന് ആർക്കിന്റെ പ്രിന്ററും പബ്ലിഷറുമായ കെ. കെ. രഘൂത്തമൻ പറയുന്നു. ഈ മാസികയ്ക്കുവേണ്ടി പരസ്യങ്ങൾ തേടുകയെന്നത് പ്രായോഗികമല്ലാത്തതിനാൽ ആജീവനാന്ത വരിക്കാരെ ചേർത്ത് ആവുന്നിടത്തോളം സർക്കുലേഷൻ ഉണ്ടാക്കി വരുമാനം കണ്ടെത്താനാണ് ശ്രമമെന്നും രഘൂത്തമൻ പറയുന്നു.


ആർക്കിന്റെ എഡിറ്റോറിയൽ ഡസ്കിലെത്തുന്ന ഏതാണ്ട് എല്ലാ സൃഷ്ടികളും ഇതിൽ പ്രസിദ്ധീകരിക്കുന്നുണ്ടെന്ന് അനുമാനിക്കാൻ പ്രേരിപ്പിക്കുന്നു, ഈ മാസികയുടെ കെട്ടുംമട്ടും. നോട്ടീസ് ലേഔട്ട് ചെയ്യുന്ന ഗൗരവം പോലും പേജ് ലേഔട്ടിംഗിൽ കാണിക്കുന്നില്ല.

ഡബിൾ കളറിലാണെങ്കിലും മുൻകവറിനുള്ള സൗന്ദര്യം ഉൾപ്പേജുകളിലൊരിടത്തുമില്ല. 'ആർക്' എന്ന ഉദ്യമം സമാനതകളില്ലാത്തതാണ് എന്നു പറയുമ്പോൾത്തന്നെ, പരിമിതികൾക്കുള്ളിൽ നിന്ന് അത് കൂടുതൽ മനോഹരമാക്കാനുള്ള ശ്രമം ആർകിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നും പറയാതെ വയ്യ.

## നയലപം

കേരളത്തിലെ പട്ടികജാതികളിൽ ജനസംഖ്യകൊണ്ട് ഏറ്റവും പ്രബലമായ സമുദായമാണ് പുലയസമുദായം. ആ സമുദായത്തിന്റെ സംഘടനയായ കേരള പുലയർ മഹാസഭ (കെ.പി.എം.എസ്.) യുടെ മുഖപ

www.malankaralibrary.com




ത്രമായി പ്രസിദ്ധീകരണമാരംഭിച്ച നയലപം, സംഘടനയുടെ മുഖപത്രമെന്നതിനേക്കാൾ ദളിത് സമൂഹത്തിന്റെ സമകാലാവസ്ഥകളിലേക്ക് കണ്ണയക്കുന്നു.

പക്ഷേ, കേരളത്തിലെ ഏറ്റവും പ്രബലമായ പട്ടികജാതി സമുദായ സംഘടനയുടെ മുഖപത്രമായിട്ടും കെട്ടുംമട്ടും കുറ്റമറ്റതാക്കാൻ നയലപത്തിന് സാധിച്ചിട്ടില്ല.

**സംഘടിത - ദളിത് സ്ത്രീ പതിപ്പ്**

കെ. അജിതയും സാറാ ജോസഫും നേതൃത്വം നൽകുന്ന അന്വേഷി എന്ന സംഘടനയുടെ മുഖപത്രമാണ് സംഘടിത. കേരളത്തിലെ സ്ത്രീ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്നു, അന്വേഷിയും അതിന്റെ മുഖപത്രവും.


*രേഖാരാജ്*




സംഘടിതയുടെ 2012 ഡിസംബർ ലക്കം അങ്ങേയറ്റം പുതുമയുള്ളതാണ്. ദളിത് സ്ത്രീകൾക്കു മാത്രമായി ഒരു ലക്കം.

സ്ത്രീകുലത്തിൽ ദളിതുകളുമുണ്ട് അഥവാ ദളിത് സ്ത്രീകളും സ്ത്രീകൾ തന്നെ എന്ന് സമൂഹത്തെ ഓർമ്മപ്പെടുത്താൻ ഒരു ലക്കം.

ഒറ്റ ലക്കം കൊണ്ട് ഒരുപാട് ലക്കങ്ങൾ വായിച്ച പ്രതീതി. സംഘടിതയുടെ ഈ ലക്കത്തിന്റെ അതിഥി പത്രാധിപർ ഗവേഷകയും എഴുത്തുകാരിയു മായ രേഖാ രാജ്. പ ലതരം അനുഭവങ്ങ ളാലും സന്ദർഭങ്ങ ളാലും വ്യത്യസ്ത മായ ദളി ത് സ്ത്രീ ത്വം ഈ പതിപ്പിലെ

www.malankaralibrary.com

ങ്ങുമുണ്ട്. അയ്യങ്കാളിക്കൊപ്പം കല്ലു മാല സമരത്തിൽ പങ്കെടുത്ത കാളിയ മ്മയെക്കുറിച്ചും സമകാല ദളിത് സ്ത്രീ യുടെ ജീവിത പരിസരങ്ങളെക്കുറിച്ചും തലമുറകൾ താണ്ടുന്ന ഒരു ദീർഘ യാത്ര. പത്രാധിപ കുറിപ്പിൽ രേഖ സംശയിച്ചതുപോലെ മലയാള മാധ്യമ ചരിത്രത്തിലെ ആദ്യ ദളിത് സ്ത്രീപ്പതിപ്പുതന്നെ ഇത്.

**ഉത്തരകാലം (വെബ് പോർട്ടൽ)**

ദളിത് വിഷയങ്ങൾക്കു പുറമെ പൊതുകാര്യങ്ങളും ചർച്ചചെയ്യുന്ന ഈ വെബ് പോർട്ടൽ ആരംഭിച്ചത് 2012 വർഷാരംഭത്തോടെയാണ്. കുറഞ്ഞ നാളുകൾക്കുള്ളിൽ ജനശ്രദ്ധ നേടാ നും വായനക്കാർക്കിട യിൽ ചർച്ചയാകാനും ഈ പോർട്ടലിനു കഴിഞ്ഞു.സാഹിത്യവും സമ കാലിക വിഷയങ്ങളും ഇതിൽ അതിമനോഹരമായി അടുക്കിവയ്ക്കാൻ പോർട്ടൽ പ്രവർത്തകർക്കു കഴിയുന്നുണ്ട്.




www.malankaralibrary.com

# ദൃശ്യ-ശ്രവ്യ മാധ്യമങ്ങളും ദളിത് സമൂഹവും

കാഴ്ചയുടെയും കേൾവിയുടെയും വരേണ്യവൽക്കരിക്കപ്പെട്ട സൗകുമാര്യതാ സങ്കൽപമാണ് ദൃശ്യശ്രവ്യമാധ്യമങ്ങളെ നയിക്കുന്നതെന്ന് നമുക്കറിയാം. ശാരീരികവും വർണപരവുമായ സൗകുമാര്യതയുടെ കാര്യത്തിൽ അങ്ങേയറ്റം ശപിക്കപ്പെട്ടവരാണ് ദളിത് വംശജർ. അതുകൊണ്ടുതന്നെ കാഴ്ചയുടെ ആഘോഷമാവാൻ ഭാഗ്യമുള്ള ദളിത് വംശജർ നന്നേ കുറവ്.

ദൂരദർശനും ഇതര ടെലിവിഷൻ ചാനലുകളും സംപ്രേഷണം ചെയ്യുന്ന മിക്ക പരിപാടികളും വരേണ്യ ഫ്യൂഡൽ സംസ്കാരം പ്രചരിപ്പിക്കുന്നവയാണ്. അധഃകൃത സമൂഹത്തിന്റെ മനസ്സ് പരികല്പന ചെയ്യാൻ ആ പരിപാടികൾക്കൊന്നും കഴിയില്ല. അഥവാ അധഃസ്ഥിത ജനതയോടു കൂറുകാണിക്കുന്ന തരത്തിലുള്ള പരിപാടികൾ സംപ്രേഷണം ചെയ്താൽത്തന്നെ, അതിനു പ്രേക്ഷകരും പ്രായോജകരും നന്നേ കുറവായിരിക്കുകയും ചെയ്യും. ചുരുക്കത്തിൽ, നഷ്ടക്കച്ചവടമാണ് 'ദളിത് സംസ്കൃതി' നിഴലിക്കുന്ന പരിപാടികളെല്ലാം.

ദളിത് സാഹിത്യത്തിനും ദളിത് കലകൾക്കും ജനപ്രീതിയാർജ്ജിച്ചത് മലയാള സിനിമയിലേക്ക് കലാഭവൻമണി എന്ന ഹാസ്യനടന്റെ രംഗപ്രവേശത്തോടെയാണല്ലോ. ഞാറു നടുമ്പോഴും വയലിനു കാവൽ കിടക്കുമ്പോഴും കൊയ്യുമ്പോഴും ഭാരം ചുമക്കുമ്പോഴുമെല്ലാം ദളിതർ പാടിയ അപരിഷ്കൃതഗാനങ്ങൾ കലാഭവൻ മണിയുടെ സംഗീതത്തിലൂടെ ജനകീയമായി. അതോടെ നാടൻ പാട്ടുസംഘങ്ങളും

www.malankaralibrary.com

ഫോക്‌ലോർ അക്കാഡമിയും പുതുജീവൻ നേടി.

കലാഭവൻ മണിയുടെ ഹാസ്യരസം നിറഞ്ഞ അഭിനയം മലയാള പ്രേക്ഷകർക്ക് പ്രിയങ്കരമാണ്. മലയാള സിനിമയുടെ ചരിത്രം പഠിച്ച വർക്കറിയാം, ഹാസ്യത്തിന് എന്നും ഇരയായിട്ടുള്ളത് പാവപ്പെട്ടവന്റെ ജീവിതമായിരുന്നു. താരരാജാക്കന്മാരുടെ പുകഴ്ത്തപ്പെട്ട ആഢ്യജീവി തത്തിനിടയിൽ സംഭവിപ്പിക്കുന്ന അധഃകൃതന്റെ അബദ്ധങ്ങളായിരുന്നു പല മലയാള സിനിമയിലും ഹാസ്യത്തിന്റെ മേമ്പൊടി.

കലാഭവൻ മണിയും ആ അർത്ഥത്തിൽ അധഃകൃത ജനതയുടെ ആവിഷ്കാരം തന്നെയായിരുന്നു. നിലമുഴുമ്പോഴും മരം കയറുമ്പോഴും പഴയ ജന്മിയിൽ നിന്നെന്നപോലെ മമ്മൂട്ടിയുടെയും മോഹൻലാലി ന്റെയും ചവിട്ടും തൊഴിയും പരിഹാസവും അഭിനയിച്ചാണ് കലാഭ വൻ മണി മലയാളക്കരയുടെ കയ്യടി നേടിയത്. ചിരിപ്പിക്കുന്നവർക്ക് എന്നും കോമാളിയുടെ പരിവേഷമാണല്ലോ.

പക്ഷേ, ഇതിലെ പരിഹാസ്യത അങ്ങേയറ്റം മുതലെടുക്കുകയായി രുന്നു മണി. മലയാളക്കരയിൽ മാത്രമല്ല, തമിഴിലും തെലുങ്കിലുമെല്ലാം മണി നിറഞ്ഞാടി. മണിയൊച്ചയുടെ അനുരണനങ്ങൾക്ക് യുവജ നോൽസവവേദികളിൽ പോലും മലയാളി കാതുകൂർപ്പിച്ചു.

നാടൻ പാട്ടുകളെ മണി സിനിമാപ്പാട്ടുകളാക്കിയെങ്കിലും അത് ഫോക്‌ലോർ സാഹിത്യത്തിന്റെ ഉയിർത്തെഴുന്നേല്പിന് കാരണമാ യി. സി.ജെ. കുട്ടപ്പനും, കരിന്തലക്കൂട്ടത്തിലെ ഇ.പി. രാജഗോപാലനു മെല്ലാം വായ്മൊഴിപ്പാട്ടിന്റെ പ്രാമാണികത്വം മലയാള നാടിനു പകർന്നു കൊടുത്തു.

സ്വകാര്യ ടെലിവിഷൻ ചാനലുകൾ പ്രേക്ഷകരെ പിടിച്ചിരുത്താൻ കണ്ണീർ സീരിയലുകൾക്കു പിന്നാലെ സ്റ്റാർ സിംഗർ പോലെയുള്ള റിയാലിറ്റി ഷോകൾ സംഘടിപ്പിച്ചപ്പോൾ ദൂരദർശൻ ചെയ്തത് നാടൻപാട്ടുകളുടെ റിയാലിറ്റി ഷോ സംഘടിപ്പിക്കുകയാണ്.

റിയാലിറ്റി ഷോയുടെ എല്ലാ പോരായ്മകളുമുള്ള ഒരുപരി പാടിയായിരുന്നു അതും എങ്കിലും, അത്തരമൊരു പ്രോഗ്രാമിന് ആശയം മുന്നോട്ടുവച്ചവരുടെ ധീരത അഭിനന്ദനമർഹിക്കുന്നു. ദൂരദർശനിലെ പ്രേക്ഷകശ്രദ്ധയാകർഷിക്കുന്ന പരിപാടികളിൽ ഒന്നായി മാറിയിരിക്കുന്നു 'എല്ലാരും ചൊല്ലണ്' എന്ന നാടൻപാട്ട് റിയാലിറ്റി ഷോ.

www.malankaralibrary.com

ദൃശ്യമാധ്യമങ്ങളുടെ വാർത്താവിഭാഗങ്ങൾ എന്നും മന:പൂർവം ഒഴിവാക്കുകയാണ് ദളിത് സംബന്ധമായ വാർത്തകൾ സ്ത്രീപീഡനങ്ങൾക്കും രാഷ്ട്രീയ കയ്യാങ്കളികൾക്കും നൽകുന്ന പ്രാധാന്യത്തിന്റെ ചെറിയൊരംശം പോലും ദളിത് പ്രശ്നങ്ങൾക്ക് അവർ നൽകുന്നില്ല. ആദിവാസി മേഖലകളിലും മറ്റും നടക്കുന്ന ദുരിതകഥകൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താൻ ഏറ്റവുമിണങ്ങിയ മാധ്യമം ദൃശ്യമാധ്യമമാണ്. പക്ഷേ, അവരെല്ലാം സന്തൂർസോപ്പിന്റെയും കുട്ടിക്യൂറയുടെയും ആരാധകർക്കുവേണ്ടിയാണ് വാർത്തകൾ ശേഖരിക്കുന്നതും പ്രക്ഷേപണം ചെയ്യുന്നതും. ദുരിതമനുഭവിക്കുന്നവരുടെ കഥകളിലേക്കല്ല, ജീവിതം ആഘോഷിച്ചു തിമിർക്കുന്നവരുടെ വർണ്ണശബളതയിലേക്കാണ് ദൃശ്യമാധ്യമങ്ങളുടെ ക്യാമറക്കണ്ണുകൾ മിഴിതുറക്കുന്നത്.

എല്ലാവർഷവും ഏപ്രിൽ 14 അംബേദ്ക്കർ ജയന്തിദിനമാണ് എന്ന് നമുക്കറിയാം. അന്ന് മറ്റൊരു സവിശേഷദിനം കൂടിയാണ്. കേരളത്തിൽ വിഷു ആഘോഷിക്കുന്നതും മിക്കവാറും വർഷങ്ങളിൽ ഏപ്രിൽ 14 -ാം തീയതി തന്നെ.

വിഷുവിന്റെ ആഘോഷങ്ങൾക്കിടയിൽ പ്രേക്ഷകർക്കു പ്രിയങ്കരം "അമ്പാടിക്കണ്ണാ നീ..." എന്നും മറ്റുമുള്ള സംഗീത ആൽബങ്ങളും പ്രണയാതുരങ്ങളായ ടെലിഫിലിമുകളുമൊക്കെയാണ്. സ്വകാര്യ ടി.വി. ചാനലുകളെപ്പോലെ ദുരദർശനും ഇത്തരം രസിപ്പിക്കുന്ന പരിപാടികളാണ് അന്നേദിവസം കൂടുതലായി സംപ്രേഷണം ചെയ്യുന്നത്.

ഇങ്ങനെ ധാരാളം പ്രേക്ഷകരെ ലഭിക്കുന്ന ഏപ്രിൽ 14-ാം തീയതി ദളിത് നേതാക്കളെ ഉൾപ്പെടുത്തിയുള്ള മാധ്യമചർച്ചകൾ സംഘടിപ്പിക്കുക എന്നത് ഒരു ധീരതയാണ്. കാരണം, നമുക്കറിയാം വിഷുവിന്റെ ആഘോഷത്തിമിർപ്പിലാണ് അന്ന് മലയാളക്കര. കേരളീയരെ സംബന്ധിച്ചിടത്തോളം തികച്ചും ഫ്യൂഡൽ ആഘോഷമാണ് വിഷു. കണ്ണനെ കണികണ്ട് കൗതുകങ്ങളിലേക്ക് കണ്ണുതുറന്നിരിക്കുന്ന മലയാളിക്ക് അംബേദ്ക്കർ ജയന്തിയുടെ ആശംസകൾ നീട്ടുന്നത് ധീരതയല്ലേ? ആ ധീരത കാണിക്കുന്നത് തിരുവനന്തപുരം ദൂരദർശൻ മാത്രം.

മനസ്സിലും വാക്കിലും പ്രവൃത്തിയിലുമെല്ലാം അസഹിഷ്ണുത കുത്തിനിറച്ച മലയാളി മധ്യവർഗ്ഗക്കാർ. അവർ ദൂരദർശനിലെ ദളിത് സംവാദത്തിനു നേരെ ചിറികോട്ടാതിരിക്കില്ല എന്നറിഞ്ഞു കൊണ്ടു തന്നെയാണ് ദൂരദർശൻ ആ ധീരത കാണിക്കുന്നത്. ദൂരദർശന്റെ കർമ്മധീരതയ്ക്ക് ദളിത് ജനത കടപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

## മുഖ്യമാന സെയ്തിക പഠിക്കത് കാളി....

2010 സെപ്തംബർ 19 ഞായറാഴ്ചയിലെ മംഗളം ദിനപത്രം സപ്ലി മെന്റിലാണ് ഈ മനോഹര വാർത്തവന്നത്.

അട്ടപ്പാടിയിലെ 187 ആദിവാസി ഊരുകളിലും ആദിവാസികൾ ഇരുള ഭാഷയിലെ ഈ വാർത്തവായന കേൾക്കാൻ കാതുകൂർപ്പിച്ചിരിക്കുന്നു. അട്ടപ്പാടിയിലെ ചാനൽപ്ലസ് എന്ന പ്രാദേശിക ചാനലിലാണ് ഇരുളഭാഷയിൽ ആദിവാസിയായ കാളി വാർത്തകൾ വായിക്കുന്നത്. ഈ വാർത്ത ഐ.ഗോപിനാഥാണ് കണ്ടെത്തിയത്. മംഗളം ദിനപത്രത്തിന് നന്ദി.


മുഖ്യമാന സെയ്തിക പഠിക്കത് കാളി...

## അയ്യങ്കാളിയെ അടിച്ചുകൊന്നു!

തിരുവനന്തപുരം ദൂരദർശൻ കേരളത്തിലെ ദളിതരോട് ചെയ്ത അക്ഷന്തവ്യമായ ഒരു പാതകത്തിന്റെ കാര്യമാണ് പറഞ്ഞത്. ഭാവനയുടെയും ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെയും എല്ലാ അതിരുകളും ലംഘിച്ച ഒരു കലാ ആഭാസത്തിലൂടെ തിരുവനന്തപുരം ദൂരദർശൻ ദളിത് സമൂഹത്തിന്റെ പാവന വികാരങ്ങളെ വ്രണപ്പെടുത്തിയെന്ന് പിതൃഭൂമി, സമീക്ഷ എന്നീ പ്രസിദ്ധീകരണങ്ങളിൽ ചെറായി രാമദാസ് എഴുതുന്നു.

കെ. സുരേന്ദ്രന്റെ ജ്വാല എന്ന നോവൽ അതേ പേരിൽ സീരിയലാക്കിയതാണെന്ന് സീരിയലിന്റെ ടൈറ്റിലിൽ എഴുതിക്കാണിക്കുന്നുണ്ടെങ്കിലും അയ്യങ്കാളിയെ അപമാനിക്കുന്ന യാതൊന്നും നോവലിലില്ല. പക്ഷേ, ദൂരദർശൻ സീരിയലിൽ കാണിക്കുന്നത് സ്വദേശാഭിമാനി ശേഖരപിള്ള എന്നു പേരുള്ളയാളും അനുയായികളും നയിക്കുന്ന കർഷക

www.malankaralibrary.com

ത്തൊഴിലാളി സമരത്തിൽ പിന്നണി നേതാവായ അയ്യൻകാളിയെ ഒരു തമ്പുരാൻ അടിച്ചുകൊല്ലുന്നു എന്നാണ്! അയ്യൻകാളിക്ക് ജീവനുണ്ടായിരുന്നപ്പോൾ തമ്പുരാക്കന്മാർക്ക് നടപ്പാക്കാൻ കഴിയാത്ത മോഹം, അവരുടെ പിന്മുറക്കാർ 'സിലുമാക്കളി'യിലൂടെ സാധിച്ചുകൊടുത്തിരിക്കുന്നു എന്നാണ് ചെറായി രാമദാസ് എഴുതുന്നത്.

അജയ്യമായ കയ്യൂക്കിന്റെയും പോരാട്ടവീര്യത്തിന്റെയും ആൾരൂപമായല്ലാതെ അയ്യങ്കാളിയെ സങ്കല്പിക്കാൻ പോലുമാവില്ല ആർക്കും! ഗുണ്ടയെ മാത്രമല്ല ഗുണ്ടാസംഘത്തെയും അടിച്ചുവീഴ്ത്തിയ ശക്തനും ധീരനുമായിരുന്നു അയ്യങ്കാളി. ആ അയ്യങ്കാളിയെയാണ് സീരിയലിലെ ഗുണ്ടയെക്കൊണ്ട് തിരുവനന്തപുരം ദൂരദർശൻ 'ഈസി'യായി കൊന്നിരിക്കുന്നത്. കർഷകത്തൊഴിലാളി സമരവും സീരിയലിലേതുപോലെയല്ല നടന്നത്. ദളിത് കുട്ടികളുടെ സ്കൂൾ പ്രവേശസ്വാതന്ത്ര്യത്തിനു വേണ്ടി അയ്യങ്കാളിയാണ് ആ പണിമുടക്ക് സംഘടിപ്പിച്ചതും നയിച്ചതും വിജയിപ്പിച്ചതും. മറ്റൊരു ദളിത് നേതാവായ പണ്ഡിറ്റ് കറുപ്പനെ 'ബാലകലേശം' എന്ന നാടകത്തിന്റെ പേരിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പത്രങ്ങളിലൂട കടന്നാക്രമിച്ചിരുന്നു എന്ന് സാഹിത്യ പ്രവർത്തകസഹകരണസംഘം 1978ൽ ഇറക്കിയ സ്വദേശാഭിമാനി എന്ന പുസ്തകത്തിൽ പറയുന്നു. (കെ. ഭാസ്കരപിള്ള പേജ് 352-353) സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയോ അനുയായികളോ ഒരു തൊഴിലാളി സമരവും സംഘടിപ്പിച്ചിട്ടില്ലെന്നിരിക്കേ, ഒരു സമൂഹത്തിന്റെ ആരാധനാപാത്രമായ അയ്യങ്കാളിയെ നിഷ്പ്രഭനാക്കുന്ന തരത്തിൽ ഇങ്ങനെയൊരു സീരിയൽ സംപ്രേഷണം ചെയ്തതിന് മാപ്പുപറയണമെന്നും സീരിയൽ ഉടൻ നിർത്തിവെക്കണമെന്നും ചെറായി രാമദാസ് തന്റെ ലേഖനത്തിലൂടെ ആവശ്യപ്പെട്ടു. പക്ഷേ, ഈ ആവശ്യങ്ങൾ കേട്ടതായിപ്പോലും ഭാവിച്ചില്ല.

## അയ്യങ്കാളിയും ദൈവത്താനും പി ഗോവിന്ദപിള്ളയും

കേരള നവോത്ഥാനം മൂന്നാം സഞ്ചിക എന്ന പുസ്തകം പി. ഗോവിന്ദപ്പിള്ള രചിച്ചതും ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ചതുമാണ്. കേരള നവോത്ഥാനം വിഷയമായുള്ള പുസ്തക പരമ്പരയിലെ മൂന്നാംഭാഗമാണത്. കേരളത്തിലെ ദളിത്-പിന്നോക്ക നേതാക്കളെയും അയിത്തവിരുദ്ധ സമരചരിത്രത്തെയും കുറിച്ചാണ് പുസ്തകം പ്രതിപാദിക്കുന്നത്.

www.malankaralibrary.com



പി. ഗോവിന്ദപ്പിള്ള കേരളീയർക്കു പ്രിയപ്പെട്ട ചിന്തകനും മാർക്സിറ്റു പാർട്ടിയുടെ ധൈഷണിക കേന്ദ്രവുമാണ്. കേരളത്തിലങ്ങോളമിങ്ങോളം യാത്ര ചെയ്യുകയും കേരളത്തിന്റെ സാംസ്കാരിക-സാമൂഹികാന്തരീക്ഷം നന്നായി മനസിലാക്കുകയും ചെയ്തിട്ടുള്ള ആളാണ്. ദലിത് സമരങ്ങളെയും സമരനേതാക്കളെയും അദ്ദേഹം വിശാലമനസ്സോടെ നിരീക്ഷിച്ചിട്ടുണ്ടായിരിക്കണം.

നവോത്ഥാന പരമ്പരയിലെ മൂന്നാം പുസ്തകത്തിൽ കുറുമ്പൻ ദൈവത്താൻ എന്ന സാമൂഹിക പരിഷ്കർത്താവിനെക്കുറിച്ചും പ്രതിപാദിക്കുന്നു. ദൈവത്താൻ അക്കാലത്തെ ഉശിരുള്ള ഒരു നേതാവായിരുന്നു എന്ന കാര്യം ദളിത് സമൂഹത്തിനെല്ലാം അറിയാം. അതത്രയും പി.ജി. എഴുതിയത് ശരിയുമാണ്. എന്നാൽ അയ്യങ്കാളിയും ദൈവത്താനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പി.ജി.യുടെ എഴുത്ത് വസ്തുതകളെ വഴിതിരിച്ചുവിടുന്നതരത്തിലാണ്.

അയ്യങ്കാളിയും ദൈവത്താനും തമ്മിൽ 17 വയസ്സിന്റെ വ്യത്യാസമുണ്ടെന്നു പറയുന്നു, പി. ഗോവിന്ദപ്പിള്ള. അക്ഷരാഭ്യാസം ഇല്ലാത്ത അയ്യങ്കാളിക്ക് എഴുത്തിലും വായനയിലും പ്രസംഗത്തിലും ദൈവത്താൻ സന്തത സഹചാരിയായിരുന്നു എന്നും അദ്ദേഹം എഴുതുന്നു. അവിടെയാണ് പ്രശ്നം. അയ്യങ്കാളിക്ക് പ്രസംഗങ്ങളും മറ്റും എഴുതി നൽകിയിരുന്നത് അദ്ദേഹത്തിന്റെ തന്നെ ഒരനുജനും സെക്രട്ടറിയുമായിരുന്ന തോമസ് വാധ്യാരായിരുന്നു. എന്നു മാത്രമല്ല, അയ്യങ്കാളിയുമായി അഭിപ്രായവ്യത്യാസം പ്രകടിപ്പിച്ച ദൈവത്താൻ സാധുജന പരിപാലന സംഘത്തിൽ നിന്നു വിട്ടുനിന്നതും ഹിന്ദുപുലയസമാജം എന്ന സംഘടനയ്ക്കു രൂപം കൊടുത്തതും ദളിത് ശിഥിലീകരണം ലക്ഷ്യമിട്ടിരുന്ന രാഷ്ട്രീയക്കാരുടെയും സവർണ്ണരുടെയും ഒത്താശയോടെയായിരുന്നുവെന്നും കരുതപ്പെടുന്നു.

ദൈവത്താൻ അയ്യങ്കാളിക്കു സമശീർഷനായിരുന്നു എന്ന പി.ജി. യുടെ പ്രസ്താന വസ്തുതകൾക്കു നിരക്കുന്നതല്ല.

അയ്യങ്കാളി നേതൃത്വം നൽകിയ പല പ്രക്ഷോഭങ്ങളിലും അണികളായി നിന്നവർ പലരും പിൽക്കാലത്ത് ആത്മകഥയെഴുതുമ്പോൾ അയ്യ

www.malankaralibrary.com

ങ്കാളിയെ അണികളിലൊരാളാക്കുകയും ആത്മകഥാകാരൻ തേരാളി യായിരുന്നുവെന്നു വരുത്തുകയും ചെയ്യുന്ന പ്രവണത കണ്ടുവരുന്നുണ്ട് എന്ന് ഗവേഷകനായ ചെറായി രാമദാസ് ചൂണ്ടിക്കാട്ടുന്നു. ദൈവ ത്താന്റെ സ്വയംപ്രശംസ എവിടെയെങ്കിലും വായിച്ചാണ് പി.ജി. തന്റെ പുസ്തകത്തിൽ ഇങ്ങനെ എഴുതിയതെങ്കിൽ അയ്യങ്കാളിയെ ഹൃദയ ത്തിൽ കൊണ്ടുനടക്കുന്ന ജനതയെക്കരുതി ആ പ്രസ്താവം തിരു ത്തണമെന്നും ചെറായി രാമദാസ് പറയുന്നു.

www.malankaralibrary.com

# ആദിവാസിക്കഥ പറയാൻ ആദിവാസി കഥാകാരൻ

ദളിതരുടെയും ആദിവാസികളുടെയും കദനകഥയെഴുതി കാശുവാങ്ങിയിരുന്നത് ഇതുവരെ ഇതരജാതി കഥാകാരന്മാരായിരുന്നു. ആദിവാസികളിൽ നിന്നൊരാൾ ആദിവാസിയുടെ കഥയെഴുതി ഇരുപത്തഞ്ചുവർഷം പെട്ടിയിൽ വച്ച് സർവീസിൽ നിന്നു പിരിഞ്ഞപ്പോൾ കിട്ടിയ തുകയിൽ നിന്നൊരു ഭാഗം കേരളത്തിലെ ഒരു പ്രമുഖ പ്രസാധകർക്കു കൊടുത്താണ് ആദ്യത്തെ ആദിവാസി വിരചിതമായ ആദിവാസി നോവൽ പ്രസിദ്ധീകരിച്ചത്.

കേരള സാഹിത്യ അക്കാഡമി പുരസ്കാരം ലഭിച്ച ആദ്യ ആദിവാസിയായ നാരായനെക്കുറിച്ചാണ് പറയുന്നത്. ഇടുക്കിയിലെ മലയരയ വിഭാഗത്തിൽപ്പെട്ട നാരായൻ തപാൽ വകുപ്പിലെ ഉദ്യോഗസ്ഥനായിരുന്നു. വളരെ വർഷങ്ങൾക്കു മുമ്പാണ് 'കൊച്ചരേത്തി' എന്ന ആദ്യ നോവൽ അദ്ദേഹം എഴുതുന്നത്. അതു പൂർത്തിയായ ശേഷം പ്രസാധകരെത്തേടി അദ്ദേഹം എത്രയോ അലഞ്ഞു. പണം കൊടുത്താൽ പ്രസിദ്ധീകരിക്കാം എന്നായിരുന്നു മറുപടി.




www.malankaralibrary.com

നാരായൻ കാത്തിരുന്നു. സർവീസിൽ നിന്ന് പിരിഞ്ഞപ്പോൾ കിട്ടിയ തുകയുടെ ഒരു ഭാഗം മുടക്കിയാണ് തന്റെ ആദ്യനോവൽ അച്ചടിമഷി പുരട്ടിയതെന്ന് അവാർഡ് ലബ്ധിക്കു ശേഷം നേടത്തിയ ഒരഭിമുഖ ത്തിൽ നാരായൻ പറയുകയുണ്ടായി.

ഒരു പക്ഷേ ഡി.സി. ബുക്സിനെപ്പോലെ മികച്ച ഒരു പ്രസാധക രല്ല ആ നോവൽ ഏറ്റെടുത്തിരുന്നതെങ്കിൽ അതിന് കേരള സാഹിത്യ അക്കാഡമി അവാർഡ് ലഭിക്കുമായിരുന്നില്ല. കൃതി മികച്ചതായാൽ മാത്രം പോരല്ലോ. അവാർഡ് ചോദിച്ചു മേടിക്കേണ്ട അവസ്ഥയല്ലേ ഇപ്പോൾ. നാരായന്റെ ആദ്യപുസ്തകമായ കൊച്ചരേത്തി കെട്ടിലും മട്ടിലും മികച്ചതാക്കാൻ ഡി.സി. ബുക്സ് ശ്രദ്ധിച്ചു. മാത്രമല്ല, പുസ്തകം ഇറങ്ങുന്നതിനു മുമ്പേ വമ്പൻ പരസ്യങ്ങളും നൽകി.

ഒരു ആദിവാസിയുടെ പുസ്തകം ഇത്രയും വലിയ ഹിറ്റാവാൻ നിമിത്തമായത് എന്താണ്? മറ്റൊന്നുമല്ല, പണം തന്നെ. പെൻഷൻ പറ്റിയ കാശ് നിക്ഷേപം നടത്തുന്നതിനു തുല്യമായാണ് പുസ്തകം പ്രസി ദ്ധീകരിക്കാൻ വേണ്ടി നാരായൻ ചെലവിട്ടത്.

ആദിവാസി ജീവിതത്തിന്റെ കയ്പും മധുരവും ഒട്ടും മായവും മറ യുമില്ലാതെയാണ് നാരായൻ തന്റെ കഥകളിൽ എഴുതുന്നത്. ഇരുപ ത്തിയഞ്ചു കൊല്ലം മുമ്പേ പ്രശസ്തനായിത്തീരേണ്ട കഥാകാരനായി രുന്നു നാരായൻ. പക്ഷേ, ജന്മസിദ്ധമായ ദൗർഭാഗ്യം അദ്ദേഹത്തിന്റെ സർഗാത്മകതയെ ഇത്രയും നാൾ ഇരുട്ടിൽ തളച്ചിട്ടു.

കേരളത്തിലെ ദളിത് എഴുത്തുകാരിൽ പലരും ഇങ്ങനെയാണ്. പെൻഷൻ പറ്റാൻ സർക്കാർ ജോലിയില്ലാത്തവരുടെ കാര്യമോ? അവ രെഴുതിയ കഥകളും കവിതകളും മക്കൾ കത്തിച്ചുകളഞ്ഞ ചില അനു ഭവങ്ങൾ ഈ അന്വേഷണത്തിനിടെ നേരിട്ടറിഞ്ഞിട്ടുണ്ട്.

എഴുത്തിന്റെ മായിക വശ്യതയിൽ ജീവിതം ഹോമിക്കപ്പെട്ട ദളിത് ചെറുപ്പക്കാർ ഇവിടെ എത്രയോ ഉണ്ട്! "തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും വാച്ചിടും കല്ലുകളെന്ന്" വെളുത്ത എഴുത്തുകാർ രഹസ്യ മായി പുകഴ്ത്തിയ അവരെല്ലാം "ചാണ കാണാതെ" കുപ്പക്കുഴി യിൽത്തന്നെ മണ്ണടിഞ്ഞുപോയി.

നാരായനു മുമ്പേ കിടിലൻ കഥകളെഴുതിയ ടി.കെ.സി. വടുതലയും സി. അയ്യപ്പനുമെല്ലാം അക്ഷരസാമ്രാജ്യത്തിലെ കറുത്തമുത്തുകളാ

www.malankaralibrary.com

ണെന്ന് മലയാളം സമ്മതിച്ചിട്ടുണ്ട്. പക്ഷേ, അവരെല്ലാം എഴുത്തുകാർ എന്നതിലുപരി, സർക്കാർ ഉദ്യോഗസ്ഥരായിരുന്നു. എഴുത്തിന്റെ വിസ്മയപ്രകാശം പ്രസിദ്ധീകരിക്കാൻ അവരുടെ സാമൂഹ്യ പശ്ചാത്തലം അനുകൂലമായിരുന്നു. എന്നിട്ടും അർഹമായ ചർച്ചകൾ അവരെത്തേടിയെത്തിയത് എത്രയോ കാലം കഴിഞ്ഞാണ്.

തൊണ്ണൂറുകളുടെ തുടക്കത്തിൽ ഡി.സി. ബുക്സും നാരായന്റെ നോവലുമാണ് ദളിത് സാഹിത്യം എന്നൊരു ചർച്ച സജീവമാക്കിയത്. അതിനുമുമ്പൊരിക്കലും ദളിത് കൃതികൾ ഇത്ര സജീവമായി ചർച്ച ചെയ്യപ്പെട്ടില്ല. മലയാളത്തിൽ മാധ്യമം ആഴ്ചപ്പതിപ്പിന്റെ വരവ് ചില ദളിത് കവികളെയും രംഗത്തേക്കു കൊണ്ടുവന്നിട്ടുണ്ട്. ആഴ്ചപ്പതിപ്പ് ഉണർത്തിവിട്ട ദളിത് രാഷ്ട്രീയ ബോധം മലയാളത്തിൽ ദളിത് സാഹിത്യ പ്രസ്ഥാനത്തിനും ഉണർവു നൽകി എന്നു പറയാതിരിക്കാനാവില്ല.

www.malankaralibrary.com

# സാമൂഹികാവസ്ഥ

ഈപഠനത്തിൽ ഉടനീളം മുഴച്ചുനിൽക്കുന്നത് ദളിത് സമൂഹത്തിന്റെ പിന്നോക്കാവസ്ഥയും പരിമിതികളുമാണെന്നും, ഇത്രയുമൊക്കെ ദയനീയതയാണോ ഈ സമൂഹത്തിലുള്ളത് എന്നും സന്ദേഹിച്ചേക്കാം. ദളിത് സാമൂഹ്യാവസ്ഥ നാം കാണുന്നത്ര സുന്ദരമല്ല എന്ന് ആവർത്തിക്കാൻ ഈ അവസരം വിനിയോഗിക്കട്ടെ.

കോട്ടയം ജില്ലയിലെ സചിവോത്തമപുരം എന്ന സ്ഥലം ദളിത് സമരചരിത്രത്തിലെ തീക്ഷ്ണത നിറഞ്ഞ ഒരദ്ധ്യായമാണ്. മധ്യകേരളത്തിലെ ഏറ്റവും വലിയ പട്ടികജാതി കോളനികളിലൊന്നാണിത്. അഞ്ഞൂറിൽപരം ദളിത് കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ കോളനിക്കു മുകളിൽക്കൂടി സ്വകാര്യ പ്ലൈവുഡ് കമ്പനിയുടമയുടെ ആവശ്യാർത്ഥം 11 കെ.വി. ഇലക്ട്രിക് ലൈൻ വലിക്കാൻ അധികൃതർ തീരുമാനമെടുക്കുന്നു. ഇതിലെ വലിയ അപകടം മണത്തറിഞ്ഞു പട്ടികജാതി കോളനിവാസികൾ അത് തടയുന്നു. പക്ഷേ, സവർണ്ണ മുതലാളിമാരുടെയും ഗുണ്ടകളുടെയും അധികൃതരുടെയും പീഡനമായിരുന്നു കോളനി നിവാസികൾക്ക് ലഭിച്ചത്. പീഡനത്തിൽ പ്രതിഷേധിച്ച് കുറിച്ചി സചിവോത്തമപുരം കോളനിയിലെ ശ്രീധരൻ എന്നയാൾ പരസ്യമായി മണ്ണെണ്ണയൊഴിച്ച് തീകൊളുത്തി ആത്മഹത്യ ചെയ്യുന്നു. ശ്രീധരന്റെ ആത്മഹത്യ പിറ്റേദിവസം ചില പത്രങ്ങൾ മാത്രം നന്നായി റിപ്പോർട്ടു ചെയ്തു. മറ്റു ചിലവ അതും തമസ്കരിച്ചു. ഏതായാലും കുറിച്ചി ശ്രീധരന്റെ മരണം കോ ളനി നിവാസികൾ ക്കു നേരെ അക്ര മം അഴിച്ചുവിട്ട നാ ട്ടുകാർക്കു കിട്ടിയ അടിയായിരുന്നു. ഈ വാർത്ത ആ അർത്ഥ

www.malankaralibrary.com



ദേശീയ ശബ്ദം

കുറിച്ചി ശ്രീധരൻ ആത്മസമർപ്പണദിനം

ഫെബ്രുവരി 8, കാലത്തെ അതിജീവിക്കട്ടെ....

ത്തിൽ പ്രസിദ്ധീകരിച്ചത് സമകാലിക മലയാളം വാരിക മാത്രമായിരുന്നു.

കേരളത്തിലെ നഗര ഗ്രാമാന്തരങ്ങളിലെല്ലാം പട്ടികജാതിക്കാർ ഇത്തരം സംഘടിതമായ ആക്രമണങ്ങൾക്കും ചൂഷണങ്ങൾക്കും ഇരയാകേണ്ടി വരുന്നു. മരണത്തിനും അപമാനത്തിനും ഇരയാകേണ്ടി വരുന്ന പട്ടികജാതിക്കാർക്ക് നിയമപാലകരുടെ പിന്തുണ പോലും ലഭിക്കുന്നില്ല. നിയമപാലകർ എല്ലാം വർണ്ണവെറിയന്മാരാണെന്ന് പല പട്ടികജാതി പീഡനകേസുകളും സാക്ഷ്യം പറയുന്നു. ഇരയായവരെ ഭീഷണിപ്പെടുത്തുകയും വേട്ടയാടപ്പെടുന്നവർക്ക് സ്വീകരണം നൽകുകയും ചെയ്യുന്നവരാണ് പല പോലീസുകാരും. മധ്യസ്ഥത പറയാൻ വരുന്ന രാഷ്ട്രീയപ്രവർത്തകരെല്ലാം പട്ടികജാതിക്കാരോട് മാത്രമേ വിട്ടുവീഴ്ച ചെയ്യാൻ ആവശ്യപ്പെടാറുള്ളൂ. സംഘടിതമായ ആക്രമണങ്ങൾക്ക് ഇരയാവുന്നവർ പലപ്പോഴും ഇത്തരമവസരങ്ങളിൽ കൂടുതൽ പ്രശ്നങ്ങളുണ്ടാവാതിരിക്കാൻ ഇത്തരം ഹീനമായ മധ്യസ്ഥതകൾക്കു വഴങ്ങുകയും ചെയ്യുന്നു.

കേരളത്തിലിന്നും അസ്പൃശ്യത നിലനിൽക്കുന്ന സ്ഥലങ്ങളുണ്ടെന്ന് വടക്കൻ കേരളത്തിലെ ചില ദളിത് സമൂഹങ്ങൾ സാക്ഷ്യം പറയുന്നു. ചായക്കടകളിൽ ദളിതുകൾക്ക് പ്രവേശനമില്ലാത്ത എത്രയോ ഗ്രാമങ്ങളുണ്ട് ഇന്നുമവിടെ. പ്രാകൃതമായ ജാതിവിചാരം കൊടികുത്തിവാഴുന്ന സ്ഥലങ്ങൾ ഉത്തരേന്ത്യയിൽ മാത്രമല്ല, കേരളത്തിലുമുണ്ട്.

എടത്തല ഗ്രാമപഞ്ചായത്ത് എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലാണ്. എടത്തലയിലെ നാലാം മൈൽ എന്ന സ്ഥലത്ത് പറയ സമുദായത്തിൽ പെട്ട കുഞ്ഞപ്പൻ എന്ന വൃദ്ധൻ തന്റെ കുലത്തൊഴിലിനാവശ്യമായ മൂന്നു കെട്ട് ഈറ്റ വഴിവക്കിൽ ചേർത്തിടുന്നു. സന്ധ്യ

www.malankaralibrary.com

യോടെയാണ് മറ്റൊരിടത്തു നിന്നും അത് അവിടെ കൊണ്ടിറക്കിയിട്ടത്. ഇരുട്ടായതിനാലും വീട്ടിലേക്ക് നല്ല വഴിയില്ലാത്തതിനാലും നേരം വെളുത്തിട്ട് അത് എടുത്തുമാറ്റാം എന്നു കരുതി.

പിറ്റേന്ന് നേരം വെളുത്തപ്പോൾ ഈറ്റക്കെട്ടുകൾ സമീപത്തുള്ള കനാലിൽ ചിതറിക്കിടക്കുന്നു. കുഞ്ഞപ്പൻ ആളുകളെ വിളിച്ചുകൂട്ടി. ആരാണിത് ചെയ്തത് എന്നന്വേഷിച്ചപ്പോൾ സ്ഥലത്തെ പ്രമാണിയായ ഒരു മുസ്ലീം പരിഹസിച്ചുകൊണ്ട് ചോദിച്ചു “ഞാനാ ചെയ്തത്... നീ എന്തു ചെയ്യുമെടാ പറയാ....”

അതോടെ ആളുകൂടി. പ്രശ്നം കൂടുതൽ സങ്കീർണമായി. വാർഡു മെമ്പർ മധ്യസ്ഥതയ്ക്കു വന്നു. കുഞ്ഞപ്പനോട് “ഈറ്റ കനാലിൽ നിന്ന് കേറ്റിയിട്ടോളൂ. എന്തു പരിഹാരം വേണമെങ്കിലും ചെയ്യിച്ചേക്കാം” എന്നായിരുന്നു മെമ്പറുടെ മധ്യസ്ഥവാക്യം.

എങ്ങനെയുണ്ട്? പാവപ്പെട്ട ഒരു പട്ടികജാതിക്കാരന്റെ അരിപ്രശ്നത്തെ അവഹേളിച്ചവനെ ആദരിക്കയാണ് മെമ്പർ.

സാധ്യമല്ലെന്ന് കുഞ്ഞപ്പനും ബന്ധുക്കളും പറഞ്ഞു. ഞങ്ങൾ പോലീസ് സ്റ്റേഷനിലേക്ക് പോവുകയാണ് എന്ന് അവർ പറഞ്ഞതോടെ ഇട്ടയാൾ തന്നെ ഈറ്റ മുകളിൽ കയറ്റി.

പ്രകടമായ ജാതിവിവേചനമാണ് ഇവിടെ നടന്നത്. കുഞ്ഞപ്പൻ ജാതി പ്രമാണിയുടെ ഭീഷണിക്കു മുന്നിൽ മുട്ടുമടക്കിയിരുന്നെങ്കിലോ?

എറണാകുളം ജില്ല കേരളത്തിലെ സ്മാർട്ട് ജില്ലയാണല്ലോ. അവിടെ നടന്ന സംഭവമാണ്, അതും 2011 ജനുവരിയിൽ നടന്ന സംഭവമാണ് ഇപ്പറഞ്ഞത്.




ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പു കഴിഞ്ഞ സമയമാണ്. പട്ടികജാതി സംവരണ വാർഡ് ഇക്കുറി മുസ്ലീം ഭൂരിപക്ഷമുള്ള

www.malankaralibrary.com

വാർഡിലാണ്. കോൺഗ്രസിന്റെയും ഇടതുപക്ഷത്തിന്റെയും സ്ഥാനാർത്ഥികൾ മിടുക്കരും അഭ്യസ്തവിദ്യരുമായ ദളിത് യുവാക്കൾ. പുതിയൊരു മുസ്ലീം സംഘടനയുടെ സ്ഥാനാർത്ഥിയുമുണ്ട്. സ്ഥലത്തെ മുസ്ലീം കുടുംബങ്ങളിലെ ആശ്രിതനായ ഒരു നിരക്ഷര ദളിതൻ. "പഠിപ്പുള്ളവൻ ജയിച്ചാൽ ഞമ്മളെ വകവയ്ക്കൂലാ, ആ പാവപ്പെട്ടവനെ ജയിപ്പിച്ചാ മതി" എന്നായിരുന്നു മുസ്ലീം സംഘടനാ സ്ഥാനാർത്ഥിയുടെ പ്രവർത്തകർ പ്രചരണത്തിൽ പറഞ്ഞത്. തെരഞ്ഞെടുപ്പു ഫലം വന്നപ്പോൾ അഭ്യസ്തവിദ്യരായ രാഷ്ട്രീയ പ്രതിനിധികൾ തോറ്റു. ആശ്രിതൻ ജയിച്ചു. കണ്ടില്ലേ... ജാതി ചീഞ്ഞുനാറുന്നത് ഇങ്ങനെയൊക്കെയാണ്.

തെരഞ്ഞെടുക്കപ്പെട്ട ദളിത് പ്രസിഡണ്ടുമാരെ ഗ്രാമസഭയിൽപ്പോലും ജാതിപ്പേരു വിളിച്ച് സംബോധന ചെയ്യുന്ന കാഴ്ച കേരളത്തിലെ പല പ്രദേശങ്ങളിലും സാധാരണയാണ്. തീരെ പ്രതീക്ഷിക്കാതെ പ്രസിഡണ്ടായ ദളിതന് ആ ആക്ഷേപത്തിൽ ഒട്ടും ലജ്ജയില്ല, ചുറ്റും കൂടിനിൽക്കുന്നവർക്കുമില്ല. അതാണ് സാക്ഷരകേരളത്തിലെ ജാതിയവസ്ഥ!

www.malankaralibrary.com

# സർക്കാർ ആനുകൂല്യങ്ങൾ

ത്രിതല പഞ്ചായത്തുകൾ നിലവിൽ വന്നതോടെ ധാരാളം പണം വികസന പ്രവർത്തനങ്ങൾക്കായി വിതരണം ചെയ്യപ്പെടുന്നുണ്ട്. ദേശീയ സംസ്ഥാന സർക്കാർ ഖജനാവുകളിൽ നിന്നുള്ള പണത്തിനു പുറമേ, ത്രിതല പഞ്ചായത്തുകളുടെ വിഹിതവും കൂടിയാകുമ്പോൾ ധാരാളം പണമായി. പക്ഷേ, ഈ പണമൊക്കെ എവിടേക്കാണ് പോകുന്നത്? അർഹതപ്പെട്ടവർക്കാണോ ഇതിന്റെ ഗുണഫലം കിട്ടുന്നത്?

ഓരോ മാർച്ച് മാസം കഴിയുമ്പോഴും പത്രങ്ങളിൽ ആവർത്തിക്കാറുള്ള ഒരു വാർത്തയാണ്. വികസനഫണ്ട് ലാപ്സായി, വകമാറ്റി ചെലവഴിച്ചു എന്നൊക്കെ. എന്താണ് ഈ വാർത്തകളുണ്ടാവാൻ കാരണം?

പട്ടികജാതി ക്ഷേമവുമായി ബന്ധപ്പെട്ടാണ് ഇത്തരം വാർത്തകൾ സാധാരണയായി കേൾക്കാറ്.

പട്ടികജാതി ക്ഷേമമെന്നാൽ നാല്പതു ചതുരശ്ര മീറ്ററുള്ള ഒരു വീടുവയ്ക്കാൻ പണം കൊടുക്കുന്നതോ, ഏതാനും കോഴികളെ നൽകുന്നതോ ഒക്കെയാണല്ലോ. ഇതിനൊന്നും ഗുണഭോക്താക്കളെ കിട്ടാത്തതിന് പല കാരണങ്ങളുണ്ട്.

ഒന്നാമത്, വീട് എന്നത് എല്ലാവരുടെയും സ്വപ്നമാണ്. പ്രത്യേകിച്ച് ആഡംബരങ്ങളുടെ ഇക്കാലത്ത്. എത്ര ദരിദ്രനായാലും നല്ലൊരു വീട് സ്വപ്നം കാണുന്നവരാണ് എല്ലാവരും. ഭാവനയിലെ കുഞ്ഞുവീടിനുവേണ്ടി സർക്കാരാഫീസുകൾ കയറിയിറങ്ങി ലഭിക്കുന്ന ധനസഹായം കൊണ്ട് സർക്കാർ പറയുന്ന രീതിയിൽ വീടുപണിയുകയെ

www.malankaralibrary.com

ന്നത് അവനെ സംബന്ധിച്ചിടത്തോളം ദുഷ്കരമാണ്.

ഇവരിൽ പലരും അന്നന്നു പണിയെടുത്തു ജീവിക്കുന്നവരാണ്. അവർക്ക് കാര്യമായ സമ്പാദ്യം ഉണ്ടാവില്ല. അനുവദിക്കപ്പെട്ട തുകയ്ക്ക് വീട് പണിയുമെന്ന് ഉറപ്പിക്കാനാണ് വീടിന്റെ വിസ്തീർണ്ണത്തിന്റെ കാര്യത്തിൽ സർക്കാർ ചില നിബന്ധനകൾ വച്ചത്. ഇതുപക്ഷേ, സർക്കാർ സ്പോൺസേർഡ് എന്ന ലേബലൊട്ടിക്കുന്നതുപോലെയാവും. എല്ലാ വീടുകളും ഒരേ പ്ലാനിൽ, ഒരേ വലിപ്പത്തിൽ. ആ തീരുമാനം പുന:പരിശോധിക്കേണ്ടതാണ്. വീട് എങ്ങനെയുള്ളതായിരിക്കണം എന്നു തീരുമാനിക്കാനുള്ള അവകാശം ഗുണഭോക്താവിനു നൽകുകയല്ലേ ഉചിതം? നിർമ്മാണം പൂർത്തിയാക്കാതിരുന്നാൽ കർശനനടപടികളെടുത്താൽ പോരേ?

മുമ്പ് ദളിത് സമൂഹങ്ങൾക്ക് സർക്കാർ നൽകുന്ന പല ആനുകൂല്യങ്ങളും അവർ ഉപയോഗപ്പെടുത്തിയിരുന്നില്ല. എന്നാൽ സ്ഥിതിയാകെ മാറിയിരിക്കുന്നു. പട്ടികവിഭാഗത്തിനു നൽകുന്ന ആനുകൂല്യങ്ങൾ, ആടോ കോഴിയോ വളം സബ്സിഡിയോ എന്തുമാകട്ടെ അവർ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നുണ്ട്, ഇപ്പോൾ.

ദളിത് വിദ്യാർഥികളുടെ പഠനകാര്യങ്ങളിലും തൊഴിൽ കണ്ടെത്താൻ സഹായിക്കലിലുമാണ് പട്ടികജാതി/വർഗ വികസന വകുപ്പ് ഇനി കൂടുതൽ ശ്രദ്ധിക്കേണ്ടതെന്നു തോന്നുന്നു. നാളത്തെ തലമുറയെ വാർത്തെടുക്കേണ്ട ഉത്തരവാദിത്തം സർക്കാരിനുണ്ട്. അഭ്യസ്തവിദ്യനായ ഒരാളും തൊഴിലില്ലാതെ നരകിക്കുന്ന അവസ്ഥ കേരളത്തിലുണ്ടാവരുത്. അതിനുള്ള തീവ്രയത്ന പരിപാടികൾ സർക്കാരിന്റെ നേതൃത്വത്തിൽ ആരംഭിച്ചേ തീരൂ.

സർക്കാർ സ്കൂളുകളിൽ ദളിത് കുട്ടികൾ മാത്രമാണ് പഠിക്കുന്നത് എന്ന അവസ്ഥ വന്നിട്ടുണ്ട്. സർക്കാർ വിദ്യാലയങ്ങളിലെ പഠനനിലവാരം മെച്ചപ്പെടുത്തുകയോ മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്ന സ്കൂളുകളിൽ അവർക്ക് സീറ്റ് സംവരണം ഏർപ്പെടുത്തുകയോ വേണം.

അന്യം നിന്നുപോകുന്ന കുലത്തൊഴിലുകൾ സംരക്ഷിക്കപ്പെടണം. ഈറ്റ, മുള, കാട്ടുവള്ളി ഉല്പന്നങ്ങൾക്ക് വിപണന സൗകര്യങ്ങളൊരുക്കി ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് തൊഴിൽ ചെയ്തു ജീവിക്കാൻ അവസരമുണ്ടാക്കണം. കോളനി പ്രദേശങ്ങളിൽ സാധാരണ ജീവിതം സാധ്യമാകുന്ന തരത്തിൽ സർക്കാരിന്റെ ഇടപെടലുകളുണ്ടാവണം. അത്തരം

www.malankaralibrary.com

സ്ഥലങ്ങളിലെ മാഫിയാ ശക്തികേന്ദ്രങ്ങൾക്ക് തടയിടണം. തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ഇക്കാര്യത്തിൽ ഗവൺമെന്റുകൾ കാര്യമായ ചർച്ചകൾ നടത്തേണ്ടതുണ്ട്.

കൊല്ലം വർക്കലയിലെ ഡി.എച്ച്.ആർ.എം. കേസ് പട്ടികജനസമൂഹത്തെ പാർശ്വവൽക്കരിക്കുന്നതിന്റെ ഉത്തമോദാഹരണമാണ്. ദളിത് ആവാസകേന്ദ്രങ്ങളിൽ സർക്കാരിന്റെ നേരിട്ടുള്ള സന്നദ്ധപ്രവർത്തനങ്ങൾ ആവശ്യമാണെന്നാണ് വർക്കലയിലെ പട്ടികജാതി കോളനികളിലെ ജീവിതം ചൂണ്ടിക്കാണിക്കുന്നത്. ദളിത് കോളനികളിലെ അന്തേവാസികൾക്ക് അന്തസ്സായ ജീവിതമൊരുക്കുന്നതിൽ ബന്ധപ്പെട്ട അധികൃതർ പരാജയപ്പെട്ടു എന്നതിനു തെളിവാണ് ഡി.എച്ച്.ആർ.എം. സേനയുടെ ഉദയം.

വർക്കലയിലെ കോളനി വാസികൾ താമസിക്കുന്ന സ്ഥലം നിലവിൽ പുറമ്പോക്കാണ്. കൈവശാവകാശരേഖ മാത്രമുള്ള ആ സ്ഥലം എപ്പോൾ വേണമെങ്കിലും സർക്കാരിന് തിരിച്ചുപിടിക്കാം. മാത്രമല്ല, അവിടെ താമസിക്കുന്നവർക്ക് കുടിവെള്ളം പോലും എത്തിച്ചുകൊടുക്കാൻ ഭരണാധികാരികൾക്ക് ആയിട്ടില്ല. മലയാളം വാരിക (നവമ്പർ 20,2009) റിപ്പോർട്ട് ചെയ്തതു വായിച്ചാൽ അവിടത്തെ ജീവിത ഭീകരത വ്യക്തമാവും. നിത്യോപയോഗത്തിന് ആശ്രയിക്കുന്ന ജലാശയത്തിന്റെ ചിത്രം മലയാളം വാരിക അച്ചടിച്ചു ചേർത്തിട്ടുണ്ട്. കന്നുകാലികൾക്കു പോലും താമസിക്കാൻ ബുദ്ധിമുട്ടാവുന്ന അത്തരമൊരു ജീവിത പശ്ചാത്തലത്തിൽ ജീവിക്കുന്ന സാധു മനുഷ്യരെയാണ് പരിഷ്കൃത ലോകം ഭീകരരെന്നു മുദ്രകുത്തി പീഡിപ്പിക്കുന്നത്.

ഭവനരഹിതർക്ക് സ്ഥലം വാങ്ങി വീടുവയ്ക്കാൻ പട്ടികജാതി ക്ഷേമ വകുപ്പ് ഇപ്പോൾ അനുവദിക്കുന്നത് ഒന്നരലക്ഷം രൂപയാണ്. ഒന്നര ലക്ഷം രൂപയ്ക്ക് ഒരു സെന്റ് സ്ഥലം പോലും കിട്ടാത്ത സ്ഥിതിയാണ് ഇന്നുള്ളത്. ഈ തുക കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഇതേവരെ പരിഗണിക്കപ്പെട്ടിട്ടില്ല.

മറ്റൊന്ന്, ദളിതർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ മാത്രം അവികസിതമായി തുടരുന്നു എന്നതാണ്. പരമ്പരാഗതമായി ഉൾപ്രദേശങ്ങളിൽ താവളമുറപ്പിച്ചവരാണവർ. ഒരു പക്ഷേ, മുൻകാലങ്ങളിൽ അപരിഷ്കൃത ജീവിതം കാരണം അവർ ഉൾപ്രദേശങ്ങളിലേക്ക് പിന്തള്ളപ്പെട്ടതാകാം. എന്നാൽ, കാലം മാറി. ആളുകളുടെയും സമൂഹത്തി

www.malankaralibrary.com

ന്റെയും ജീവിത പശ്ചാത്തലം മാറി. റോഡും വെളിച്ചവും വീടും പത്രാസുമെല്ലാം എല്ലാവരുടെയും അവകാശമായി. പക്ഷേ, പട്ടികജാതി മേഖലകളെ സംബന്ധിച്ചിടത്തോളം ഇതെല്ലാം വെറും വാഗ്ദാനങ്ങളാവുകയാണ്. ഈ മേഖലകളിലേക്ക് വഴിവെട്ടുന്ന കാര്യം വരുമ്പോൾ തടസം പിടിക്കുന്ന പുരോഗമനക്കാർ എപ്പോഴും സവർണരാണ്.

ഗ്രാമപ്രദേശങ്ങളിലെ പല പട്ടികജാതി മേഖലകളിലും ഈ അവസ്ഥ നിലനിൽക്കുന്നു. എന്നു മാത്രമല്ല, ഏതെങ്കിലും വിധേന, പട്ടികജാതി മേഖലകളിലേക്ക് റോഡോ വൈദ്യുതിയോ അനുവദിക്കപ്പെട്ടാൽ അത് നാട്ടിലുള്ള ഇതരവിഭാഗങ്ങൾക്കുകൂടി ഉപകരിക്കുന്ന വിധത്തിൽ വഴി തിരിച്ചു കൊണ്ടുവന്ന് സർക്കാരിന് ഇരട്ടി നഷ്ടമുണ്ടാക്കുന്ന പ്രവണതയും കാണാം. ഇതിന് തദ്ദേശ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂട്ടുനിൽക്കുകയും ചെയ്യുന്നു.

ഒരിക്കലും ഉണങ്ങാത്ത ഒരു മുറിവാണ് ജാതി. അവസരം കിട്ടുമ്പോൾ ആ മുറിവ് കൂടുതൽ വലുതാക്കാനും വേദനിപ്പിക്കാനും മുന്തിയ ജാതികൾക്ക് ഹരമാണ്. മുറിവുണങ്ങാൻ വേണ്ടത് അനുകൂലമായ കാലാവസ്ഥയും സ്വാസ്ഥ്യവുമാണ്. ജാതിമൂലം അധഃസ്ഥിത ജനതയ്ക്കുണ്ടായ മാനസികവും സാമൂഹ്യവുമായ മുറിവുണക്കുകയാണ് ഭരണഘടനാപരമായ പരിഗണനകളുടെ കടമ. അക്കാരണം കൊണ്ടാണ് പട്ടികവിഭാഗങ്ങൾക്കുള്ള ഭരണഘടനാപരമായ പരിഗണനകളെ സവർണസമൂഹം അടിമുടി എതിർക്കുന്നതും.

സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം ആറുപതിറ്റാണ്ടുകൾ പിന്നിട്ടിട്ടും അധ:സ്ഥിത സമൂഹത്തിന്റെ അവസ്ഥയിൽ കാര്യമായ വ്യതിയാനങ്ങൾ വന്നിട്ടില്ല. വിവിധ സർക്കാരുകൾ പട്ടിക വിഭാഗങ്ങൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിയത് വിവിധ രൂപത്തിലാണ്. ഈ വിഭാഗത്തിനായി നൂറുരൂപ ചെലവഴിക്കുമ്പോൾ നൂറുരൂപയും അവർക്കു തന്നെ ലഭ്യമാകുന്നുവെന്ന് ഉറപ്പിക്കാൻ സർക്കാരിനു കഴിയുന്നില്ല. നിരക്ഷരരും അപരിഷ്കൃതരുമായ ഇവർക്ക് സർക്കാർ ആനുകൂല്യങ്ങളിൽ പലതും പൂർണ്ണമായി അനുഭവിക്കാനും കഴിയുന്നില്ല. സർക്കാർ ഉദ്യോഗതലങ്ങളിലുള്ള ഇടത്തട്ടുകാർക്ക് വിഹിതം നൽകിയ ശേഷം പത്തോ ഇരുപതോ ശതമാനം മാത്രമേ ഗുണഭോക്താവിന്റെ കയ്യിലെത്തുന്നുള്ളൂ. പട്ടികജാതി മേഖലയിലെ ക്ഷേമപ്രവർത്തനങ്ങൾ പാതിവഴിയിൽ നിന്നുപോവാൻ കാരണമിതാണ്.

www.malankaralibrary.com

സർക്കാർ ആനുകൂല്യങ്ങൾ സ്വീകരിക്കുന്നവർ അത് ഫലപ്രദമായി വിനിയോഗിക്കാൻ ബാധ്യസ്ഥരാണ്. അവർ അതു ചെയ്യുന്നുണ്ടെന്നു ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ബാദ്ധ്യതയുണ്ട്.

ക്ഷേമപദ്ധതികൾ ദുരുപയോഗപ്പെടുത്താനും തിരിച്ചടയ്ക്കേണ്ട വായ്പകളും മറ്റും തിരിച്ചടയ്ക്കാതിരിക്കാനുമുള്ള പ്രവണത നിലവിലുണ്ട്. കൃത്യമായ തവണ തിരിച്ചടവിനു പ്രേരിപ്പിക്കുകയും അനുവദിക്കപ്പെട്ട സാമ്പത്തിക സഹായങ്ങൾ ഗുണഭോക്താവ് ലാഭകരമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യാത്തതു കൊണ്ടാണിത്. ക്ഷേമ പദ്ധതികൾ അനുവദിച്ചാൽ മാത്രം പോരാ, അതിന്റെ ഗുണഫലങ്ങൾ സമൂഹത്തിനു ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ട ബാദ്ധ്യതയും സർക്കാർ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാക്കണം. അതോടൊപ്പം ഇങ്ങനെ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ഗുണഭോക്താക്കളെ പീഡിപ്പിക്കാതിരിക്കാനും അവരിൽ നിന്ന് കൈക്കൂലി പിടുങ്ങാതിരിക്കാനും ജാഗ്രതയുണ്ടാവണം.

www.malankaralibrary.com

## സംഗ്രഹം

400 ഭാഷകളിലായി 4000ൽ പരം പത്രങ്ങൾ പ്രസിദ്ധീകരിക്കുന്ന ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ ജന സംഖ്യയുടെ എഴുപതു ശതമാനം വരുന്ന അധഃസ്ഥിത ജനതയുടെ ശബ്ദം പ്രതിനിധീകരിക്കുന്നില്ല എന്ന കെന്നത്ത് കൂപ്പറിന്റെ പ്രസ്താവം ഇപ്പോഴും അതേപടി നിലനിൽക്കുകയാണ്. മാധ്യമങ്ങളിൽ ദളിതർക്ക് അവസരം നിഷേധിക്കപ്പെടുന്നു എന്നത് നഗ്ന യാഥാർഥ്യമാണ്. അവ സരംലഭിച്ചവർക്ക് അവിടെ തുടരാനും കഴിയുന്നില്ല. പത്തു വർഷത്തി ലേറെക്കാലം മാധ്യമപ്രവർത്തനം നടത്തിയശേഷം നിവൃത്തിയില്ലാതെ രംഗം വിട്ട രണ്ടോമൂന്നോ ദളിത് പത്ര പ്രവർത്തകരുടെ ദുരവസ്ഥ ഈ അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്.

സഹപ്രവർത്തകരുടെ പക്ഷത്തുനിന്നുള്ള നീച വിവേചനങ്ങളെ ചെറുത്ത് പത്തുവർഷക്കാലം അവർ മാധ്യമരംഗത്തു നിന്നത് ഈ മേഖ ലയിൽ അവർക്ക് അഭിരുചി ഉണ്ടായിരുന്നതുകൊണ്ടാണ്. പക്ഷേ, മാനേ ജുമെന്റിന്റെ വിവേചനങ്ങളും സഹപ്രവർത്തകരുടെ തരംതാഴ്ത്തലു കളും അവരെ രംഗത്തുനിന്ന് ഉൾവലിയാൻ നിർബന്ധിതരാക്കുകയാ യിരുന്നു. അവർ കടുത്ത പ്രതിസന്ധിയിലും മാനസിക പീഡയിലുമാ ണിപ്പോൾ എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്.

പണ്ട് ചിത്തിര തിരുനാൾ മഹാരാജാവ് ക്ഷേത്ര പ്രവേശന വിളം ബരം നടത്തിയതുപോലെ മാധ്യമ രംഗത്തേക്കും ഒരു പ്രവേശന വിളം ബരം നടത്താൻ ഭരണാധികാരികൾ തീരുമാനമെടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ദളിത് പ്രശ്നങ്ങളെ നിസ്സാരമായിക്കാണുന്ന മാധ്യമ മനോഭാവവും മാറേണ്ടിയിരിക്കുന്നു. പരിശീലനം കിട്ടിയാൽ ഏതൊരാൾക്കും പത്ര

www.malankaralibrary.com

പ്രവർത്തനത്തിൽ വിദഗ്ധരാവാമെന്നാണ് കുറച്ചുനാളത്തെ മാധ്യമ പ്രവർത്തനം കൊണ്ട് ഈ ലേഖകനു മനസ്സിലാക്കാൻ കഴിഞ്ഞത്. അതിനവസരം നൽകാതെ കുറെപ്പേർക്ക് അയിത്തം കൽപ്പിക്കുന്ന മന:സ്ഥിതി മാധ്യമ സമൂഹം പുന:പരിശോധിക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com

## സഹായക ഗ്രന്ഥങ്ങൾ

1. അംബേദ്കർ

പോൾ ചിറക്കാരോട്, ദലിത് ബുക്സ് തിരുവല്ല.

2. ഗോത്ര സത്യങ്ങൾ

ടിവി. അച്യുത വാര്യർ, ആൾട്ടർ മീഡിയ, തൃശൂർ

3. ദലിതരുടെ ജീവിതം

ലിജി കെ.ആർ.,കുരുക്ഷേത്ര പ്രകാശൻ

4. പത്രം ധർമം നിയമം

എൻ.പി. രാജേന്ദ്രൻ, വ്യൂ പോയ്ന്റ്

5. കേരള നവോദ്ഥാനം 3ാം സഞ്ചിക

പി. ഗോവിന്ദപ്പിള്ള, ചിന്ത പബ്ളിഷേഴ്സ്

6. ഇന്ത്യൻ ന്യൂസ് പേപ്പർ റവല്യൂഷൻ

റോബിൻ ജെഫ്രി

7. ഭൂമിയുടെ ജാതിയും രഷ്ട്രീയവും

കെ. എം. സലീം കുമാർ

8. ഹൈന്ദവ ഫാസിസത്തിന്റെ വിപത് സൂചനകൾ

സണ്ണി എം കപിക്കാട്

9. അടി തെറ്റുന്ന പിന്നോക്ക പ്രീണനം

അരുൺഷൂരി

10. മാധ്യമ നിരീക്ഷണം

പോൾ മണലിൽ, കറന്റ് ബുക്സ്

11. ഫോർത്ത് എസ്റ്റേറ്റിന്റെ മരണം

എൻ.പി. രാജേന്ദ്രൻ

12. ആഖ്യാനത്തിന്റെ അപരസ്ഥലികൾ

www.malankaralibrary.com

13. അയ്യങ്കാളിക്ക് ആദരവോടെ
ചെറായി രാമദാസ്, സിഐസിസി

14. പട്ടിക വിഭാഗ സംവരണവും സുപ്രീ കോടതി വിധികളും
പട്ടികജാതി വർഗ അവകാശ സമരസമിതി

15. പട്ടിക വിഭാഗങ്ങളുടെ സമകാലിക പ്രശ്നങ്ങളും
പരിഹാര മാർഗങ്ങളും
ഡോ. എം.കെ. കണ്ടോരൻ

16. അനർഹമായ പട്ടികജാതിവത്കരണം
അഡ്വ. കെ.വി. കുമാരൻ

17. ഗോത്രപ്പെരുമ
ഡോ. എസ്. പ്രശാന്ത് കൃഷ്ണൻ , പായൽ ബുക്സ് കണ്ണൂർ

18. സച്ചാർ പാനലും രംഗനാഥമിശ്ര കമ്മിഷൻ റിപ്പോർട്ടും ഒരു അവലോകനം.
സി. എസ്. ദാസ് ഐ. പി. എസ്.

18. വിവിധ ദിനപത്രങ്ങളും ആനുകാലികങ്ങളും

www.malankaralibrary.com

www.malankaralibrary.com



**പി. കെ. വേലായുധൻ**

വിവിധ മാധ്യമ സ്ഥാപനങ്ങളിൽ നിന്ന്
വിജയകരമായി പഠനം പൂർത്തിയാക്കിയ
ദളിത് വിദ്യാർത്ഥികൾക്ക് മാധ്യമ സ്ഥാപനങ്ങൾ
ഇന്നും അയിത്തം കൽപിക്കുകയാണെന്ന്
ഗ്രന്ഥകാരൻ.

ദളിത് വിഷയങ്ങൾ അവഗണനയോടെ കൈകാര്യം
ചെയ്യുകവഴി, ദളിത് നവോത്ഥാനത്തിൽ
മാധ്യമപ്രവർത്തകരുടെ പങ്ക്
നിർവഹിക്കപ്പെടാത്തതിലുള്ള പരിഭവം കൂടിയാണ്
ഈ പുസ്തകം

Kerala Press Academy
Kakkanad, Cochin

www.malankaralibrary.com